# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 09 നവംബർ - 2018 ലക്കം 11**

ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ ................................................ 05
പുരോഹിതനും പ്രാർത്ഥനാ ജീവിതവും .................. 12
രൂപതാകച്ചേരി വാർത്തകൾ ...................................... 19
*New Address & Phone Number* .................................. 21
വൈദികരുടെ മാസധ്യാനം ...................................... 21
കുടുംബകൂട്ടായ്മ ...................................................... 23
യുവജനവർഷം .......................................................... 29
മതബോധനരംഗം ...................................................... 32
ചെറുപുഷ്പമിഷൻലീഗ് ................................................ 35
*Department of Youth Ministry* ........................................... 41
കെ.സി.വൈ.എം. ........................................................ 42
കുടുംബപ്രേഷിതത്വം ................................................... 45
സീയോൻ വാർത്തകൾ ................................................ 51
കത്തോലിക്കാ കോൺഗ്രസ് ........................................ 53
വിൻസെന്റ് ഡി പോൾ സൊസൈറ്റി .......................... 55
സാമൂഹ്യ സേവനരംഗം (WSSS) ..................................... 58
റേഡിയോ മാറ്റൊലി ................................................... 61
നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി ...................... 67
ജയിൽ മിനിസ്ട്രി ...................................................... 69
*Mary Matha Arts & Science College* .................................... 70
*CEADOM* വിദ്യാഭ്യാസമേഖല ........................................ 71
ഡി.എഫ്.സി. ............................................................. 74
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ..................................... 76
ബിഷപ്സ് പ്രോഗ്രാം .................................................... 77

Ref: 3150/K-5/KCBC/OL/DS

## കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

മാംസംധരിച്ച വചനമായ യേശുവിനെ എതിരേൽക്കാനുള്ള ഒരുക്കത്തിലാണ് നാമെല്ലാം. അവിടുത്തെ രക്ഷയുടെ സന്ദേശം ഏറ്റുവാങ്ങി, നാം ജീവിക്കുന്ന സമൂഹത്തിൽ ഈ സദ്വാർത്തയുടെ പ്രേഷിതരായിതീരാൻ യേശു നമ്മെ ക്ഷണിക്കുന്നു. തിരുപ്പിറവിയുടെ ആഘോഷം, ദൈവമക്കളായ നാം വിശുദ്ധിയിലേക്കു വളരണമെന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ്. മനുഷ്യാവതാരത്തിലൂടെ വിശുദ്ധിതന്നെയായ ദൈവം നമ്മിൽ ഒരുവനാകുക മാത്രമല്ല, വിശുദ്ധിയിലേക്കുള്ള വാതിൽ നമുക്കായി മലർക്കേ തുറന്നിടുക കൂടിയാണ് ചെയ്യുന്നത്. വിശുദ്ധിയിലേക്കുള്ള ക്രിസ്തുശിഷ്യന്റെ യാത്രയിലെ മാർഗദീപമാണ് ബൈബിൾ. ഓരോ വിശ്വാസിയും വിശുദ്ധിയിലൂടെ മുന്നേറുന്നതിന് പ്രായോഗികവും ലളിതവുമായ മാർഗങ്ങൾ നിർദേശിക്കുന്ന ഫ്രാൻസിസ് പാപ്പയുടെ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക ആഹ്വാനത്തിന്റെ പശ്ചാത്തലത്തിൽ *വിശുദ്ധഗ്രന്ഥവും വിശുദ്ധിയും* നമ്മുടെ പരിചിന്തനത്തിനു വിഷയമാക്കാം.

**പരിശുദ്ധനായ ദൈവവും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ട ജനവും**

ബൈബിളിൽ ദൈവത്തിന്റെ സ്വഭാവം വിവരിക്കുന്ന ഏറ്റവും പ്രധാന വിശേഷണമാണ് 'പരിശുദ്ധനായവൻ'. സിംഹാസനത്തിൽ ഉപവിഷ്ടനായ കർത്താവിനു ചുറ്റും നില്ക്കുന്ന സെറാഫുകൾ 'പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ' എന്ന് ഉദ്ഘോഷിക്കുന്നത് ഏശയ്യാ പ്രവാചകൻ ദർശനത്തിൽ കാണുന്നുണ്ട് (ഏശ 6,3; cf. വെളി 4,8). 'പരിശുദ്ധനായവൻ' എന്നാണ് യേശു തന്റെ

അന്തിമ പ്രഭാഷണത്തിൽ പിതാവിനെ വിളിക്കുന്നതും (യോഹ 17,11). ദൈവസുതനായ യേശുവിനും പുതിയ നിയമം ഈ വിശേഷണം തന്നെയാണ് നല്കുന്നത്. യേശുവാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ശിമയോൻ പത്രോസിന്റെ അധരങ്ങളിലൂടെ ദൈവവചനം സാക്ഷ്യപ്പെടുത്തുന്നു (യോഹ. 6,69). സഭകളിൽ സന്നിഹിതനായിരിക്കുന്ന ഉത്ഥിതനായ യേശുവിനെ 'പരിശുദ്ധനും സത്യവാനു'മെന്ന് യോഹന്നാൻ വിശേഷിപ്പിക്കുന്നുണ്ട് (വെളി. 3,7). ത്രിത്വത്തിലെ മൂന്നാമത്തെ ആളിനെ പുതിയനിയമം വിളിക്കുന്നതും 'പരിശുദ്ധാത്മാവ്' എന്നാണല്ലോ (മത്താ. 1,18; മർക്കോ. 1,8; ലൂക്കാ 1,15; യോഹ. 20,22). പരിശുദ്ധിതന്നെയായ ത്രിയേക ദൈവത്തിന്റെ രഹസ്യത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ വിശുദ്ധ ഗ്രന്ഥം നമ്മെ സഹായിക്കുന്നു.

ദൈവത്തിന്റെ ഏറ്റവും പ്രധാന സ്വഭാവം പരിശുദ്ധിയാണെങ്കിൽ, ഈ വിശുദ്ധിയിൽ എത്തിച്ചേരുകയാണ് ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ലക്ഷ്യം. പരിശുദ്ധിതന്നെയായ ദൈവത്തിന്റെ സ്വന്തം ജനം വിശുദ്ധിയിൽ വ്യാപരിക്കണമെന്ന സന്ദേശം ബൈബിളിൽ നിറഞ്ഞുനില്ക്കുന്നു. കർത്താവായ ദൈവം ഇസ്രായേൽ ജനത്തോട് അരുൾ ചെയ്യുന്നു: "നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ. എന്തെന്നാൽ, നിങ്ങളുടെ കർത്താവും ദൈവവുമായ ഞാൻ പരിശുദ്ധനാണ്" (ലേവ്യ. 19,2). ദൈവം തന്റെ ജനത്തിന്റെ മധ്യേ വസിക്കുന്നതിനാൽ അവർ വിശുദ്ധ ജനമായിരിക്കണമെന്ന് നിയമാവർത്തന ഗ്രന്ഥവും പറയുന്നു (നിയ. 7,6; 26,19; ജറെ. 2,3).

പുതിയനിയമത്തിലേക്കു വരുമ്പോൾ, ദൈവജനത്തിന്റെ വിശുദ്ധിക്ക് പുതിയൊരു മാനം സിദ്ധിക്കുന്നു. മനുഷ്യാവതാരത്തിലൂടെ നമ്മിലൊരുവനായിത്തീർന്ന യേശുക്രിസ്തുവിലാണ് പുതിയ വിശുദ്ധജനം രൂപവത്കരിക്കപ്പെടുന്നത് (അപ്പ. 4,30.31). നാമെല്ലാം യേശുക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ടവരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരുമാണെന്ന് പൗലോസ് ശ്ലീഹാ കോറിന്തോസിലെ സഭാതനയർക്കെഴുതുന്നു (1 കോറി. 1,2). ക്രിസ്തുവിൽ രൂപവത്കരിക്കപ്പെട്ട വിശ്വാസി സമൂഹത്തെ പത്രോസ്ശ്ലീഹാ വളരെ ചേതോഹരമായി വിശേഷിപ്പിക്കുന്നുണ്ട്: "നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനതയുമാണ്" (1 പത്രോ. 2,9). യേശുവിൽ വിശ്വസിക്കുന്നതു വഴി ദൈവമക്കളാകാൻ കഴിവു ലഭിക്കുന്നവരുടെ (യോഹ. 1,12) മുഖമുദ്രയാണ് വിശുദ്ധി.

**ദൈവജനം വിശുദ്ധിയുടെ പാതയിൽ**

വിശുദ്ധിതന്നെയായ ദൈവം ഉടമ്പടിയിലൂടെ സ്വന്തമാക്കുന്ന ജനത്തെ (പുറ. 24,4–8) വിശുദ്ധിയിലേക്കു വിളിക്കുകയും നയിക്കുകയും ചെയ്യുന്നതിന്റെ വിവരണങ്ങൾ ബൈബിളിൽ നിറഞ്ഞുനില്ക്കുന്നു. വിശുദ്ധരുടെ ജീവിതകഥകൾ എന്നതിനെക്കാൾ ദൈവജനത്തെ വിശുദ്ധരാക്കിത്തീർക്കുന്നതിന്റെ വിവരണങ്ങളെന്ന് ബൈബിളിനെ വിളിക്കുന്നതാണ് ഉത്തമം. വിശുദ്ധഗ്രന്ഥത്തിലെ വലിയ കഥാപാത്രങ്ങൾ എന്നു നാം വിളിക്കുന്നവരുടെ ജീവിതത്തിലെ വീഴ്ചകളും കുറവുകളും ഇതിൽ പരാമർശിക്കപ്പെടുന്നുണ്ട്. പക്ഷേ, ജീവിതത്തിലെ ഈ ന്യൂനതകളെയെല്ലാം അതിജീവിച്ച്, വിശുദ്ധിയുടെ പാതയിലൂടെ അവർ മുന്നേറുന്നത് ബൈബിൾ നമ്മുടെ മുന്നിൽ ചിത്രീകരിക്കുന്നു.

വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന്റെ കഥ ഇതിന് ഉത്തമോദാഹരണമാണ്. 'നീ ഒരു അനുഗ്രഹമായിരിക്കും' (ഉത്പ. 12,2) എന്ന ദൈവികാശീർവാദം ലഭിക്കുന്ന അബ്രാഹം പിന്നീട് ദൈവത്തിന്റെ വഴികളിൽനിന്ന് ഇടറിമാറുന്നത് നാം കാണുന്നുണ്ട്. സ്വന്തം ജീവൻ രക്ഷിക്കാൻവേണ്ടി ഫറവോയുടെ മുന്നിൽ സാറാ സഹോദരിയാണെന്നു പറയാൻ അബ്രാഹം ആവശ്യപ്പെടുന്നു (ഉത്പ. 12,11–16). വഞ്ചനയിലൂടെ സഹോദരന്റെ അവകാശം തട്ടിയെടുക്കുന്ന യാക്കോബിനെയും (ഉത്പ. 27,18–29) ബൈബിൾ ചിത്രീകരിക്കുന്നുണ്ട്. ദൈവത്തിന്റെ കരുണയുടെ അരുവിയിലാണ് ഇവരുടെ കളങ്കങ്ങൾ കഴുകിക്കളയപ്പെടുന്നത്. 'അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവ'മെന്ന് സുവിശേഷങ്ങൾ പറയുമ്പോൾ (മത്താ. 22,32; മർക്കോ. 12,26; ലൂക്കാ 20,37) ദൈവം ഈ പൂർവ്വപിതാക്കന്മാരുടെ കുറവുകൾ കഴുകി വിശുദ്ധീകരിച്ച് അവരെ തന്റെ മഹത്വത്തിൽ പങ്കുകാരാക്കി എന്നർത്ഥം. 'സ്നേഹിതനോടെന്നപോലെ കർത്താവു മുഖാഭിമുഖം സംസാരിച്ചിരുന്നു' (പുറ. 33,11) എന്ന് പിന്നീട് വിശേഷിപ്പിക്കപ്പെടുന്നവനാണ് മോശയെങ്കിലും അദ്ദേഹത്തിന്റെ ജീവിതത്തിലെ കുറവുകൾ വിശുദ്ധഗ്രന്ഥം മറച്ചുവയ്ക്കുന്നില്ല. ഒരു ഈജിപ്തുകാരനെ വധിച്ചവനും (പുറ. 2,12) വാക്ചാതുരിയില്ലെന്ന ന്യായംനിരത്തി ദൈവത്തിന്റെ വിളി സ്വീകരിക്കാൻ വിമുഖത പ്രകടിപ്പിക്കുന്നവനുമാണ് (ഉത്പ. 4,10) മോശ. ബൈബിളിലെ ഏറ്റവും മനോഹരങ്ങളായ വിവരണങ്ങളിൽ ഒന്നാണ് ദൈവത്തിൽനിന്ന് ഓടിയകലുന്ന യോനാ പ്രവാചകന്റെ കഥ (യോനാ 1,3). ജീവിതത്തിലെ വീഴ്ചകളിൽനിന്നെല്ലാം എഴുന്നേറ്റ്, കർത്താവിന്റെ വഴി

കളിലൂടെ ചരിച്ച് ഇവരും ബൈബിളിലെ വിശുദ്ധിയുടെ ഉദാത്ത മാതൃക കളായിത്തീരുന്നു.

പുതിയനിയമത്തിലും ഇതിനു സമാനങ്ങളായ വിവരണ ങ്ങളുണ്ട്. ബലഹീനതകളുടെ മനുഷ്യനായാണ് ശിഷ്യഗണത്തിൽ പ്രധാ നിയായ പത്രോസ്ശ്ലീഹാ സുവിശേഷങ്ങളിൽ ഉടനീളം അവതരിപ്പിക്ക പ്പെടുന്നത് (മത്താ 14,30; മർക്കോ 8,33; ലൂക്കാ 22,57.58.60). വിജാതീയ രുടെ അപ്പസ്തോലനായ പൗലോസിനെ നാം കാണുന്നതിനുമുമ്പ് (അപ്പ. 13,47) സഭയെ ഉപദ്രവിച്ചിരുന്ന സാവൂളിനെയാണ് കണ്ടുമുട്ടുന്നത് (അപ്പ. 8,3). പക്ഷേ, ഇവർ ദൈവകൃപയോടു സഹകരിക്കുന്നതുവഴി വിശുദ്ധിയുടെ പടവുകൾ നടന്നുകയറുന്നതു നാം ബൈബിളിൽ വായിക്കുന്നു. മാനുഷിക ബലഹീനതകളുടെ ഊടുവഴിയിലൂടെ വിശു ദ്ധിയിലേക്കുള്ള നമ്മുടെ യാത്രയിൽ നമുക്ക് ആശ്വാസവും ശക്തിയും പകരുന്നതാണ് ഈ വിശുദ്ധഗ്രന്ഥ വിവരണങ്ങൾ.

ദൈവത്തിന് നമ്മെക്കുറിച്ചുള്ള പദ്ധതി നമ്മുടെ വിശുദ്ധീ കരണം തന്നെയാണ് (1 തെസ്സ 4,3). യേശുവാകുന്ന അടിത്തറയിൽ (1കോറി 3,11) നമ്മുടെ ജീവിതം പണിതുയർത്തുകയെന്നതാണ് വിശു ദ്ധിയെങ്കിൽ, യേശുക്രിസ്തുവിനെ അടുത്തറിയുകയെന്നതാണ് നാമോ രോരുത്തരും ലക്ഷ്യംവയ്ക്കേണ്ടത്. ബൈബിളിനെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞത തന്നെയാണെന്ന വി. ജെറോമിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. ക്രൈസ്തവ ജീവിത ത്തിൽ ബൈബിൾ വായനയ്ക്ക് എത്രമാത്രം പ്രാധാന്യം കൊടുക്കണ മെന്ന് ഇതു വ്യക്തമാക്കുന്നു. വിശുദ്ധിയിലേക്കു വളരാൻ സുവിശേഷ ങ്ങളിലെ യേശുവിന്റെ വചനങ്ങളിലേക്ക് നിരന്തരം തിരിയണമെന്ന് 'ആഹ്ലാദിച്ച് ആനന്ദിക്കുവിൻ' എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഫ്രാൻസീസ്പാപ്പ ഉദ്ബോധിപ്പിക്കുന്നുണ്ട് (GE 109). വിശുദ്ധിയുടെ അടയാളങ്ങൾ സൂചിപ്പിക്കാൻ പരിശുദ്ധപിതാവ് ബൈബിളിലേക്കു തന്നെയാണ് തിരിയുന്നത്. ക്രൈസ്തവ ജീവിതത്തിൽ ബൈബിൾ വായനയ്ക്കും പഠനത്തിനും എത്രമാത്രം പ്രാധാന്യമുണ്ടെന്ന് ഇതു വ്യക്തമാക്കുന്നു. ബൈബിൾ പാരായണം വിശുദ്ധിയിലേക്കുള്ള യാത്ര യിൽ നമ്മെ നയിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. യേശുവിന്റെ വചനം ഹൃദയത്തിൽ സംഗ്രഹിക്കുകയും (ലൂക്കാ 2,51) യേശുവിനെ കുരിശിൻ ചുവടുവരെ അനുഗമിക്കുകയും ചെയ്ത (യോഹ 19,25) പരിശുദ്ധ മറിയം നമുക്കെല്ലാം മാതൃകയാണ്.

**കേരളസഭയും വിശുദ്ധിയിലേക്കുള്ള യാത്രയും**

കേരളസഭയെ വിശുദ്ധിയുടെ പാതയിലൂടെ നയിക്കുന്നതിൽ ദൈവവചനശുശ്രൂഷയ്ക്കുള്ള പങ്ക് നിസ്തുലമാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്റ്റലേറ്റും വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളിലൂടെ ദൈവവചനം സഭാമക്കളുടെ ജീവിതത്തിന്റെ അടിത്തറയാക്കി മാറ്റാൻ പരിശ്രമിക്കുന്നുണ്ട്.

ബൈബിൾ ഓരോ വിശ്വാസിക്കും ലഭ്യമാക്കുക എന്നത് വചനശുശ്രൂഷയുടെ മുഖ്യ ധർമ്മമാണല്ലോ. കേരളം നേരിട്ട ഭയാനകമായ പ്രളയദുരന്തത്തിനുശേഷം അനേകായിരം കുടുംബങ്ങൾക്കാണ് എല്ലാം വെള്ളത്തിൽ മുങ്ങിപ്പോയതിന്റെകൂടെ ബൈബിളും നഷ്ടമായത്. ദുരിതാശ്വാസ കേന്ദ്രങ്ങളിൽനിന്ന് നിരന്തരമായി വന്ന ഒരഭ്യർഥന, വീടുകളിലേക്കു തിരികെ പോകുന്നവർക്കു കൊടുത്തുവിടാൻ ബൈബിൾ എത്തിക്കുകയെന്നതായിരുന്നു. പി.ഒ.സി.ക്കായി അച്ചടിച്ചു വച്ചിരുന്ന അനേകായിരം ബൈബിളുകൾ മാത്രമല്ല, അച്ചടിശാലയും ഈ വെള്ളപ്പൊക്കത്തിൽ നശിച്ചുപോയതിനാൽ ബൈബിളുകൾ ആവശ്യക്കാർക്ക് ഉടൻതന്നെ എത്തിക്കാൻ സാധിച്ചില്ലെങ്കിലും ഈ യജ്ഞം പൂർത്തിയാക്കാൻ ബൈബിൾ കമ്മീഷൻ തീവ്രമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. രൂപതകളിലെ ബൈബിൾ അപ്പോസ്റ്റലേറ്റ് കേന്ദ്രങ്ങൾവഴി ഇവർക്കെല്ലാം കഴിയുന്നത്ര സൗജന്യമായി ബൈബിൾ നല്കുകയെന്നതാണ് കമ്മീഷൻ ലക്ഷ്യമിട്ടിരിക്കുന്നത്. നിരവധി വ്യക്തികളും സംഘടനകളും ഈ പദ്ധതിക്കു സഹായഹസ്തങ്ങൾ നീട്ടുന്നു എന്നത് നന്ദിയോടെ സ്മരിക്കുന്നു.

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ഏതാനും വർഷങ്ങളായി, നിലവിലുള്ള പി.ഒ.സി. ബൈബിൾ, മൂലഗ്രന്ഥങ്ങൾ ആധാരമാക്കി പരിഷ്കരിക്കുന്ന ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. പി.ഒ.സി.യിൽ താമസിച്ച് സേവനമനുഷ്ഠിക്കുന്ന ആറു ബൈബിൾപണ്ഡിതരെയും അവരുമായി സഹകരിക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ബൈബിൾ കമ്മീഷൻ പരിഷ്കരിച്ച പുതിയനിയമത്തിലെ ആദ്യഭാഗം 'പഠനബൈബിൾ: സുവിശേഷങ്ങൾ' എന്ന പേരിൽ പി.ഒ.സി. 2018 ജൂൺമാസം പ്രസിദ്ധീകരിച്ചു. വചനം ആഴത്തിൽ മനസ്സിലാക്കാനും ആത്മീയമായി വളരാനും ഈ പഠനബൈബിൾ ഏറെ ഉപകരിക്കും.

ഇളംപ്രായം മുതൽ ദൈവവചനം വായിക്കാനും പഠിക്കാനും സ്നേഹിക്കാനും വഴിയൊരുക്കുന്ന ലോഗോസ് ക്വിസ് കേരളസഭയുടെ

അഭിമാനമാണ്. ചെറുപ്പത്തിൽത്തന്നെ നമ്മുടെ മക്കൾ വളർത്തിയെടുക്കുന്ന ദൈവവചനത്തോടുള്ള സ്നേഹം അവരെ വിശുദ്ധിയുടെ പാതയിലൂടെ നടത്തുമെന്നതിനു സംശയമില്ല. സുവിശേഷവത്കരണത്തിനുള്ള ഏറ്റവും ഫലപ്രദമായ മാർഗമായി കേരളത്തിനു പുറത്തുള്ള രൂപതകൾ ഈ മോഡൽ സ്വീകരിക്കാൻ താത്പര്യപ്പെടുന്നു എന്നത് ഏറെ സന്തോഷകരമാണ്. ബധിരർക്കായും ഈ വർഷം ലോഗോസ് ക്വിസ് നടത്തുകയുണ്ടായി. ശാരീരിക വൈകല്യങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകറ്റപ്പെടുന്നവർക്ക് കൂടുതൽ പരിഗണന നല്കാൻ ഇതു പ്രചോദനമേകുമെന്നു പ്രത്യാശിക്കുന്നു. ബൈബിൾ ആഴത്തിൽ മനസ്സിലാക്കാൻ നിരവധിപേർ ആഗ്രഹിക്കുന്നതു കണക്കിലെടുത്ത്, പല രൂപതകളും ബൈബിൾകോഴ്സുകൾ സംഘടിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. സ്വന്തമായി ബൈബിൾ പഠിക്കാൻ ആഗ്രഹിക്കുന്നവരെ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ ചേരാൻ പ്രോത്സാഹിപ്പിക്കണം. വിശ്വാസജീവിതം ശക്തിപ്പെടുത്താനും വിശുദ്ധിയുടെ പാതയിലൂടെ മുന്നേറാനും ഇത് ഏറെ സഹായിക്കും.

മാംസംധരിച്ച വചനമായ യേശുവിന്റെ തിരുപ്പിറവിക്കായി ഒരുങ്ങുന്ന ഡിസംബർ മാസം കേരളസഭ വചനപാരായണ മാസമായി ആചരിക്കുന്നു. എല്ലാ കുടുംബങ്ങളിലും ഡിസംബർമാസം ബൈബിൾ പ്രതിഷ്ഠ നടത്തുകയും ദിവസവും കുടുംബ പ്രാർഥനയ്ക്കിടയ്ക്ക് ബൈബിൾ വായിക്കുകയും ചെയ്യേണ്ടതാണ്. അതുപോലെതന്നെ, ഓരോ ഇടവകയിലും ഈ മാസത്തിൽ ബൈബിൾ പ്രതിഷ്ഠ നടത്തുകയും ഒരു ദിവസമെങ്കിലും അഖണ്ഡ വചനപാരായണം നടത്തുകയും ചെയ്യണം. ബൈബിൾ കമ്മീഷൻ തയ്യാറാക്കിയിരിക്കുന്ന ബൈബിൾ പാരായണ കലണ്ടർ ഉപയോഗപ്പെടുത്തി ഈ മാസം സമ്പൂർണ ബൈബിൾ പാരായണം സംഘടിപ്പിക്കുന്നതും പ്രോത്സാഹിപ്പിക്കപ്പെടണം. കേരളത്തിൽ വിവിധയിടങ്ങളിൽ ഏതാനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റുകളുടെ നേതൃത്വത്തിൽ വിപുലമായ അഖണ്ഡ ബൈബബിൾ പാരായണയജ്ഞങ്ങൾ സംഘടിപ്പിക്കുന്നതിനെ അഭിനന്ദിക്കുകയും ഈ മാതൃക മറ്റെല്ലാവരും പിഞ്ചെല്ലണമെന്ന് അഭ്യർഥിക്കുകയും ചെയ്യുന്നു. ദൈവവചനപാരായണത്തിന് കേരളകത്തോലിക്കാ മെത്രാൻസമിതി പ്രത്യേകം നിഷ്കർഷിച്ചിരിക്കുന്ന ഈ മാസം കേരളത്തിലുടനീളം ദൈവവചനത്തിന്റെ അലയടികൾ മുഴങ്ങട്ടെ. സമ്പൂർണ ബൈബിൾവായനയിൽ പങ്കുചേർന്ന്, യേശുവിനെ കൂടുതൽ അടുത്തറിയാനും

സ്നേഹിക്കാനും വിശുദ്ധിയിൽ വളരാനും ഏവർക്കും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

കേരളകത്തോലിക്കാസഭ ബൈബിൾ ഞായറായി ആചരിക്കുന്ന ഡിസംബർ 30-ാം തീയതി നിങ്ങൾ നല്കുന്ന സംഭാവന രൂപതകളുടെയും കെ.സി.ബി.സി.യുടെയും ബൈബൾ പ്രേഷിതപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. രൂപതാബൈബിൾ അപ്പോസ്റ്റലേറ്റിനും കെ.സി.ബി.സി. ബൈബിൾ കമ്മീഷനും വേണ്ടിയുള്ള ഈ സംഭാവന രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു. വചനം മാംസംധരിച്ച യേശുവിനെ അനുഗമിച്ച് വിശുദ്ധിയിൽ വളരാൻ ആഹ്വാനം ചെയ്തുകൊണ്ടും തിരുപ്പിറവിയുടെ അനുഗ്രഹങ്ങൾ ഏവർക്കും നേർന്നുകൊണ്ടും,

സ്നേഹത്തോടെ,

**ബിഷപ് ഡോ. എബ്രഹാം മാർ ജൂലിയോസ്**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
**ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
**ബിഷപ് ഡോ. പീറ്റർ അബീർ അന്തോണിസ്വാമി**
വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

---

**NB:- ഈ ഇടയലേഖനം 2018 നവംബർ മാസം 25-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

# പുരോഹിതനും പ്രാർത്ഥനാ ജീവിതവും

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

**(തിരുവചനഭാഗം: ശ്ലീഹ 9,38–10,48)**

ശ്ലീഹന്മാരുടെ നടപടി ഗ്രന്ഥത്തിൽ പത്രോസ് ശ്ലീഹായുടെ സഭാ ശുശ്രൂഷ അവതരിപ്പിക്കുന്ന തിരുവചനഭാഗമാണിത്. ഇതുവരെ പത്രോസ് യോഹന്നാനോടൊപ്പമാണ് സഭാജീവിതത്തിൽ പ്രത്യക്ഷപ്പെടുന്നതെങ്കിൽ ഇവിടെ പത്രോസ് തനിച്ച് ജറുസലേമിനു പുറത്തുള്ള സഭാസമൂഹങ്ങളോടു ബന്ധപ്പെടുന്നതായിട്ടാണ് കാണുന്നത്. അതുപോലെതന്നെ തന്റെ യഹൂദ പശ്ചാത്തലത്തെ മറികടന്ന് പത്രോസ് സഭാശുശ്രൂഷ നിർവഹിക്കുന്നതായും കാണുന്നു. ശ്ലീഹന്മാർ പത്രോസിനെ ഔദ്യോഗികമായി സഭാസന്ദർശനത്തിനായി അയച്ചതാണോ എന്നും സംശയിക്കാവുന്നതാണ്.

ഈ സഭാസന്ദർശനവേളയിൽ പത്രോസിന്റെ സഭാശുശ്രൂഷ പ്രാർത്ഥനാനിർഭരമായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. അതുകൊണ്ട് അജപാലകരായ വൈദികർക്ക് തങ്ങളുടെ അജപാലന ശുശ്രൂഷയുടെ അടിസ്ഥാന സവിശേഷതയായി പ്രാർത്ഥനാജീവിതത്തെ കാണുവാനും മനസ്സിലാക്കുവാനും ഈ വചനഭാഗം സഹായകരമാകും. ഈ വചനഭാഗത്തെ അഞ്ചായി തിരിക്കാവുന്നതാണ്.

1. പത്രോസ് ലിദായിലും യോപ്പായിലും (9,32–43)
2. കൊർണേലിയൂസിന്റെ ദർശനം (10,1–8)
3. പത്രോസിന്റെ പ്രാർത്ഥനാനുഭവം (10,9–16)
4. പത്രോസും കൊർണേലിയൂസും തമ്മിൽ കണ്ടുമുട്ടുന്നു (10,17–43)
5. വിജാതീയരുടെ ജ്ഞാനസ്നാനം (10,44–48)

**1. പ്രാർത്ഥനയും അടയാളങ്ങളും**

"പത്രോസ് ചുറ്റി സഞ്ചരിക്കുന്നതിനിടയിൽ ലിദായിലെ വിശുദ്ധരുടെ അടുക്കലെത്തി. അവിടെ ഐനെയാസ് എന്നൊരുവനെ അവൻ കണ്ടുമുട്ടി. അവൻ എട്ടു വർഷമായി തളർവാതം പിടിപെട്ട് രോഗശയ്യയിലായിരുന്നു. പത്രോസ് അവനോടു പറഞ്ഞു: ഐനെയാസേ, ഈശോമിശിഹാ നിന്നെ സുഖപ്പെടുത്തുന്നു. എഴുന്നേറ്റ് നിന്റെ കിടക്ക ചുരുട്ടുക. ഉടൻതന്നെ അവൻ എഴുന്നേറ്റു. ലിദായിലെയും സാറോണിലേയും

സകല ജനങ്ങളും അവനെ കണ്ടു കർത്താവിലേക്കു തിരിഞ്ഞു" (9,32-35).

പത്രോസിന്റെ സഭാസന്ദർശനത്തിന്റെ അവശ്യ ഘടകങ്ങളായി പ്രാർത്ഥനയും അടയാളങ്ങളും കാണപ്പെടുന്നു. ലിദായിൽ ഐനെയാസ് എന്നു പേരുള്ള തളർവാതരോഗിയെ സുഖപ്പെടുത്തുമ്പോൾ (9,34), യോപ്പായിൽ തബീത്താ എന്നു പേരുള്ള, മരിച്ച ഒരു ശിഷ്യയെ ഉയിർപ്പിക്കുന്നു. ആദിമക്രൈസ്തവ സമൂഹത്തിൽ ഇത്തരം അടയാളങ്ങൾ കൂടുതലായി സംഭവിച്ചതായി കാണുന്നുണ്ട്. ഈശോയുടെ ജീവിതകാലത്ത് സംഭവിച്ചതിനു സദൃശ്യമായുള്ള അത്ഭുതങ്ങളാണ് ആദിമസഭയിലും നാം കാണുന്നത്. തളർവാതരോഗിയോട് "ഈശോ നിന്നെ സുഖപ്പെടുത്തുന്നു" (9,34) എന്നുതന്നെ പത്രോസ് പറയുന്നു. 'തബീത്താ' എന്ന ശിഷ്യയുടെ കാര്യത്തിൽ പ്രാർത്ഥിച്ചതിനുശേഷം, ജായ്റോസിന്റെ മകളോട് ഈശോ പറഞ്ഞതുപോലെ "തബീത്താ, എഴുന്നേല്ക്കൂ" (9,40) എന്നു പറയുന്നു. സഭാശുശ്രൂഷകരിലൂടെ ഈശോതന്നെയാണ് സഭയിൽ സന്നിഹിതനായി ശുശ്രൂഷ ചെയ്യുന്നതെന്ന് ഇതു സൂചിപ്പിക്കുന്നു. സഭയിലുള്ള ഈശോയുടെ സജീവസാന്നിദ്ധ്യം മറ്റുള്ളവർക്ക് അനുഭവവേദ്യമാകത്തക്കവിധത്തിലാണ് രോഗശാന്തി ശുശ്രൂഷ നിർവഹിക്കേണ്ടതെന്ന് ഈ സംഭവങ്ങൾ വ്യക്തമാക്കുന്നു.

രോഗശാന്തിശുശ്രൂഷ നമ്മുടെ അജപാലനശുശ്രൂഷയുടെ അവശ്യഘടകമാണ്. പക്ഷേ, അതു നിർവഹിക്കേണ്ടത് നിർവഹിക്കുന്ന ആളിന്റെ പ്രത്യേകത കൊണ്ടാണ് എന്ന പ്രതീതി ഉളവാക്കാതെ ഈശോമിശിഹായുടെ സാന്നിദ്ധ്യവും പ്രവർത്തനവുംകൊണ്ടാണ് എന്നു ജനങ്ങൾക്കു മനസ്സിലാകത്തക്ക വിധമായിരിക്കണമെന്ന് പത്രോസിന്റെ ഈ പ്രവർത്തനശൈലി നമ്മെ ഓർമ്മിപ്പിക്കുന്നു. ഇതു സാദ്ധ്യമാകണമെങ്കിൽ സഭയോടൊത്തു പ്രാർത്ഥനാജീവിതം നയിച്ചുകൊണ്ട് ആ ശുശ്രൂഷ നിർവഹിക്കുവാൻ നമുക്കു കഴിയണം. തബീത്തായെ ഉയിർപ്പിക്കുന്നതിനുമുമ്പ് പത്രോസ് മുട്ടുകുത്തി പ്രാർത്ഥിക്കുന്നുണ്ട് (9,40). സഭയുടെ പ്രാർത്ഥനകൾ ചൊല്ലുകയും അവ ഉപയോഗിച്ച് രോഗശാന്തിശുശ്രൂഷകൾ നിർവഹിക്കുകയും ചെയ്യുന്നെങ്കിൽ, അവയിലൂടെ സഭയിലുള്ള കർത്താവിന്റെ സാന്നിദ്ധ്യവും രക്ഷാകരസ്നേഹവും തിരിച്ചറിയുവാനും, കർത്താവിലുള്ള വിശ്വാസത്തിൽ വളരുവാനും അത് സഹായകമാകുമെന്നതിനു സംശയമില്ല.

**2. പ്രാർത്ഥനയും അനുസ്മരണവും**

"കേസറിയായിൽ കൊർണേലിയൂസ് എന്നൊരാളുണ്ടായിരുന്നു. അവൻ ഇത്താലിക്കെ എന്നു വിളിക്കപ്പെടുന്ന സൈന്യവിഭാഗത്തിലെ

ഒരു ശതാധിപനായിരുന്നു. അവനും കുടുംബവും ദൈവഭയവും ഭക്തിയുമുള്ളവരായിരുന്നു. അവൻ ജനങ്ങൾക്ക് ഉദാരമായി ദാനധർമ്മം ചെയ്യുകയും ദൈവത്തോട് നിരന്തരം പ്രാർത്ഥിക്കുകയും ചെയ്തുപോന്നു" (10,1-2).

കേസറിയ ഒരു യഹൂദേതര നഗരമായിരുന്നു. യഹൂദരല്ലാത്ത ജനതകളോടു സുവിശേഷം പ്രസംഗിക്കുവാനുള്ള സാഹചര്യം ആ നഗരത്തിലുണ്ടായി. കൊർണേലിയൂസ് എന്ന ശതാധിപൻ അതിനുപകരണമായിത്തീർന്നു. അയാൾ ദൈവഭയം നിലനിർത്തിയ ആളായിരുന്നു. യഹൂദമതത്തിന്റെ ഏക ദൈവവിശ്വാസവും ധാർമ്മിക പ്രമാണങ്ങളും ആകർഷകങ്ങളായി കരുതി അവയെ സ്വീകരിച്ച യഹൂദേതരിൽ ഒരുവനായിരുന്നു അയാൾ. പരിഛേദനം ഏല്ക്കാതെ യഹൂദമതവിശ്വാസവും അതിനോടു ചേർന്നുള്ള ജീവിതക്രമവും അയാൾ പുലർത്തി വന്നു. ആദ്ധ്യാത്മികവും ധാർമ്മികവുമായ കാര്യങ്ങളിൽ അതീവ ശ്രദ്ധാലുവായിരുന്നു. കുടുംബാംഗങ്ങളെയും അയാൾ ആ തീക്ഷ്ണതയിൽ നിലനിർത്തി. ഒരു ദിവസം പ്രാർത്ഥനയിൽ അയാൾക്ക് ഒരു ദർശനമുണ്ടായി: "നിന്റെ പ്രാർത്ഥനകളും ദാനധർമ്മങ്ങളും ദൈവസന്നിധിയിൽ നിന്നെ അനുസ്മരിപ്പിച്ചിരിക്കുന്നു" എന്ന സന്ദേശം ലഭിച്ചു. അതേത്തുടർന്ന് യോപ്പായിലേക്ക് ആളയച്ച് പത്രോസ് എന്നു വിളിക്കപ്പെടുന്ന ശെമയോനെ വരുത്താനുള്ള നിർദ്ദേശവും ലഭിച്ചു.

പ്രാർത്ഥന ഒരനുസ്മരണമുൾക്കൊള്ളുന്ന പ്രക്രിയയാണെന്ന് ഈ സംഭവം സൂചിപ്പിക്കുന്നു. മനുഷ്യൻ ദൈവത്തെ അനുസ്മരിക്കുന്നു എന്നതിനെക്കാൾ ദൈവം മനുഷ്യനെ അനുസ്മരിക്കുന്ന ഒരു പ്രക്രിയയാണ് പ്രാർത്ഥന. പഴയനിയമത്തിൽ തോബിത്തിന് സ്വയം വെളിപ്പെടുത്തിക്കൊണ്ട് റഫായേൽ ദൂതൻ ഇപ്രകാരം പറയുന്നു: " നീയും നിന്റെ മരുമകൾ സാറായും പ്രാർത്ഥിച്ചപ്പോൾ നിങ്ങളുടെ പ്രാർത്ഥന പരിശുദ്ധനായവനെ ഞാൻ അനുസ്മരിപ്പിച്ചു. നീ മൃതരെ സംസ്കരിച്ചപ്പോൾ ഞാൻ നിന്നോടൊത്തുണ്ടായിരുന്നു" (തോബിത് 12,12). ദൈവത്തിന്റെ ഈ അനുസ്മരണത്തിന് ഒരു ബലിയർപ്പണസ്വഭാവമുണ്ടെന്ന് ധാന്യബലിയെക്കുറിച്ചുള്ള പഴയനിയമ പരാമർശം വ്യക്തമാക്കുന്നുണ്ട് (ലേവാ 2,2). കൊർണേലിയൂസിന്റെ ദാനധർമ്മജീവിതത്തോടുകൂടിയ പ്രാർത്ഥനയ്ക്കുണ്ടായിരുന്ന അനുസ്മരണത്തിന്റെയും ബലിയർപ്പണത്തിന്റെയും സ്വഭാവം നമ്മുടെ പ്രാർത്ഥനയ്ക്കുമുണ്ടാകണം. പരിശുദ്ധ കുർബാന ഈശോയുടെ ബലിയർപ്പണവും അനുസ്മരണവുമുൾക്കൊള്ളുന്ന ഏറ്റം വലിയ പ്രാർത്ഥനയായതുപോലെ നമ്മുടെ ശുശ്രൂഷാജീവിതവും പ്രാർത്ഥനയും ദൈവത്തിനു സ്വീകാര്യമായ ബലിയർപ്പ

ണവും അനുസ്മരണവുമാകണം. പരിശുദ്ധ കുർബാനയിൽ ദൈവം തന്റെ പുത്രന്റെ ബലിയർപ്പണം അനുസ്മരിക്കുന്നതിലൂടെ നമ്മുടെമേൽ കൃപാവരം ചൊരിയുന്നതുപോലെ നമ്മുടെ പ്രാർത്ഥന ദൈവതിരുമുമ്പിലുള്ള അനുസ്മരണമാകുമ്പോൾ, അതുവഴി നമ്മുടെമേൽ ദൈവത്തിന്റെ കൃപാവരം സമൃദ്ധമായി ചൊരിയപ്പെടും. അപ്രകാരമുള്ള ഒരു പ്രാർത്ഥനാജീവിതം പുരോഹിതനുണ്ടാവണം.

**3. പ്രാർത്ഥനയും ദൈവാനുഭവവും**

"സ്വർഗ്ഗം തുറന്നിരിക്കുന്നതും വലിയ വിരിപ്പുപോലുള്ള ഒരു പാത്രം നാലു കോണിലും പിടിച്ച് ഭൂമിയിലേക്ക് ഇറക്കപ്പെടുന്നതും അവൻ കണ്ടു. ഭൂമിയിലെ എല്ലാത്തരം നാല്ക്കാലികളും ഇഴജന്തുക്കളും ആകാശപ്പറവകളും അതിലുണ്ടായിരുന്നു. ഒരു സ്വരവും അവൻ കേട്ടു: പത്രോസേ, എഴുന്നേല്ക്കുക; നീ ഇവയെ കൊന്നു ഭക്ഷിക്കുക. പത്രോസ് പറഞ്ഞു: കർത്താവേ, ഒരിക്കലുമില്ല. മലിനമോ അശുദ്ധമോ ആയ ഒന്നും ഞാൻ ഒരിക്കലും ഭക്ഷിച്ചിട്ടില്ല. രണ്ടാമതും അവൻ ആ സ്വരം കേട്ടു: ദൈവം വിശുദ്ധീകരിച്ചവ മലിനമെന്നു നീ കണക്കാക്കരുത്. മൂന്നു പ്രാവശ്യം ഇങ്ങനെ സംഭവിച്ചു. ഉടൻതന്നെ പാത്രം ആകാശത്തേക്ക് എടുക്കപ്പെടുകയും ചെയ്തു" (10,11-16).

പത്രോസിനുണ്ടായ പ്രാർത്ഥനാനുഭവമാണ് ഇവിടെ വിവരിക്കുന്നത്. പ്രാർത്ഥന സ്വർഗ്ഗം തുറക്കപ്പെടുന്നതും ദൈവത്തിന്റെ സ്വരം കേൾക്കുന്നതുമായ ദൈവാനുഭവമാണെന്ന് ഈ രംഗം നമ്മെ ഓർമ്മിപ്പിക്കുന്നു. ഈശോയുടെ മാമ്മോദീസായുടെ സന്ദർഭവും രൂപാന്തരീകരണ സന്ദർഭവും ഇതുപോലെ ഒരു പ്രാർത്ഥനാനുഭവത്തിന്റെ സന്ദർഭമായിട്ടാണ് ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുക (ലൂക്കാ 3,21-22; 9,28-36). ഈശോയെക്കുറിച്ചുള്ള ദൈവത്തിന്റെ രക്ഷാപദ്ധതി വെളിപ്പെടുത്തുന്ന സന്ദർഭമായിട്ടാണ് ഈ പ്രാർത്ഥനാനുഭവം ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്നത് (ലൂക്കാ 9,31). പ്രവാചകഗ്രന്ഥങ്ങളിൽ ഇപ്രകാരമുള്ള ദൈവാനുഭവത്തിലൂടെ പ്രവാചകന്മാർക്ക് ഇസ്രായേലിലുള്ള തങ്ങളുടെ പ്രവാചകദൗത്യം വെളിപ്പെടുത്തുന്നതായി കാണുന്നുണ്ട് (എസ 1,1; ജറെ 1,11-15; ആമോസ് 8,1-3). ഇവിടെ പത്രോസിന്, യഹൂദരും വിജാതീയരും ഉൾക്കൊള്ളുന്ന സമൂഹമാണ് സഭ എന്ന വലിയ വെളിപ്പെടുത്തൽ നല്കപ്പെടുകയാണ്. സഭയുടെ ഇന്നത്തെ രീതിയിലുള്ള വളർച്ചയ്ക്കു നിർണായകമായ ഒരു പ്രാർത്ഥനാനുഭവമായിരുന്നു പത്രോസിന്റേത്.

പ്രാർത്ഥന ദൈവവും മനുഷ്യനും തമ്മിലുള്ള ഒരു സംഭാഷണമാണ്. പലപ്പോഴും പ്രാർത്ഥന ദൈവമനുഷ്യസംഭാഷണമാകാതെ

കേവലം മനുഷ്യന്റെ സ്വഭാഷണമായിത്തീരുന്നുണ്ട്. ദൈവത്തെ സംസാരിക്കാൻ അനുവദിക്കാതെ, ദൈവത്തെ കേൾക്കാൻ ശ്രമിക്കാതെ, ദൈവത്തോടു സംസാരിക്കുകമാത്രം ചെയ്യുന്ന ഒരു പ്രക്രിയയായി അതു മാറുന്നുണ്ട്. അതുകൊണ്ട് ശരിയായ ദൈവാനുഭവമുണ്ടാകുന്നില്ല. പ്രാർത്ഥനയിൽ ദൈവത്തിന്റെ സ്വരം കേൾക്കുവാൻ ഇടമുണ്ടാകണം. ദൈവം മുൻകൈ എടുക്കുന്നതും മനുഷ്യൻ ശ്രവിക്കുകയും പ്രത്യുത്തരം നല്കുകയും ചെയ്യുന്ന ഒരു പ്രക്രിയ ആണ് –ആയിരിക്കണം– പ്രാർത്ഥന. അപ്പോൾമാത്രമേ നമ്മുടെ ജീവിതവും പൗരോഹിത്യശുശ്രൂഷയും ദൈവഹിതപ്രകാരമാണെന്ന് നമുക്ക് ഉറപ്പുവരുത്താനാവൂ. ഇപ്രകാരം ശ്രവണത്തിനിടംകൊടുത്തുകൊണ്ട് പ്രാർത്ഥിച്ചാൽ നമുക്ക് ദൈവഹിതം അറിയുവാനാകും. ദൈവാനുഭവത്തോടുകൂടെ പ്രാർത്ഥിക്കുവാനും കഴിയും. അതിന്റെ ഫലമായി ദൈവഹിതപ്രകാരമുള്ള, ദൈവികമായ മാറ്റം നമ്മുടെ ജീവിതത്തിലും ശുശ്രൂഷയിലുമുണ്ടാകും. യഹൂദാഭിമുഖ്യം മാത്രമുണ്ടായിരുന്ന പത്രോസിന് ഇപ്പോൾ വിജാതീയരോടും ആഭിമുഖ്യമുണ്ടാകുന്നു. മാനുഷികതയ്ക്ക് അടിമപ്പെടാതെ ദൈവികതയിൽ വളരാനും ദൈവത്തോടു ചേർന്നുനിന്ന് ശുശ്രൂഷ ചെയ്യുവാനും ശരിയായ പ്രാർത്ഥന പുരോഹിതനെ സഹായിക്കുന്നു.

**4. പ്രാർത്ഥനയും സുവിശേഷപ്രഘോഷണവും**

"അവൻ അവരോടു പറഞ്ഞു: മറ്റൊരു വർഗ്ഗക്കാരനുമായി സമ്പർക്കം പുലർത്തുന്നതും അവനെ സമീപിക്കുന്നതും ഒരു യഹൂദന് എത്രത്തോളം നിയമവിരുദ്ധമാണെന്ന് നിങ്ങൾക്കറിയാമല്ലോ. എന്നാൽ, ഒരു മനുഷ്യനെയും ഹീനജാതിക്കാരനെന്നോ അശുദ്ധനെന്നോ വിളിക്കരുതെന്ന് ദൈവം എനിക്കു കാണിച്ചുതന്നിരിക്കുന്നു. അതിനാൽ, നിങ്ങൾ എനിക്ക് ആളയച്ചപ്പോൾ യാതൊരു തടസ്സവും പറയാതെ ഞാൻ വരുകയാണു ചെയ്തത്. എന്തിനാണ് നിങ്ങൾ എനിക്ക് ആളയച്ചതെന്നു പറയുവിൻ" (10,28–29).

പത്രോസ് ഒരു യഹൂദനായിരുന്നു. യഹൂദരോട് സുവിശേഷം പ്രസംഗിക്കുകയും അവരെ ക്രിസ്തീയവിശ്വാസത്തിലേക്ക് ആനയിക്കുകയും ചെയ്യുക എന്നതായിരുന്നു പത്രോസിന്റെ സുവിശേഷ പ്രഘോഷണ ശൈലി. അതിൽനിന്നും തികച്ചും വ്യത്യസ്തമായ നിലപാടു സ്വീകരിക്കുകയും എല്ലാ ജനതകൾക്കുമുള്ള സുവിശേഷ പ്രഘോഷകനായി മാറുകയും ചെയ്തത്, പത്രോസിന്റെ പ്രാർത്ഥനാനുഭവത്തിന്റെ ഫലമായിട്ടാണ്. കൊർണേലിയൂസുമായി കണ്ടുമുട്ടിയപ്പോൾ പത്രോസ് പറഞ്ഞ വാക്കുകൾ ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്: "മറ്റൊരു വർഗ്ഗക്കാരനുമായി സമ്പർക്കം പുലർത്തുന്നതും അവനെ സമീപിക്കുന്നതും

ഒരു യഹൂദന് എത്രത്തോളം നിയമവിരുദ്ധമാണെന്ന് നിങ്ങൾക്കറിയാമല്ലോ. എന്നാൽ, ഒരു മനുഷ്യനെയും ഹീനജാതിക്കാരനെന്നോ അശുദ്ധനെന്നോ വിളിക്കരുതെന്ന് ദൈവം എനിക്കു കാണിച്ചുതന്നിരിക്കുന്നു. അതിനാൽ, നിങ്ങൾ എനിക്ക് ആളയച്ചപ്പോൾ യാതൊരു തടസ്സവും പറയാതെ ഞാൻ വരുകയാണു ചെയ്തത്" (നട 10,28-29).

പുരോഹിതന്റെ അജപാലനശുശ്രൂഷയുടെ പ്രഥമദൗത്യം സുവിശേഷപ്രഘോഷണമാണല്ലോ (PO 4). അജപാലനശുശ്രൂഷകളെല്ലാം ഈ സുവിശേഷപ്രഘോഷണത്തിന്റെ ഭാഗമാണ്. അജപാലനശുശ്രൂഷയ്ക്ക് പ്രാർത്ഥനാപൂർവം ഒരുങ്ങേണ്ടതുണ്ട്. അതുപോലെ അജപാലനശുശ്രൂഷയ്ക്ക് പൊതുവായ മാർഗ്ഗരേഖ സഭാതലത്തിലും രൂപതാതലത്തിലുമുണ്ടെങ്കിലും അത് ഓരോ ഇടവകയിലും പ്രായോഗികമാക്കേണ്ടത്, അവിടുത്തെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായിട്ടാണ്. അതിന് വിവേചനം ആവശ്യമാണ്. ഈ വിവേചനം നടത്തുവാൻ കഴിയണമെങ്കിൽ ദൈവഹിതം ശ്രവിക്കുന്ന, ദൈവാനുഭവമുൾക്കൊള്ളുന്ന പ്രാർത്ഥനാജീവിതം ആവശ്യമാണ്. പ്രാർത്ഥനയിലൂടെ ദൈവഹിതം വിവേചിച്ചറിഞ്ഞ് അജപാലന ശുശ്രൂഷാപരിപാടികൾ ആസൂത്രണം ചെയ്യുവാനും നടപ്പിൽ വരുത്തുവാനും അജപാലകർക്കു കഴിയണം.

**5. പ്രാർത്ഥനയും സുവിശേഷ സ്വീകരണവും**

"അതുകൊണ്ട് നിന്നെ വിളിക്കാൻ ഞാൻ ഉടനെ ആളയച്ചു. നീ സൗമനസ്യത്തോടെ ഇവിടെ വരികയും ചെയ്തു. കർത്താവ് നിന്നോട് ആജ്ഞാപിച്ചിട്ടുള്ളതെല്ലാം കേൾക്കാൻ ഇതാ, ദൈവസന്നിധിയിൽ ഞങ്ങളെല്ലാവരും സന്നിഹിതരായിരിക്കുന്നു. ... പത്രോസ് ഇതു പറഞ്ഞുകൊണ്ടിരിക്കുമ്പോൾത്തന്നെ കേട്ടുകൊണ്ടിരുന്ന എല്ലാവരുടെയുംമേൽ പരിശുദ്ധാത്മാവു വന്നു " (10,33.44).

പ്രാർത്ഥനയിലൂടെ സുവിശേഷസ്വീകരണത്തിനൊരുങ്ങിക്കൊണ്ടാണ് കൊർണേലിയൂസ് പത്രോസിനെ കൊണ്ടുവരാൻ ആളയച്ചത്. പത്രോസിനോടുള്ള കൊർണേലിയൂസിന്റെ വാക്കുകൾ അത് വ്യക്തമാക്കുന്നുണ്ട്: "കർത്താവ് നിന്നോട് ആജ്ഞാപിച്ചിട്ടുള്ളതെല്ലാം കേൾക്കാൻ ഇതാ, ദൈവസന്നിധിയിൽ ഞങ്ങളെല്ലാവരും സന്നിഹിതരായിരിക്കുന്നു" (നട 10,33). കൊർണേലിയൂസും കുടുംബവും പത്രോസിനെ കേൾക്കാൻ നിന്നത് ദൈവസന്നിധിയിലാണെന്നത് എടുത്തുപറയുന്നു. കൊർണേലിയൂസിനുണ്ടായ പ്രാർത്ഥനാനുഭവത്തിൽ പങ്കുചേർന്നുകൊണ്ടാണ് അയാളുടെ കുടുംബാംഗങ്ങളും ബന്ധുക്കളും അടുത്ത സുഹൃത്തുക്കളും പത്രോസിനെ കേൾക്കാൻ തയ്യാറായി

നിന്നത്. പ്രാർത്ഥനാനുഭവമാണല്ലോ ദൈവസാന്നിദ്ധ്യസ്മരണയെ ഉണർത്തുന്നതും വളർത്തുന്നതും. അപ്രകാരം പ്രാർത്ഥനയിലൂടെ ദൈവ സ്വരം ശ്രവിക്കുവാൻ തയ്യാറാകുന്ന മനോഭാവം സൃഷ്ടിച്ചുകൊണ്ടാണ് കൊർണേലിയൂസ് തന്റെ കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും പത്രോസ് പ്രഘോഷിക്കുന്ന സുവിശേഷസ്വീകരണത്തിനൊരുക്കിയത്.

പുരോഹിതൻ തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെടുന്നവരെ ഇപ്രകാരം സുവിശേഷസ്വീകരണത്തിനായി ഒരുക്കണം. അത് സാദ്ധ്യമാകണമെങ്കിൽ അവരെ ശരിയായ രീതിയിൽ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കണം. പ്രാർത്ഥനയുടെ പഠനക്കളരി സഭയുടെ ആരാധനക്രമമാണ് (NMI 34). സഭയുടെ ആരാധനക്രമ പ്രാർത്ഥനകൾ നന്നായി ചൊല്ലുവാനും പാടുവാനും ജനങ്ങളെ അഭ്യസിപ്പിക്കണം. സഭയുടെ പ്രാർത്ഥനകൾ ദൈവവചനസാന്നിദ്ധ്യമുള്ള പ്രാർത്ഥനകളായതുകൊണ്ട് പ്രാർത്ഥിക്കുന്നവരിൽ ശ്രവണമനോഭാവമുളവാക്കുവാൻ അവ സഹായകരങ്ങളാണ്. അതുപോലെതന്നെ നാം പ്രാർത്ഥിക്കുന്നത് മിശിഹായോടും സഭയോടുമൊപ്പമാണെന്ന പ്രതീതിയും അനുഭവവും സഭയുടെ പ്രാർത്ഥനകൾ നമ്മിലുളവാക്കും. വെറും വ്യക്തിപരമായ ആകുലതകളും ചിന്തകളും ഒഴിവാക്കി ദൈവസന്നിധിയിലായിരിക്കുവാനും അവ നമ്മെ സഹായിക്കും. അപ്രകാരം പ്രാർത്ഥനാ പരിശീലനത്തിലൂടെ ദൈവജനത്തെ ഒരുക്കി അവരോടു സുവിശേഷ പ്രഘോഷണം നടത്തുവാൻ അജപാലകർ ശ്രദ്ധിക്കണം.

ജീവിതസൂചിക

1. പ്രാർത്ഥനയ്ക്കും രോഗശാന്തിശുശ്രൂഷയ്ക്കും എന്റെ അജപാലന ശുശ്രൂഷയിൽ എത്രമാത്രം സ്ഥാനമുണ്ട്?

2. പ്രാർത്ഥനയെ ദൈവതിരുമുമ്പിലുള്ള അനുസ്മരണമാക്കിത്തീർക്കുവാൻ എന്റെ ജീവിതത്തെ ഞാൻ എങ്ങനെ ക്രമീകരിക്കണം?

3. പ്രാർത്ഥന എനിക്ക് ദൈവാനുഭവമായിത്തീരുന്നുണ്ടോ? ദൈവഹിതമനുസരിച്ചാണ് അജപാലനശുശ്രൂഷ നിർവഹിക്കുന്നതെന്ന് ഉറപ്പുവരുത്തുവാൻ അതെന്നെ സഹായിക്കുന്നുണ്ടോ?

4. ശരിയായ സുവിശേഷ പ്രഘോഷണത്തിനും അജപാലനശുശ്രൂഷയ്ക്കും എന്നെ പ്രാപ്തനാക്കുന്ന ഒന്നാണോ എന്റെ പ്രാർത്ഥനാ ജീവിതം?

5. പ്രാർത്ഥനാ പരിശീലനത്തിലൂടെ സുവിശേഷസ്വീകരണത്തിന് ഞാൻ ജനങ്ങളെ ഒരുക്കുന്നുണ്ടോ?

# രൂപതാകച്ചേരി വാർത്തകൾ

### വാർഷികധ്യാനം

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന വൈദികർക്കായുള്ള വാർഷികധ്യാനം സെപ്റ്റംബർ മാസത്തിൽ രണ്ടു ബാച്ചുകളിലായി നടന്നു. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് നയിച്ച ധ്യാനത്തിൽ 171 വൈദികർ പങ്കെടുത്തു. ധ്യാന വിജയത്തിനായി സഹകരിച്ച എല്ലാവർക്കും നന്ദിയും അനുമോദനങ്ങളും.

ഈ ധ്യാനത്തിൽ പങ്കെടുത്തിട്ടില്ലാത്ത രൂപതാ വൈദികർ ഈ വർഷം ഡിസംബർ 31–ന് മുൻപായി വാർഷിക ധ്യാനം നടത്തുകയും ആ വിവരം റിപ്പോർട്ട് ചെയ്യുകയും കുർബാന കണക്കുബുക്ക് രൂപതാ കച്ചേരിയിൽ സമർപ്പിച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യേണ്ടതാണ്.

### പാസ്റ്ററൽ കൗൺസിൽ

മാനന്തവാടി രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം നവംബർ 10 ശനിയാഴ്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നു. വിശദവിവരങ്ങൾ അംഗങ്ങളെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

### പ്രസ്ബിറ്ററൽ കൗൺസിൽ

മാനന്തവാടി രൂപതാ പ്രസ്ബിറ്ററൽ കൗൺസിലിന്റെ ഒരു യോഗം നവംബർ 13 ചൊവ്വാഴ്ച രാവിലെ 10.30 മുതൽ 1.30 വരെ മാനന്തവാടി ബിഷപ്സ് ഹൗസിൽ വച്ച് ചേരുന്നു. വിശദവിവരങ്ങൾ അംഗങ്ങളെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

### വൈദിക സമ്മേളനം (Priests' Conference)

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു യോഗം 2018 ഡിസംബർ 12 ബുധനാഴ്ച രാവിലെ 10.30 മുതൽ 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നു. വിശദവിവരങ്ങൾ കത്ത് മുഖേന ബഹു. വൈദികരെ അറിയിക്കുന്നതാണ്.

**സ്നേഹസ്മരണ**

നവംബർ 12-ാം തീയതി നമ്മുടെ പ്രിയപ്പെട്ട ജോസഫ് ചുരയ്ക്കാമറ്റത്തിലച്ചന്റെ ചരമവാർഷികദിനമാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**പൗരോഹിത്യം സ്വീകരിക്കുന്നവർ**

ആലുവ മംഗലപ്പുഴ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ തേൻപള്ളിയിൽ സെബാസ്റ്റ്യൻ (നിഷ്വിൻ), കുന്നോത്ത് ഗുഡ്ഷെപ്പേർഡ് സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കന്മാരായ കണിപ്പിള്ളിൽ വർഗ്ഗീസ് (ജോർജ്ജുകുട്ടി), ചക്കാലയ്ക്കൽ ജോസഫ് (അജിൻ), കോട്ടയം വടവാതൂർ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ ചവരനാൽ തോമസ് (നിഖിൽ) എന്നിവർ ഡിസംബർ മാസത്തിൽ തിരുപ്പട്ടം സ്വീകരിക്കുവാൻ ഒരുങ്ങുന്നു. ഇവർക്ക് ആശംസകളും അനുമോദനങ്ങളും നേരുന്നു. പൗരോഹിത്യ കൂട്ടായ്മയിലേക്ക് ഇവർക്ക് ഹൃദ്യമായ സ്വാഗതം. പൗരോഹിത്യ സ്വീകരണത്തിനായി ഒരുങ്ങുന്ന ഇവരെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

**തിരുപ്പട്ട സ്വീകരണത്തിന്റെ തീയതിയും സ്ഥലവും**

| തീയതി | വീട്ടുപേരും പേരും | സ്ഥലം | സമയം |
|---|---|---|---|
| 2018 ഡിസം.26 ബുധൻ | ഡീ. ചക്കാലയ്ക്കൽ ജോസഫ് (അജിൻ) | ബോയ്സ് ടൗൺ | രാവിലെ 9.15 |
| 2018 ഡിസം.27 വ്യാഴം | ഡീ. ചവരനാൽ തോമസ് (നിഖിൽ) | പനവല്ലി | രാവിലെ 9.15 |
| 2018 ഡിസം.29 ശനി | ഡീ. കണിപ്പിള്ളിൽ വർഗ്ഗീസ് (ജോർജ്ജുകുട്ടി) | ആടിക്കൊല്ലി | രാവിലെ 9.15 |
| 2018 ഡിസം.31 തിങ്കൾ | ഡീ. തേൻപള്ളിയിൽ സെബാസ്റ്റ്യൻ (നിഷ്വിൻ) | വാഴവറ്റ | രാവിലെ 9.15 |

## New Appointment

Rev. Fr. Paul Koottala : Diocesan Director, Kerala Labour Movement (w.e.f. 15th October 2018)

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

## New Address & Phone Number

**SOCIETY OF KRISTUDASIS (SKD)**

| | |
|---|---|
| GENERALATE NEW ADDRESS | : Kristudasi Generalate,<br>Nethaji Nagar Colony<br>Kottuli P.O., Calicut - 16, Kerala, India |
| Tel. | : 0495 - 2355880 (Office) |
| Mob. | : 9446460491 (Office) |
| Email | : skdgeneralatemdy@gmail.com |
| Web. | : www.societyofkristudasis.com |

# വൈദികരുടെ മാസധ്യാനം

**ചുങ്കക്കുന്ന് ഫൊറോന**

ചുങ്കക്കുന്ന് ഫൊറോനയിലെ വൈദികരുടെ ഒക്ടോബർ മാസത്തിലെ മാസധ്യാനം പാൽച്ചുരം ഇടവകയിൽ വച്ച് ഒക്ടോബർ 9-ാം തീയതി നടന്നു. റവ.ഫാ. മത്തായി പള്ളിച്ചാംകുടിയിൽ ധ്യാനചിന്തകൾ പങ്കുവച്ചു. ഡീക്കൻ ടോം പഴേപറമ്പിൽ ആരാധനയ്ക്ക് നേതൃത്വം നൽകി. തുടർന്നു ചേർന്ന മീറ്റിംഗിൽ ഫൊറോന വികാരി ബഹു. വിൻസെന്റ് കളപ്പുരയിൽ അച്ചൻ നേതൃത്വം നൽകി. മീറ്റിംഗിലേയ്ക്ക് കടന്നുവന്ന രൂപതാ സി.എം.എൽ. ഡയറക്ടർ ബഹു. ഷിജു ഐക്കരക്കാനായിലച്ചൻ മിഷൻലീഗിന്റെ തുടർ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിച്ചു. ഫൊറോനയിലെ വിവിധ സംഘടനാ ഡയറക്ടർമാർ പ്രവർത്തനങ്ങൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ പങ്കുവച്ചു. രൂപതാ യുവജന കൺവെൻഷന്റെ വിജയത്തിനായുള്ള പ്രവർത്തനങ്ങൾ ഓരോ ഇടവകയിലും നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി. ബഹു. സിനീഷ് പുത്തൻപുരയിലച്ചൻ എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് അടുത്ത മാസധ്യാനത്തിന് നെല്ലിയോടി ഇടവകയിലേയ്ക്ക് ക്ഷണിക്കുകയും ചെയ്തു.

**ഫാ. സന്തോഷ് ഒറവാറന്തറ**
സെക്രട്ടറി

## മാനന്തവാടി ഫൊറോന

മാനന്തവാടി ഫൊറോനയിലെ വൈദികരുടെ ഒക്ടോബർ മാസത്തെ മാസധ്യാനം 9-ാം തീയതി കരിമാനി ഇടവകയിൽ വച്ച് നടന്നു. ബഹു. ജോയ്സ് പീടികയിൽ അച്ചൻ സന്ദേശം പങ്കുവെച്ചു. ഈശോയുടെ മനോഭാവവും ഹൃദയവും അറിയണമെങ്കിൽ വചനത്തിലെ യേശുവിനെ അടുത്തറിയണം എന്ന് ഓർമ്മിപ്പിച്ചു. മാതൃസംഘത്തിന്റെയും കെ.സി.വൈ.എം.ന്റെയും ജപമാല റാലിയിൽ എല്ലാവരുടെയും സഹകരണം മേഖലാ ഡയറക്ടേഴ്സ് അഭ്യർത്ഥിച്ചു. യുവജന കൺവെൻഷന് എല്ലാ ഇടവകകളിലെയും യുവജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കണമെന്ന് കെ.സി.വൈ.എം. മേഖലാ ഡയറക്ടർ അറിയിച്ചു. WSSS ന്റെ നേതൃത്വത്തിൽ പ്രളയദുരന്തത്തിൽ വീട് തകർന്ന ഇടവകകളിൽ സന്ദർശനം നടത്തുന്നതിനായി ഒരു ടീം എത്തുമെന്ന് WSSS അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. മാതൃസംഘത്തിന്റെ മേഖലാ വാർഷികം നവംബർ 17-ന് പാറത്തോട്ടം ഇടവകയിൽ വച്ച് നടക്കുമെന്നും പുതിയ ഭാരവാഹികളെ അതിനു മുമ്പായി കണ്ടെത്തണമെന്നും ഡയറക്ടർ അച്ചൻ അറിയിച്ചു. മാനന്തവാടി മേഖലയിലെ ലോഗോസ് ക്വിസ് മെറ്റീരിയൽസും മിഷൻ കലണ്ടറുകളും വിതരണം ചെയ്തു.

**ഫാ. ജോഫ്രി കളരിക്കൽ**
സെക്രട്ടറി

# കുടുംബകൂട്ടായ്മ

നവംബർ മാസത്തിലെ കുടുംബകൂട്ടായ്മയിൽ ഉപയോഗിക്കേണ്ട പഠനവിഷയം താഴെ ചേർക്കുന്നു. ഈ പഠനവിഷയം തയ്യാറാക്കാൻ സഹായിച്ച ശ്രീ. സാലു എബ്രാഹം മേച്ചേരിക്ക് നന്ദി.

മാനവസമൂഹത്തിൽ വ്യക്തിയും സമൂഹവും അധികാരികളും തമ്മിലുണ്ടായിരിക്കേണ്ട ബന്ധവും കടമകളും ഉത്തരവാദിത്വങ്ങളും സഭ വ്യക്തമായി അവതരിപ്പിക്കുന്നുണ്ട്. മനുഷ്യവ്യക്തി സമൂഹത്തിൽ ജീവിക്കേണ്ടവനാണ്. അതിനായി മനുഷ്യൻ തന്റെ കഴിവുകളെ വികസിപ്പിക്കുന്നു. അതിനുള്ള സാഹചര്യം സമൂഹം വ്യക്തിക്ക് നൽകണം. തിരിച്ച് വ്യക്തി പൊതുനന്മയെപ്രതി സംവിധാനങ്ങളേയും അധികാരികളേയും അനുസരിക്കുകയും വേണം. രാഷ്ട്രത്തിന്റെ നിർബന്ധപൂർവ്വമായ ഇടപ്പെടൽ വ്യക്തിസ്വാതന്ത്ര്യത്തിനും കാര്യക്ഷമതയ്ക്കും തടസ്സം സൃഷ്ടിക്കരുത്. മറിച്ച് സാഹചര്യം നൽകുകയാണ് വേണ്ടത്. ഇതിനായി അധീനവകാശ സംരക്ഷണം എന്ന തത്വം സഭ മുന്നോട്ടുവെയ്ക്കുന്നു. കൂടുതൽ ഉന്നതമായ ഒരു സമൂഹം താഴ്ന്ന പദവിയിലുള്ള സമൂഹത്തിന്റെ (എണ്ണം, സാമൂഹിക സാംസ്കാരിക സാഹചര്യം) ആഭ്യന്തര കാര്യങ്ങളിൽ ഇടപ്പെട്ട് അതിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തരുത്. നേരെമറിച്ച് പൊതുനന്മയെ പരിഗണിച്ച് താഴ്ന്ന സമൂഹത്തിന് പിന്തുണ നൽകുകയും സമൂഹത്തിന്റെ ഇതര ഘടകങ്ങളുമായി ഒന്നിച്ചു പോകുന്നതിനുള്ള സാഹചര്യവും സഹായങ്ങളും നൽകുകയും വേണം. (ccc.1878-to.1885 ) ഇതിൽനിന്നു വേണം നമ്മുടെ രാജ്യം നമുക്കനുവദിച്ചു തരുന്ന ന്യൂനപക്ഷ അവകാശങ്ങളെ നോക്കിക്കാണാൻ. അത് ഔദാര്യമല്ല. അവകാശമാണ്. നാമത് പ്രയോജനപ്പെടുത്തുക എന്നത് നമ്മുടെ ഉത്തരവാദിത്വമാണ്.

**ന്യൂനപക്ഷങ്ങൾ അവകാശങ്ങളും പദ്ധതികളും**

കേരളത്തിലെ ക്രിസ്ത്യൻ, പ്രത്യേകിച്ച് സുറിയാനി കത്തോലിക്കാ വിശ്വാസികൾ ന്യൂനപക്ഷാവകാശങ്ങൾ ഉപയോഗപ്പെടുന്ന കാര്യത്തിൽ വളരെ മടിയുള്ളവരായിട്ടാണ് കണ്ടുവരുന്നത്. ഇതിനു പ്രധാന കാരണം, ഇന്ത്യയിൽ നിലവിലുള്ള ജാതിസംവരണ വ്യവസ്ഥയിൽ താഴ്ന്ന ജാതികൾക്ക് പ്രത്യേകിച്ച് പട്ടികജാതിക്കാർക്കുള്ള സംവരണം പോലെ ന്യൂനപക്ഷസംവരണത്തെ കാണുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. യഥാർത്ഥ്യത്തിൽ ജാതീയമായി താഴ്ന്ന വിഭാഗ

ങ്ങളിൽ ആയിരുന്നവർ അയിത്തംപോലെയുള്ള കാരണങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽ ഒരുകാലത്തും എത്തിപ്പെടാതെ പോയവരെ മുൻപന്തിയിൽ കൊണ്ടുവന്ന് പൊതുസമൂഹ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുകയാണ് ജാതി സംവരണത്തിന്റെ ലക്ഷ്യം. എന്നാൽ ന്യൂനപക്ഷസംവരണം അങ്ങനെയല്ല, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, വിവിധ രാജ്യങ്ങളിലൊക്കെ അംഗബലം കുറഞ്ഞുപോയി എന്നതിന്റെ പേരിൽ വിവിധ മതവിഭാഗങ്ങൾ, ഭാഷാന്യൂനപക്ഷങ്ങൾ ഇവരൊക്കെ ആ പ്രദേശങ്ങളിലെ ഭൂരിപക്ഷ സമൂഹങ്ങളാൽ പീഡിപ്പിക്കപ്പെടുന്നതായി ഐക്യരാഷ്ട്രസഭയുടെ ശ്രദ്ധയിൽപ്പെട്ടു. ഇതിൽ ചില മതവിഭാഗങ്ങൾ ലോകത്തിന്റെ ചില രാജ്യങ്ങളിൽ ഭൂരിപക്ഷമാണെങ്കിൽ അവർതന്നെ മറ്റൊരു രാജ്യത്തെ ന്യൂനപക്ഷമായിരിക്കും. ഈ തരത്തിൽ ക്രമേണ വലിയതോതിലുള്ള അക്രമങ്ങൾ നടക്കുകയും ഓരോ രാജ്യത്തും അവിടുത്തെ ന്യൂനപക്ഷ വിഭാഗങ്ങളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ഭൂരിപക്ഷ വിഭാഗത്തിന്റെ ശ്രമങ്ങൾ ഇല്ലായ്മ ചെയ്യേണ്ടതാണെന്നും അതിനാവശ്യമായ നിയമങ്ങൾ അന്താരാഷ്ട്ര തലത്തിൽ ഉണ്ടാവണമെന്നും ലോകരാജ്യങ്ങൾ ഐക്യരാഷ്ട്ര സഭയുടെ നേതൃത്വത്തിൽ ചർച്ചചെയ്യുകയും ഇതു സംബന്ധിച്ച് അംഗരാജ്യങ്ങൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തത്. ഐക്യരാഷ്ട്ര സഭയുടെ നേതൃത്വത്തിൽ ചർച്ചചെയ്യുകയും ഇത് രാജ്യത്തെവിടെയും ജനിച്ചുവളർന്ന മതന്യൂനപക്ഷങ്ങൾ, ഭാഷാന്യൂനപക്ഷങ്ങൾ ഇവരുടെ സംസ്ക്കാരവും ജീവിത രീതികളും സംരക്ഷിക്കപ്പെടേണ്ടതും നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കപ്പെടേണ്ടതുമാണെന്ന് അന്താരാഷ്ട്ര സമൂഹം കരുതുന്നു. ലോകത്തിലെ ജനാധിപത്യ രാഷ്ട്രങ്ങളിലെല്ലാം എല്ലാതരം ന്യൂനപക്ഷങ്ങളെയും സംരക്ഷിക്കുന്നതിന് ആവശ്യമായ നിയമങ്ങൾ നിലനിൽക്കുന്നുമുണ്ട്. പൊതുസമൂഹത്തിൽ ഒരു തരത്തിലും മത– ഭാഷാ ന്യൂനപക്ഷങ്ങൾക്ക് അരക്ഷിതാവസ്ഥ തോന്നാൻ പാടില്ലാത്തവിധത്തിൽ അവർ സംരക്ഷിക്കപ്പെടേണ്ടതാണ്. അത് അന്താരാഷ്ട്ര സമൂഹവും അവനവൻ ജീവിക്കുന്ന രാജ്യവും നമുക്ക് നൽകുന്ന ഉറപ്പാണ്. ലോകത്തിലെ ഭൂരിപക്ഷം രാജ്യങ്ങളിലും ഭൂരിപക്ഷ സമൂദായമായ ക്രിസ്ത്യൻ സമൂഹം കുറെ രാജ്യങ്ങളിൽ ന്യൂനപക്ഷമാണ്. ക്രിസ്ത്യൻ സമുദായം ഭൂരിപക്ഷമായ രാജ്യങ്ങളിൽ ജീവിക്കുന്ന ഹിന്ദു, മുസ്ലീം, ബുദ്ധ, സിഖ്, പാർസി തുടങ്ങിയ സമുദായങ്ങൾ ഉയർന്ന തോതിൽ ന്യൂനപക്ഷ സംവരണത്തിന്റെ ഗുണഫലങ്ങൾ അനുഭവിക്കുന്നവരാണ്. അതുകൊണ്ടുതന്നെ ഇന്ത്യയിൽ മതന്യൂനപക്ഷങ്ങൾ എന്ന നിലയ്ക്ക് നമുക്ക് ലഭ്യമാകുന്ന ന്യൂനപക്ഷാവകാശങ്ങൾ സ്വീകരിക്കുന്നതിന് നാണക്കേടു

വിചാരിച്ച് മടിക്കേണ്ട കാര്യമില്ല. മറിച്ച് ലഭ്യമാകുന്ന എല്ലാ പദ്ധതികളും നമ്മുടെ അവകാശമായി കണ്ട് പരമാവധി ഇതിന്റെ ഗുണ ഫലങ്ങൾ സ്വീകരിച്ച് ഉപയോഗപ്പെടുത്തുകയാണ് വേണ്ടത്. ഇല്ലെങ്കിൽ നമുക്കവകാശപ്പെട്ടത് നമ്മൾ ഉപയോഗപ്പെടുത്താത്ത സാഹചര്യത്തിൽ മറ്റുള്ളവർ ഉപയോഗപ്പെടുത്തുകയും കാലക്രമേണ നമ്മുടെ വിഭാഗത്തിനനുവദിക്കുന്ന തുകയിൽ കുറവുവരുത്തുകയും ചെയ്യും.

ഇത് പിന്നീടുള്ള സമുദായംഗങ്ങളുടെ വളർച്ചയിലും നമ്മുടെ സംസ്ക്കാരത്തെ നാം രക്ഷിക്കുന്നതിലും ദീർഘകാലാടിസ്ഥാനത്തിൽ ദോഷകരമായി ബാധിക്കും. അതു മനസ്സിലാക്കി നമ്മൾ ഇത്തരം പദ്ധതികൾക്ക് അപേക്ഷിക്കുകയും ഗുണഭോക്താക്കളായി മാറുകയും വേണം.

ഇന്ത്യയിൽ കേന്ദ്രഗവൺമെന്റ് മുസ്ലീം മതന്യൂനപക്ഷത്തിന്റെ പിന്നോക്ക അവസ്ഥ പഠിക്കുന്നതിനും പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുംവേണ്ടി നിയമിച്ച രജീന്ദർ സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറേയേറെ ഫണ്ട് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ വകയിരുത്തുന്നുണ്ട്. ഇന്ത്യയിലെ ഏതാണ്ടെല്ലാ സ്റ്റേറ്റുകളിലും ഈ ഫണ്ടുകൾ മുസ്ലീം ന്യൂനപക്ഷത്തിന് മാത്രമാണ് ലഭിക്കുന്നത്. എന്നാൽ കേരളത്തിന്റെ സവിശേഷ സാഹചര്യം പരിഗണിച്ച് കേരളത്തിൽ ചിലവഴിക്കുന്ന കേന്ദ്രസംസ്ഥാന ന്യൂനപക്ഷ ഫണ്ടിന്റെ 80 ശതമാനം മുസ്ലീം സമുദായങ്ങൾക്കും 20 ശതമാനം ക്രിസ്ത്യൻ, ജൈന, തുടങ്ങിയ ഇതര ന്യൂനപക്ഷ സമുദായങ്ങൾക്കുമായി മാറ്റിവെച്ചിരിക്കുന്നു. ആവശ്യമായ തോതിൽ അപേക്ഷകരിലെങ്കിൽ ഭാവിയിൽ നമുക്ക് വകയിരുത്തിയിരിക്കുന്ന 20 ശതമാനം പോലും ലഭ്യമാകാത്ത അവസ്ഥ സംജാതമാകുമെന്നതിനാൽ പരമാവധി ആളുകൾ ഇത്തരം പദ്ധതികളിൽ അപേക്ഷിക്കണം. പ്രധാനമായും കേന്ദ്രാവിഷ്കൃതം, സംസ്ഥാനാവിഷ്കൃതം, ന്യൂനപക്ഷ ക്ഷേമത്തിനായി സ്ഥാപിക്കപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളുടെ തനതു ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന പ്രവർത്തനങ്ങൾ എന്നിങ്ങനെയാണ് പദ്ധതികൾ രൂപീകരിച്ചിരിക്കുന്നത്.

**ന്യൂനപക്ഷ കമ്മീഷൻ**

കേന്ദ്രന്യൂനപക്ഷ കമ്മീഷനും കേരള ന്യൂനപക്ഷ കമ്മീഷനുമുണ്ട്. ഇവക്ക് രാജ്യത്തെ സിവിൽ കോടതികളുടെ എല്ലാ അവകാശങ്ങളും അധികാരങ്ങളും ഉണ്ട്. അതിർത്തി തർക്കം, കുടിവെള്ളം, വൈദ്യുതി തുടങ്ങി ഗവമെന്റിൽ നിന്ന് ലഭിക്കേണ്ട ഏതെങ്കിലും സഹായങ്ങൾ നിഷേധിക്കപ്പെടുമ്പോഴും അവ ലഭ്യമാകുന്നതിന് ന്യൂനപക്ഷ സമുദായാംഗമെന്നനിലക്ക് തടസ്സം നേരിടുന്നെങ്കിൽ സംസ്ഥാന

ന്യൂനപക്ഷ കമ്മീഷനെ സമീപ്പിക്കാവുന്നതാണ്. കോടതികളിലേക്കും മറ്റും പോകുന്നതിനും മുമ്പ് ആദ്യംതന്നെ കമ്മീഷനെ നേരിട്ട് സമീപിക്കുകയാണെങ്കിൽ പ്രസ്തുത കാര്യം നടപ്പിലാക്കി കിട്ടുന്നതിന് കമ്മീഷന് നേരിട്ട് ഉത്തരവിടാൻ സാധിക്കും. അത് അനുസരിക്കാൻ സർക്കാർ ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണുതാനും. ഈ അഡ്രസിൽ പരാതികൾ അയക്കാവുന്നതാണ്. പരാതികൾ നൽകുന്നതിന് യാതൊരു ഫീസും ഈടാക്കുന്നതല്ല. സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആഞ്ജനേയ ടി. സി. 9./1023(2), ശാസ്ത്രമംഗലം തിരുവനന്തപുരം-10 kscminorities@gmail.com., Ph: 04712315133.

പ്രധാന ന്യൂനപക്ഷ പദ്ധതികൾ സംസ്ഥാന ന്യൂനപക്ഷ വകുപ്പ് സംസ്ഥാന ഫണ്ടുപയോഗിച്ച് നടത്തുന്ന പദ്ധതികൾ 1. ഇമ്പിച്ചി ബാവ ഭവന പദ്ധതി (വിധവകൾ, ഉപേക്ഷിക്കപ്പെട്ടവർ, ബന്ധം വേർപ്പെടുത്തിയവർ എന്നിവർക്കുള്ളത്.) പുതിയ ഭവനം നിർമ്മിക്കുന്നതിനും നിലവിലുള്ള ഭവനത്തിന്റെ പുനരുദ്ധാരണത്തിനും ഈ പദ്ധതി പ്രകാരം ഫണ്ടനുവദിക്കും (പുതിയ വീടിന് 250000 രൂപ /പുനരുദ്ധാരണം 50000 രൂപ രണ്ടും തിരിച്ചടക്കേണ്ടതില്ല) 2. സൗജന്യ വ്യക്തിത്വ വികസന കരിയർ ഗൈഡൻസ് പരിശീലനം (നമ്മുടെ സ്കൂളുകളിൽ വിദഗ്ദർ വന്ന് പരിശീലനം നൽകുന്ന പദ്ധതി.), 3. വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, 4. യുവജനങ്ങൾക്ക് മത്സര പരീക്ഷകൾക്കാവശ്യമായ പരിശീലന കേന്ദ്രങ്ങൾ, 5. സ്വകാര്യ ഐ ടി ഐ വിദ്യാർത്ഥികൾക്ക് ഫീസ്, റീഇംപേഴ്സ്മെന്റ് സ്കിം, 6. സിവിൽ സർവ്വീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, റീഇംപേഴ്സ്മെന്റ് സ്കിം, ചാർട്ടേഡ് അക്കൗണ്ടൻസി ./ കോസ്റ്റ് വർക്ക് അക്കൗണ്ടൻസി./കമ്പനി സെക്രട്ടറി തുടങ്ങിയ കോഴ്സുകൾക്ക് സ്കോളർഷിപ്പ്, 8. ന്യൂനപക്ഷങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ, 9. ന്യൂനപക്ഷകേന്ദ്രീകൃത വില്ലേജുകളിലെ സ്ക്കൂളുകൾ വെർച്ചൽ ./സ്മാർട്ട് ക്ലാസ്സു റൂമുകളുടെ നിർമ്മാണം തുടങ്ങി 14 ഓളം പദ്ധതികൾ ഈ വിഭാഗത്തിലുണ്ട്.

**കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം നേരിട്ട് ധനസഹായം അനുവദിക്കു പദ്ധതികൾ**

1. ന്യൂനപക്ഷ വനിതകൾക്ക് നേരിട്ട് പരിശീലനം നൽകുന്ന നയ്റോഷ്നി പദ്ധതി, 2. തൊഴിലധിഷ്ഠിത പരിശീലനം (സീക്കോ ഓർക്കാവോ), 3. വിദേശത്തു പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ലോണുകൾക്ക് സബ്സിഡി (പഠോ പർദേശ്), 4. ന്യൂന

പക്ഷ വിഭാഗങ്ങളുടെ സാംസ്കാരിക പൈതൃകം കാത്തു സംരക്ഷിക്കുന്നതിനുള്ള ഹമാരി ധരോഹർ തുടങ്ങി ഏഴോളം പദ്ധതികൾ ഈ വിഭാഗത്തിൽ ഉണ്ട്.

**വിദ്യാഭ്യാസ സ്‌ക്കോളർഷിപ്പുകൾ (കേന്ദ്ര- സംസ്ഥാന ഫണ്ടുകളുപയോഗിച്ച്)**

1. പ്രി മെട്രിക് (ഒന്നു മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് 100 രൂപ മുതൽ 600 രൂപ വരെ വാർഷികം/മാസം) പോസ്റ്റ് മെട്രിക്, മെരിറ്റ് കം മീൻസ് സ്‌ക്കോളർഷിപ്പുകൾ (11 മുതൽ പി ജി വരെ പ്രതിമാസം 570 രൂപ മുതൽ 20000 രൂപ വരെ)

കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ വഴി 1. സ്വയം തൊഴിൽ പദ്ധതി പരമാവധി 10 ലക്ഷം രൂപ വരെ 6- 7 % പലിശ നിരക്കിൽ, 2. വനിതകൾക്കുള്ള പ്രത്യേക സ്വയം തൊഴിൽ പദ്ധതി 1 ലക്ഷം രൂപ 5. % ആൺകുട്ടികൾക്ക് 4% പെൺകുട്ടികൾക്ക് 3.5 %), 4. സിഡി എസ്സുകൾക്ക് ഒരു ലക്ഷം എൻജി ഒകൾക്ക് പരിധിയില്ല. 3.5 %.മുതൽ 5. % വരെ നിരക്കിൽ, 5. സിഡി എസ്സുകൾക്ക് 1 കോടി വരെ 4- 5 % നിരക്കിൽ

മതന്യൂനപക്ഷങ്ങൾക്ക് മാത്രമായുള്ള NMDFC പദ്ധതികൾ 1. സ്വയം തൊഴിൽ (1) 20 ലക്ഷം (6 %), 2. സ്വയം തൊഴിൽ (2) 30 ലക്ഷം (പുരുഷൻ 8. % സ്ത്രീ 6. %), 3. സ്വദേശ പഠനം 10 ലക്ഷം വരെ വിദേശപഠനം 30 ലക്ഷം (ആൺകുട്ടി 8% പെൺകുട്ടി 5%) ഉയർന്ന നിരക്കിൽ ബാങ്കുലോണുകൾ ഉപയോഗിക്കുന്നവർ ഇത്തരം പലിശ കുറഞ്ഞ ലോണുകളിലേക്ക് മാറാൻ ശ്രമിക്കുന്നത് നന്നായിരിക്കും

**KSBCDC പദ്ധതികൾ (മതന്യൂനപക്ഷങ്ങൾ, OBC)**

വിദേശത്ത് ജോലി നേടി പോകുന്നതിന് 2 ലക്ഷം പലവിധ ആവശ്യങ്ങൾക്ക് 2 ലക്ഷം പ്രവർത്തന മൂലധന വാഴ്ച 3 ലക്ഷം, ബിസ്സിനസ്സ് ഡവലപ്പ്മെന്റ് വായ്പ 3 ലക്ഷം (9. %), വിദ്യശ്രീ വായ്പ 3 ലക്ഷം (6%), കൺസ്യൂമർ ഡ്യൂറബിൾ വായ്പ 2 ലക്ഷം (10%), വാഹന വായ്പ 6 ലക്ഷം (9%), വീടു നന്നാക്കുന്നതിന് 5 ലക്ഷം (10 %), വ്യക്തിഗത വായ്പ 3 ലക്ഷം (11 %), സ്വയം തൊഴിൽ 20 ലക്ഷം (8%) തുടങ്ങി വിവിധ സ്കീമുകളിലായി സ്ഥല പരിമിതിമൂലം ഇവിടെ പരാമർശിക്കാത്ത മറ്റ് നിരവധി സ്കീമുകളുണ്ട്. മീനങ്ങാടി, വെസ്റ്റ്ഹിൽ എന്നിവിടങ്ങളിലാണ് ഈ സ്ക്കീമുകൾ നടപ്പിലാക്കുന്ന പ്രധാന ഓഫീസുകൾ ഉള്ളത്. ഓരോ സ്കീമുമായി ബന്ധപ്പെട്ട ഇതിൽ ഏതെങ്കിലും ഒരു ഓഫീസിൽ അന്വേഷിച്ചാൽ ആ സ്കീമിന് എവിടെയാണ് അപേക്ഷ കൊടുക്കേണ്ടതെന്ന് അറിയാൻ കഴിയും കോഴിക്കോട് 0495-2367331

വിവിധങ്ങളായ ന്യൂനപക്ഷ പദ്ധതികൾ ഉപയോഗിച്ച് നമ്മുടെ സമുദായങ്ങൾക്ക് വളർച്ച പ്രാപിക്കുന്നതിനാവശ്യമായ സാഹചര്യം നമ്മുടെ രാജ്യത്ത് ഇന്ന് നിലവിലുണ്ട്. ഈ സഹചര്യങ്ങളെ ബുദ്ധിപൂർവ്വം ഉപയോഗിക്കുന്നതിന് നമ്മൾ തയ്യാറാവണം. ഉയർന്ന പലിശനിരക്കിലുള്ള ലോണുകളിൽനിന്നും ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള പലിശ കുറഞ്ഞ ലോണുകളിലേക്ക് മാറിയാൽ മാത്രം നമുക്ക് വലിയ ലാഭമുണ്ടാകുമെന്ന് നാം തിരിച്ചറിയണം. ന്യൂനപക്ഷ അവകാശങ്ങൾ നമ്മുടെ അവകാശമാണ്. അതുപയോഗിക്കുന്നതിന് മടി കാണിക്കേണ്ടതില്ല. ഈ സൈറ്റുകളിൽ പരിശോധിച്ചാൽ വിവിധ സ്കീമുകളേപറ്റിയുള്ള വിവരങ്ങൾ ലഭ്യമാകും.

1. http//www.minoritywelfare kerala. gov.in /#
2. http//www.bcdd.kerala. gov.in /
3. Kozhikode Regional Office, Regional Deputy Director
   Backward Communities Development Department, Civil Station
   I$^{st}$ Floor, Kozhikode - 673020, Ph. 0495-2377786
   Fax No. 0495- 2377796, Email: bcddkkd@gmail.com

ആവശ്യമായ ഇടവകകളിൽ ന്യൂനപക്ഷ അവകാശങ്ങളെ പറ്റിയും പദ്ധതികളേപ്പറ്റിയും ക്ലാസ്സുകൾ എടുക്കുന്നതിന് കുടുംബ കൂട്ടായ്മ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

**ഫാ. പോൾ വാഴപ്പിള്ളി**
ഡയറക്ടർ, കുടുംബക്കൂട്ടായ്മ

**യൂത്ത് ട്രാവലർ**

യുവജനങ്ങൾ ആയിരിക്കുന്ന ഇടങ്ങൾതേടി അവരെ കണ്ടെത്തുന്ന ആത്മീയ പരിപാടിയായ യൂത്ത് ട്രാവലറിന്റെ ഭാഗമായി യുവജന കൺവെൻഷനോടനുബന്ധിച്ച് 26-09-2018 ചൊവ്വാഴ്ച സെന്റ് ജോർജ്ജ് റ്റി.റ്റി.ഐ പുൽപ്പള്ളി, പഴശ്ശിരാജാ കോളേജ് പുൽപ്പള്ളി, ഡോൺബോസ്ക്കോ കോളേജ് ബത്തേരി, സെന്റ് അൽഫോൻസാ കോളേജ് ബത്തേരി, 28-09-2018 വെള്ളിയാഴ്ച ഗവൺമെന്റ് എൻജിനീയറിംഗ് കോളേജ് തലപ്പുഴ, വിമൽജ്യോതി ഹോസ്റ്റൽ ബത്തേരി, അൽഫോൻസാ ഹോസ്റ്റൽ ബത്തേരി, 01-08-2018 തിങ്കളാഴ്ച ഡി പോൾ ഹോസ്റ്റൽ കല്പറ്റ, വിമൻസ് വർക്കിംഗ് ഹോസ്റ്റൽ കല്പറ്റ കൂടാതെ 04-10-2018 വ്യാഴാഴ്ച പിയോഭവൻ വടുവൻചാൽ, സി.എസ്.റ്റി ആശ്രമം കല്പറ്റ തുടങ്ങിയ സ്ഥലങ്ങളിലും യുവജനങ്ങളെ സന്ദർശിക്കുകയും യുവജന കൺവെൻഷനെ കുറിച്ചുള്ള അറിയിപ്പുകൾ നൽകുകയും ചെയ്തു.

**ഇടവകാ സന്ദർശനം**

യുവജന വർഷത്തോടനുബന്ധിച്ച് നടത്തുന്ന കൺവെൻഷന് ഒരുക്കമായി 30-09-2018 ഞായർ ഹോളിക്രോസ് ഫൊറോനാ ചർച്ച് നടവയൽ, 25-09-2018 സെന്റ് മേരീസ് ചർച്ച് കല്ലുവയൽ, 07-10-2018 ഫൊറോനാ ചർച്ച് ചുങ്കക്കുന്ന് തുടങ്ങിയ സ്ഥലങ്ങളിൽ വി.കുർബാന, പ്രസംഗം, യുവജന സെമിനാറുകൾ തുടങ്ങിയവക്ക് യൂത്ത്മിനിസ്ട്രി ഡയറക്ടർ നേതൃത്വം നല്കി.

**ജാഗരണ പ്രാർത്ഥന**

യുവജന കൺവെൻഷന്റെ വിജയത്തിനുവേണ്ടിയുള്ള ജാഗരണ പ്രാർത്ഥന എല്ലാദിവസവും യൂത്ത് മിനിസ്ട്രി ഓഫീസ് ചാപ്പലിൽ നടക്കുന്നു.

**യൂത്ത് കൺവെൻഷൻ വോളണ്ടിയേഴ്സ് ട്രെയിനിംഗ്**

ഒക്ടോബർ 18,19,20,21 തീയതികളിൽ നടക്കുന്ന കൺവെൻഷന്റെ വോളണ്ടിയേഴ്സിന്റെ യോഗം സെന്റ് പാട്രിക്സ് സ്കൂളിൽവെച്ച്

കെ.സി.വൈ.എം. ദ്വാരക മേഖലാ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി, കല്ലോടി മേഖലാ ഡയറക്ടർ ഫാ.ജെയ്സ് പൂതക്കുഴി, ചുങ്കക്കുന്ന് മേഖലാ ഡയറക്ടർ ഫാ.ബിജു ഉറുമ്പിൽ ഇവരുടെ നേതൃത്വത്തിൽ 02-10-2018 ചൊവ്വാഴ്ച്ച ഉച്ചക്ക് 1.30 മുതൽ 3.30 വരെ നടന്നു. മീറ്റിംഗ് സമയങ്ങളിൽ ഒരു ഗ്രൂപ്പ് വോളണ്ടിയേഴ്സ് ദിവ്യകാരുണ്യ സന്നിധിയിൽ പ്രാർത്ഥിക്കുകയും തൽസമയം വ്യത്യസ്ത കമ്മറ്റികൾ തങ്ങൾക്ക് ഏല്പ്പിക്കപ്പെട്ടിരിക്കുന്ന ഉത്തരവാദിത്വങ്ങളെകുറിച്ച് ബഹുമാനപ്പെട്ട വൈദീകരുടെ നേതൃത്വത്തിൽ ചർച്ചചെയ്യുകയും അനുയോജ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. അമ്പായത്തോട് വികാരി ഫാ.ബിജു ഉറുമ്പിൽ, വാളേരി വികാരി ഫാ.ജെയ്സ് പൂതക്കുഴി, റേഡിയോ മാറ്റൊലി ഡയറക്ടർ ഫാ.ബിജോ കറുകപ്പിള്ളി, ജീസസ്സ് യൂത്ത് ഡയറക്ടർ ഫാ.ജെയ്മോൻ കളമ്പുകാട്ട്, കെ.സി.വൈ.എം ഡയറക്ടർ ഫാ.റോബിൻ പടിഞ്ഞാറയിൽ തുടങ്ങിയ വൈദീകർ സന്നിഹിത രായിരുന്നു.

13-10-18 ശനിയാഴ്ച ഉച്ച കഴിഞ്ഞ് 1.30 ന് വോളണ്ടിയേഴ്സിന്റെ യോഗം സെന്റ് പാട്രിക്സ് സ്കൂളിൽവെച്ച് നടന്നു. ഓരോരുത്തരും ഏറ്റെടുത്ത ഉത്തരവാദിത്തങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. 100 പേർ യോഗത്തിൽ പങ്കെടുത്തു.

**കൺവെൻഷൻ പന്തലിന്റെ കാൽനാട്ട് കർമ്മം**

യുവജന കൺവെൻഷന് വേണ്ടിയുള്ള പന്തലിന്റെ കാൽനാട്ടൽ കർമ്മം 04-10-2018 വ്യാഴാഴ്ച്ച രാവിലെ 8 മണിക്ക് സെന്റ് പാട്രിക്സ് ഗ്രൗണ്ടിൽ മാനന്തവാടി രൂപതാ പ്രൊക്കുറേറ്റർ ഫാ.ജിൽസൺ കോക്കണ്ടത്തിൽ നിർവഹിച്ചു. ഈ മഹനീയ മുഹൂർത്തത്തിന് പയ്യംമ്പള്ളി ഫൊറോനാ വികാരി ഫാ.ജോയി പുല്ലംകുന്നേൽ, പടമല വികാരി ഫാ.ജോണി കല്ലുപ്പുര, ഒണ്ടയങ്ങാടി വികാരി ഫാ.തോമസ് തൈക്കുന്നുംപുറം, രൂപതാ ചാൻസിലർ ഫാ.സജി നെടുങ്കല്ലേൽ, രൂപതാ സെക്രട്ടറി ഫാ.പ്രകാശ് വെട്ടിക്കൽ, പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ.പോൾ വാഴപ്പിള്ളി, ചെറുപുഷ്പ മിഷൻലീഗ് ഡയറക്ടർ ഫാ. ഷിജു ഐക്കരക്കാനായിൽ, രൂപതാ കെ.സി.വൈ.എം പ്രസിഡന്റ് ജിഷിൻ, യുവജന സുഹൃത്തുക്കൾ, വിൻസെന്റ്ഗിരി സിസ്റ്റേഴ്സ്, യൂത്ത്മിനിസ്ട്രി ടീം അംഗങ്ങൾ എന്നിവരും സന്നിഹിതരായിരുന്നു. ഈ കർമ്മത്തിന് നേതൃത്വം നല്കിയ ജീസസ്സ്

യൂത്ത് ഡയറക്ടർ ഫാ.ജെയ്മോൻ കളമ്പുകാട്ടിനും സാന്നിധ്യ ത്തിലൂടെയും പ്രാർത്ഥനയിലൂടെയും കരങ്ങൾകോർത്ത എല്ലാവർക്കും നന്ദി.

**ദിവ്യകാരുണ്യ സന്നിധിയിൽ അമ്മയോടൊപ്പം**

യുവജനവർഷത്തോടനുബന്ധിച്ച് 48 മണിക്കൂർ അഖണ്ഡ ജപമാല 09-10-2018 ചൊവ്വാഴ്ച്ച രാവിലെ 6 മണിക്ക് വി.കുർബാനയോടെ ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ ആരംഭിച്ച് വ്യാഴാഴ്ച്ച രാവിലെ എട്ട് മണിക്ക് വിശുദ്ധ കുർബാനയോടെ അവസാനിച്ചു. ഫാ.മാത്യു കാട്ടറാത്ത്, കെ.സി.വൈ.എം ഡയറക്ടർ ഫാ.റോബിൻ പടിഞ്ഞാറയിൽ, കണിയാരം കെ.സി.വൈ.എം പ്രസിഡന്റ് പ്രിൻസ്, ഒണ്ടയങ്ങാടി കെ.സി.വൈ.എം പ്രസിഡന്റ് മാർട്ടിൻ സ്രാത്താനത്തും യുവജനങ്ങളും ആനിമേറ്റർ സി.റോസ്ന എസ്.സി.വിയും, എഫ്.സി.സി കോൺഗ്രിഗേഷനിൽ നിന്നും, വിൻസൻഷ്യൻ കോൺഗ്രിഗേഷനിൽ നിന്നും സിസ്റ്റേഴ്സും, വിവിധ ഇടവകകളിൽ നിന്ന് മാതാപിതാക്കളും ഈ അഖണ്ഡ ജപമാലയിൽ പങ്കെടുത്തു.

**ഫാ. ലാൽ ജേക്കബ് പൈനുങ്കൽ**
യുവജനവർഷ ജനറൽ കൺവീനർ

**മതാധ്യാപകദിനം**

നവംബർ 11-ാം തിയതി മതാധ്യാപകദിനമാണ്. "എന്റെ കുഞ്ഞു മക്കളേ, ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി ഈറ്റുനോവ് അനുഭവിക്കുന്നു"(ഗലാ.4:19). ക്രിസ്തുവിശ്വാസത്തിലേക്ക് ആളുകളെ കൊണ്ടുവരിക, അവരിൽ ക്രിസ്തുവിനെ രൂപപ്പെടുത്തിയെടുക്കുക ഇവ രണ്ടും സുവിശേഷ പ്രവർത്തനത്തിന്റെ ലക്ഷ്യങ്ങളാണ്. പൗലോസ് ശ്ലീഹാ അനുഭവിച്ച ഈറ്റുനോവ് ഇന്നും സഭയ അനുഭവിക്കുന്നുണ്ട്. സഭാതനയരിൽ ക്രിസ്തുവിനെ രൂപപ്പെടുത്തിയെടുക്കുവാനുള്ള നോവാണത്. കുട്ടികളിൽ വിശ്വാസം ആഴപ്പെടുത്തുകയും വിശ്വാസത്തിന് അനുസൃതമായ മനോഭാവങ്ങളും മൂല്യങ്ങളും വളർത്തിയെടുക്കുകയും ചെയ്യുന്നത് ശ്രമകരമായ ദൗത്യമാണ്. ഇതിനുള്ള പ്രഥമ ചുമതല മാതാപിതാക്കൾക്കാണെങ്കിലും സഭാസമൂഹത്തിന് മുഴുവനും ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട്. മതബോധന ക്ലാസ്സുകളിലൂടെ ഈ ഉത്തരവാദിത്വമാണ് സഭ നിർവ്വഹിക്കാൻ ശ്രമിക്കുന്നത്. മതബോധനത്തിന്റെ ഉത്തരവാദിത്വം ഗൗരവമായെടുത്ത് ഇടവകയിൽ നിറവേറ്റുവാൻ സഹായിക്കുന്ന മുഴുവൻ മതാധ്യാപകരേയും നന്ദിയോടെ അനുസ്മരിക്കുന്നു. ഇടവകയിലെ പ്രഥമ മതാധ്യാപകനായ ബഹു. വികാരിയച്ചനും വികാരിയച്ചനെ മതബോധനം എന്ന ദൗത്യത്തിൽ സഹായിക്കുന്ന മുഴുവൻ മതാധ്യാപകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങൾ.

**HM, PP കോൺഫ്രൻസ് ഡിസംബർ 8 ന്**

ഈ അദ്ധ്യയന വർഷത്തെ രണ്ടാമത്തെ HM, PP കോൺഫ്രൻസ് ഡിസംബർ 8-ാം തിയ്യതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. പ്രധാനാധ്യാപകർ അന്നേദിവസം വരുമ്പോൾ കുട്ടികളുടെ പരീക്ഷാ ചോദ്യപേപ്പറിന്റെ വില കൊണ്ടുവരണം. ഡിപ്ലോമ (X) സ്കോളർഷിപ്പ് (IV,VII) പരീക്ഷകളുടെ രജിസ്ട്രേഷൻ ഫോറങ്ങൾ കൃത്യമായും വ്യക്തമായും പൂരിപ്പിച്ച് (in English Capital Letters) ഓഫീസിൽ ഏൽപ്പിക്കണം. HCC ഹാൾടിക്കറ്റ് കൈപ്പറ്റുകയും ചെയ്യണം.

**HDC കോൺടാക്ട് ക്ലാസ്സ്**

HDC രണ്ടാം വർഷക്കാരുടെ കോൺടാക്ട് ക്ലാസ്സ് നവംബർ 6–ാം തിയ്യതി രാവിലെ 9.30ന് മണിമൂളിയിൽ വച്ച് നടത്തപ്പെടുന്നതാണ്.

HDC ഒന്നാം വർഷക്കാരുടെ കോൺടാക്റ്റ് ക്ലാസ്സ നവംബർ 10–ാം തിയ്യതി രാവിലെ 9.30 ന് ദ്വാരകയിലും ഡിസംബർ 1 ന് ബത്തേരിയിലും വച്ച് നടത്തപ്പെടുന്നതാണ്.

**മണിമൂളി നിലമ്പൂർ റീജിയൺ DCC ക്ലാസ്സ്**

മണിമൂളി-നിലമ്പൂർ റീജിയണിൽ നിന്നും നീലഗിരി റീജിയണിൽ നിന്നും DCC കോഴ്സിനായി ഈ വർഷം രജിസ്റ്റർ ചെയ്തവരുടെ ക്ലാസ്സ് നവംബർ 6–ാം തിയ്യതി രാവിലെ 9.30 ന് മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**പ്ലസ്ടു വിദ്യാർത്ഥി സംഗമം**

പ്ലസ്ടു വിദ്യാർത്ഥികളുടെ സംഗമം നവംബർ 11–ാം തിയതി നിലമ്പൂർ മണിമൂളി മേഖലയിലും നവംബർ 18–ാം തിയ്യതി ചുങ്കക്കുന്ന് മേഖലയിലും നവംബർ 25–ാം തിയതി കല്ലോടി മേഖലയിലും ഡിസംബർ 2–ാം തിയതി പയ്യമ്പള്ളി മേഖലയിലും ഡിസംബർ 9–ാം തിയതി മാനന്തവാടി മേഖലയിലും നടത്തപ്പെടുന്നതാണ്.

**DCC II Year കോൺടാക്ട് ക്ലാസ്സ് ഡിസംബർ – 26 ന്**

2017–2019 ബാച്ചിന്റെ അടുത്ത കോൺടാക്റ്റ് ക്ലാസ്സ് ഡിസംബർ 26– ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതായിരിക്കും.

**രൂപതാ +1 വിദ്യാർത്ഥി സംഗമം**

ഡിസംബർ 16–ാം തീയതി ഞായറാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്ലസ് വൺ വിദ്യാർത്ഥി സംഗമം നടത്തപ്പെടുന്നു. +1 ൽ വിശ്വാസപരിശീലനം നേടുന്ന മുഴുവൻ വിദ്യാർത്ഥികളേയും +1 അധ്യാപകരേയും ഏറെ സന്തോഷത്തോടെ രൂപതാ മതബോധന കേന്ദ്രം ഈ കൺവെൻഷനിലേക്ക് സ്വാഗതം ചെയ്യുന്നു. എല്ലാ +1 വിദ്യാർത്ഥികളും നിർബന്ധമായും ഈ കൺവെൻഷനിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുക. കൺവൻഷനുമായി ബന്ധപ്പെട്ട ചില പ്രധാന കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നു.

നമ്മുടെ രൂപതയിൽ പതിനൊന്നാം ക്ലാസ്സിൽ വിശ്വാസ പരിശീലനം നേടുന്ന മുഴുവൻ വിദ്യാർത്ഥികളും ഒന്നുചേരുന്ന സംഗമമാണിത്. 12 വർഷത്തെ വിശ്വാസ പരിശീലനത്തിനിടയിൽ ഒരിക്കൽ എങ്കിലും രൂപതയിൽ ഒത്തുചേരുവാനുള്ള അവസര

മൊരുക്കുക, കൗമാര പ്രായക്കാർ ഇന്ന് അഭിമുഖീകരിക്കുന്ന വിശ്വാസ പ്രതിസന്ധികൾ ചർച്ചയ്ക്ക് വിധേയമാക്കുക എന്നീ ലക്ഷ്യത്തോ ടെയാണ് ഈ ഏകദിന കൺവൻഷൻ ക്രമീകരിച്ചിരിക്കുന്നത്.

രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 100 രൂപയാണ്. രജിസ്ട്രേഷൻ ഫോം കത്തിനൊപ്പം അയയ്ക്കുന്നതാണ്. കൺവൻഷൻ ദിവസം രജിസ്ട്രേഷൻ കൗണ്ടറുകളിൽ രജിസ്ട്രേഷൻ ഫോം രജിസ്ട്രേഷൻ ഫീസിനൊപ്പം ഏൽപ്പിച്ചാൽ മതി. അന്നത്തെ പ്രോഗ്രാം ക്രമീകരിച്ചിരി ക്കുന്നത് താഴെ പറയും വിധമായിരിക്കും.

| | | |
|---|---|---|
| 9.00 am | - | Registration |
| 9.30 am | - | Holy Mass |
| 11.15 am | - | Class |
| 1.00 pm | - | Lunch |
| 1.45 pm | - | Interaction |
| 4.15 pm | - | Departure |

**പ്ലസ് ടു പ്രതിഭാ സംഗമം**

പ്ലസ് ടു വിദ്യാർത്ഥികളുടെ ഫൊറോനാതല പ്രതിഭാസംഗമം നടത്തി രൂപതാതല സംഗമത്തിനുള്ള കുട്ടികളുടെ പേര് നവംബർ 30–ന് മുമ്പ് ഓഫീസിൽ അറിയിക്കേണ്ടതാണ്. ഫൊറോനാതല പ്രതിഭാ സംഗമത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് ആൺകുട്ടികളുടെയും രണ്ട് പെൺകുട്ടികളുടെയും പേര്, വീട്ടുപേര്, ഇടവക, ഫോൺ നമ്പർ എന്നിവയാണ് ഓഫീസിൽ തരേണ്ടത്. ഫൊറോനാ മതബോധന ഡയറക്ടേഴ്സും സെക്രട്ടറിമാരും ശ്രദ്ധിക്കുമല്ലോ.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**

ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയമുള്ള മിഷൻലീഗ് കുടുംബാംഗങ്ങളെ,

ഓർമ്മകളുടെ മാസമാണ് നവംബർ. നമ്മൾ ഇന്നായിരിക്കുന്നതിനു കാരണമായ പൂർവ്വികരുടെ പരിത്യാഗ സ്മൃതികളിലേയ്ക്കു തുറന്നിട്ടൊരു ജാലകം ഈ മാസത്തിനുണ്ട്. ഓർമ്മകൾ വിരിയുമ്പോഴാണ് സ്നേഹത്തിന്റെ സൗരഭ്യം പരക്കുക. ഓരോ കുഞ്ഞുവാക്കിനും, സ്പർശനത്തിനും, ഒരിത്തിരിപ്പോന്ന സമ്മാനത്തിനുമൊക്കെ ഓർമ്മയുടെ ചെപ്പിലേക്ക് ചിലതൊക്കെ കരുതി വെയ്ക്കാനാവും. മറ്റുള്ളവർക്ക് നാം ഒരു നല്ല ഓർമ്മയാണോ? അതോ ദു:ഖത്തിന്റെ ഓർമ്മയാണോ? മറ്റുള്ളവർ നമ്മെക്കുറിച്ച് ഓർക്കുമ്പോൾ അവരുടെ മനസ്സിൽ നിറയുന്ന വികാരമെന്തെന്ന് ചിന്തിച്ചിട്ടുണ്ടോ? നമ്മുടെ പ്രിയപ്പെട്ടവർക്ക് സന്തോഷവും അഭിമാനവും നൽകുന്ന ഓർമ്മയായി നാം മാറണം. ഒരിക്കലും അവരെ വേദനിപ്പിക്കുന്ന സാന്നിധ്യമായി മാറരുത്. അതിനാൽ പരസ്പരം പങ്കുവെച്ചും പകർന്നു നൽകിയും ബന്ധങ്ങളിൽ ഓർമ്മകൾ സൃഷ്ടിക്കാൻ നാം മറക്കരുത്. നാം നട്ടതല്ലെങ്കിലും നമുക്കിന്നും തണലേകുന്ന എല്ലാ പച്ചമരങ്ങൾക്കും നന്ദിയേകി സ്നേഹത്തിന്റെ, ത്യാഗത്തിന്റെ, സേവനത്തിന്റെ, സഹനത്തിന്റെ വഴികളിലൂടെ നമ്മുടെ കർമ്മപഥത്തിൽ നമുക്കൊരുമിച്ച് മുന്നേറാം.

സ്നേഹപൂർവ്വം,

**ഷിജു അച്ചൻ**

**പോൾ ആറാമൻ മാർപാപ്പ – (മിഷൻ കലണ്ടറിന്റെ മുഖചിത്രം)**

'...തിരുവോസ്തിയിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയാണ് ഓരോ ഇടവകയുടെയും ഹൃദയം...' എന്ന അജപാലനചിന്ത നൽകിയ, 'ക്വാന്ത ഗ്ലോറിയ'എന്ന തിരുവെഴുത്ത് വഴി മാനന്തവാടി രൂപതയ്ക്ക് ജന്മം കൊടുത്ത, മറിയം വഴി ഈശോയിലേയ്ക്ക് എന്ന പ്രബോധനം നൽകിയ പോൾ ആറാമൻ മാർപാപ്പ വിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ടിരിക്കുന്നു. ലോകത്തിനായി തുറക്കപ്പെട്ട സഭയുടെ പ്രവാചകനെന്ന് ഫ്രാൻസിസ്സ് പാപ്പ വിശേഷിപ്പിച്ച പോൾ ആറാമൻ രൂപാന്തരീകരണത്തിന്റെ പാപ്പായാണ്. കാരണം രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ

തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ മുഖ്യ പങ്കു വഹിച്ചു. ലത്തീനു പകരം പ്രാദേശിക ഭാഷകളിൽ ദിവ്യബലി അർപ്പിക്കാനും ഇതരമതങ്ങളോടു ള്ള തുറന്ന ആദരവ് പ്രഖ്യാപിക്കാനും പുനരൈക്യ ശ്രമങ്ങൾക്ക് തുട ക്കമിടാനും തീരുമാനിച്ച രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ (1962–65) പ്രധാന കാലത്ത് സഭയെ നയിച്ച അദ്ദേഹം 1978–ൽ കാലം ചെയ്തു. ഗർഭനിരോധന ഗുളികകൾ സുലഭമാവുകയും ലോകത്ത് ലൈംഗിക അരാജകത്വം നടമാടുകയും ചെയ്ത കാലത്ത് കൃത്രിമ ഗർഭനിരോധ നത്തിനെതിരെ കർക്കശ നിലപാട് എടുത്ത അദ്ദേഹം മനുഷ്യ ജീവനെ ഇല്ലാതാക്കുന്നതിനെ ഒരു വിധത്തിലും പൊറുക്കില്ലെന്നു പ്രഖ്യാപിച്ച് 1968–ൽ 'ഹ്യൂമാനെ വീത്തെ= മനുഷ്യ ജീവൻ' എന്ന ചാക്രിക ലേഖനം പുറപ്പെടുവിച്ചു. ഇന്ന് ഇന്ത്യൻ സുപ്രീംകോടതി പോലും നിയമപര മായി അനുവദിക്കുന്ന അല്ലെങ്കിൽ വളരെ അയഞ്ഞ നിലപാടുകൾ എടു ക്കുന്ന സ്വവർഗ്ഗ വിവാഹം, വിവാഹേതര ബന്ധങ്ങൾ, ഗർഭഛിദ്രം, ദയാ വധം എന്നീ കാര്യങ്ങളിലെല്ലാം വളരെ ഉറച്ച നിലപാടുകൾ പാപ്പായ്ക്കു ണ്ടായിരുന്നു. ഉത്തരവാദിത്വ പൂർണ്ണമായ മാതൃത്വത്തിലേയ്ക്കും, പിതൃ ത്വത്തിലേയ്ക്കും ദമ്പതികളെ പഠിപ്പിച്ചു ബോധ്യപ്പെടുത്തി. അന്യരാജ്യ ങ്ങളിലെ വിശ്വാസികളെ അനുഗ്രഹിക്കാൻ ഇറ്റലിക്കു പുറത്തേയ്ക്കു സഞ്ചരിക്കുന്നതിനു തുടക്കമിട്ടതും ഇദ്ദേഹമാണ്. പോൾ ആറാമൻ പാപ്പയെ 2018 ഒക്ടോബർ 14–ാം തിയ്യതി വിശുദ്ധനായി പ്രഖ്യാപിച്ചതു വഴി ഫ്രാൻസിസ്സ് പാപ്പ ഒരിക്കൽകൂടി സഭയുടെ സ്ഥായിഭാവമുള്ള പ്രബോധനങ്ങളെ അരക്കിട്ടുറപ്പിക്കുകയാണ്.

**നവംബർ മാസത്തിലെ പ്രവർത്തനങ്ങൾ:**

**പ്രാർത്ഥനാ മലരുകൾ** – 71 വിശ്വാസ പ്രമാണം.

**മിഷൻ പ്രയർ ബാങ്ക്** – ഫരിദാബാദ് രൂപത (നടവയൽ മേഖലയിലെ ശാഖകകൾ)

**ബെത്‌ലഹേം യാത്ര:–** ഡിസംബർ 1 മുതൽ 25 വരെയുള്ള ദിനങ്ങ ളിൽ അനുഷ്ഠിക്കുവാനുള്ള ലഘുലേഖ രൂപതയിൽ നിന്നും തയ്യാറാക്കി നൽകുന്നതാണ്. കോപ്പികളുടെ എണ്ണം നവം. 11 നു മുൻപ് അറിയി ക്കണം.

**മഴവില്ല്:–** നേതൃത്വ ക്യാമ്പും അർദ്ധവാർഷികമാനേജിംഗ് കമ്മറ്റിയും ഡിസംബർ 7 വെള്ളിയാഴ്ച വൈകിട്ട് 6 മുതൽ 8 ശനി 3 PM വരെ നട ക്കുന്നതാണ്. എല്ലാമേഖലാ ഭാരവാഹികളും നിർബന്ധമായും പങ്കെ ടുക്കേണ്ടതാണ്.

**ജൂണിയർ ടീം ട്രെയിനിങ്ങ്:–** നമ്മുടെ രൂപതയിൽ പുതുതായി രൂപീ

കരിക്കുന്ന ജൂണിയർ ടീമിന്റെ ട്രെയിനിങ്ങ് നവംബർ 20 ചൊവ്വാഴ്ച 9.30 മുതൽ 3.30 വരെ ദ്വാരകയിൽ വെച്ച് നടത്തപ്പെടുന്നു. ശാഖകളിൽ നിന്ന് നേതൃത്വ പാടവമുള്ള 2 പേർക്ക് പങ്കെടുക്കാം. അദ്ധ്യാപന പരിചയ മുള്ളവർക്ക് മുൻഗണനന. രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 100 രൂപ ആയി രിക്കും. (പ്രായം 18 നും 24 നും മദ്ധ്യേ )

**രൂപത വാർഷികം:-** ഈ വർഷത്തെ രൂപതാ വാർഷികം 2019 ജനു വരി 2 ബുധനാഴ്ച ദ്വാരകയിൽ വെച്ച് നടക്കുന്നതാണ്.

**വചനതാരം ക്വിസ്സ് - ഏപ്രിൽ 08-09**

ഏപ്രിൽ 08-09 തീയതികളിൽ ദ്വാരകയിൽ വച്ച് വചനതാരം ക്വിസ്സ് നടത്തപ്പെടുന്നു. ശാഖ ജോയന്റ് ഡിറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. വി. മത്തായിയുടെ സുവിശേഷമാണ് വചനതാരത്തിന്റെ പഠന വിഷയം. വചനതാരമത്സരം രജിസ്ട്രേഷനുള്ള അവസാന തിയ്യതി നവംബർ 25 ആണ്.

**വിജ്ഞാന ദീപിക ടെലിക്വിസ്സ്** - 25-11-18 ഞായറാഴ്ച -3 മണിമുതൽ 4 മണിവരെ.

**പ്രവർത്തന റിപ്പോർട്ടുകൾ:**

**'ഏയ്ഞ്ചൽമീറ്റും' നവപ്രേഷിതസംഗമവും:-** ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത എയ്ഞ്ചൽമീറ്റും, നവപ്രേഷിതസംഗമവും ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. അഭിവന്ദ്യ പിതാവ് മാർ ജോസ് പൊരുന്നേടം പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. രൂപതാ പ്രസി ഡണ്ട് ശ്രീ. ഷാജി ചന്ദനപറമ്പിൽ അദ്ധ്യക്ഷനായിരുന്നു. സംഗമത്തോ ടനുബന്ധിച്ചുള്ള സെമിനാറിന് സി. ലിസ അലക്സ് എസ്.കെ.ഡി നേതൃത്വം നൽകി. രൂപതാ പരിധിയിലെ 10 മേഖലകളിൽ നിന്നായി ആയിരത്തി നാനൂറോളം പേർ പങ്കെടുത്തു. രൂപതാ ജോയിന്റ് ഡയറ ക്ടർ സി. പ്രശാന്തി എം.എസ്.എം.ഐ യുടെ സന്യാസ ജീവിതത്തിന്റെ രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി സിസ്റ്ററിനെ ആദരിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. ഷിജു ഐക്കരക്കാനായിൽ, രൂപതാ സെക്രട്ടറി ബിനീഷ് തുമ്പിയാംകുഴി, ജനറൽ ഓർഗനൈസർ രഞ്ജിത്ത് മുതുപ്ലാക്കൽ, ടോം ജോസ് പൂവക്കുന്നേൽ, തങ്കച്ചൻ മാപ്പിളക്കുന്നേൽ, ജോയി മേപ്പാടത്ത്, ജോൺസൺ ചിറായിൽ, ബിനു മാങ്കൂട്ടം, ജിജിൽ കിഴക്കരക്കാട്ട്, സിനീഷ് ആപ്പുഴയിൽ എന്നിവർ നേതൃത്വം നൽകി. സഹ കരിച്ച എല്ലാവർക്കും നന്ദിയും അഭിനന്ദനങ്ങളും...

**'ആത്മ 2018':** രൂപതാ സമിതിയുടേയും കൽപ്പറ്റ മേഖലാ സമിതിയു ടേയും സംയുക്താഭിമുഖ്യത്തിൽ 'ആത്മ 2018' ദൈവവിളി ആരാധ നയും- മാനേജിംഗ് കമ്മറ്റിയും കൽപ്പറ്റ ഡി പോൾ പള്ളിയിൽ വച്ച്

നടത്തപ്പെട്ടു. കൽപ്പറ്റ മേഖലാ ജോയിന്റ് ഡയറക്ടർ റവ.സി. ബെറ്റി എസ്.എച്ച് ആരാധന നയിച്ചു.മേഖലാ ഡയറക്ടർ റവ.ഫാ.ജോൺ പുളിന്താനം, രൂപതാ ഡയറക്ടർ റവ.ഫാ.ഷിജു ഐക്കരക്കാനായിൽ ജനറൽ ഓർഗനൈസർ ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കൽ എന്നിവർ പങ്കെടുത്തു.

**നവജ്യോതി ഫണ്ട് കൈമാറി:-** ചെറുപുഷ്പമിഷൻലീഗ് മാനന്തവാടി രൂപതയുടെ ഭവന പുനരുദ്ധാരണ പദ്ധതിയായ 'നവജ്യോതി' ഫണ്ടിലേയ്ക്ക് മുള്ളൻകൊല്ലി മേഖല ഇരുപത്തി ആറായിരം രൂപയും (26,000) മാനന്തവാടി മേഖല ഇരുപതിനായിരം രൂപയും (20,000) കല്ലോടി മേഖല പതിനയ്യായിരം രൂപയും (15000) രൂപത ഡയറക്ടർ ഷിജു ഐക്കരക്കാനായിൽ അച്ചന് കൈമാറി. സഹകരിച്ച മേഖലാ, ശാഖാ ഡയറക്ടർമാർക്കും, ജോയിന്റ് ഡയറക്ടർമാർക്കും ഭാരവാഹികൾക്കും അഭിനന്ദനങ്ങളും നന്ദിയും...

**"INSIGHT"- 2018 അൾത്താര സംഗമം - മുള്ളൻകൊല്ലി, കൽപ്പറ്റ മേഖലകൾ**

മുള്ളൻകൊല്ലി മേഖലയിലെ ആടിക്കൊല്ലി പള്ളിയിൽ വെച്ചും, കൽപ്പറ്റ മേഖലയിലെ ഡി പോൾ പള്ളിയിൽ വെച്ചും അൾത്താര സംഗമം നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ റവ.ഫാ. ഷിജു ഐക്കരക്കാനായിൽ അഡ്വ. ജിജിൽ കിഴക്കരക്കാട്ട്, രൂപതാ ജോയിന്റ് ഡയറക്ടർ സി.പ്രശാന്തി, ഫാ. വിമൽ (മീനങ്ങാടി ഗുരുദർശൻ ആശ്രമം) സി. ആഷ്ലി സി.എം.സി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. പങ്കെടുത്തവർക്കും നേതൃത്വം നൽകിയവർക്കും നന്ദിയും അഭിനന്ദനങ്ങളും...

**'ഒപ്പം' വ്യക്തിത്വ വികസന ക്യാമ്പ്:-** ചുള്ളിയോട് ശാഖയിൽ വെച്ച് നടന്ന ശാഖാ ക്യാമ്പിന് ശ്രീ. അരുൺ പേഴക്കാട്ടിൽ, ശ്രീ.രഞ്ജിത്ത് മുതുപ്ലാക്കൽ, ശ്രീ. ഷാജി പനച്ചിക്കൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ശാഖാ ഡയറക്ടർ റവ. ഫാ. ജോർജ്ജ് പടിഞ്ഞാറയിൽ, ജോയിന്റ് ഡയറക്ടർ റവ. സി. ആൻമരിയ എസ്.എച്ച്, ശാഖാ ഭാരവാഹികൾ എന്നിവർക്കും പങ്കെടുത്തവർക്കും നേതൃത്വം നൽകിയവർക്കും നന്ദിയും അഭിനന്ദനങ്ങളും...

**മേഖലാ വാർത്തകൾ:**

**കൽപ്പറ്റ മേഖല:-** ആത്മം-2018 കൽപ്പറ്റ ഡി പോളിൽ വെച്ച് നടത്തപ്പെട്ടു.

**തരിയോട് മേഖല**:- ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം നടത്തി.

**ശാഖാ വാർത്തകൾ:**

*ആടിക്കൊല്ലി*:- അൾത്താര ബാലന്മാർക്ക് ക്യാമ്പ് നടത്തി.

*വടക്കനാട്*:- ദുരിതാശ്വാസ നിധിയിലേയ്ക്ക് 1,000 രൂപ കൊടുത്തു.

*കുറുമണി*:- കുടുംബകൂട്ടായ്മയിൽ വച്ച് ബൈബിൾ ക്വിസ്സ് നടത്തി. വിജയികൾക്ക് സമ്മാനം നൽകി.

*ചിത്രഗിരി*:- ഹൗസ് അടിസ്ഥാനത്തിൽ കൈയ്യെഴുത്ത് മാസിക തയ്യാറാക്കി.

*ചുങ്കക്കുന്ന്*:- സി.എം.എൽ അംഗങ്ങൾ ഇടവകയിൽ ആക്രി ശേഖരണം നടത്തി.

*തൃക്കൈപ്പറ്റ*:- മിഷൻ മാസാചരണത്തിന് തുടക്കം കുറിച്ചു.

*മഞ്ഞൂറ*:- ലഹരിവിരുദ്ധ റാലി ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടത്തി.

*കുഞ്ഞോം*:- സി.എം.എൽ. നേതൃത്വത്തിൽ പച്ചക്കറിത്തോട്ടം നിർമ്മിച്ചു.

*മുട്ടിയേൽ*:- പള്ളിയും പരിസരവും വൃത്തിയാക്കി.

*ചാരിറ്റി*:- സാമ്പത്തിക സഹായങ്ങളും നിത്യോപയോഗ സാധനങ്ങളും അർഹരായവർക്ക് നൽകി.

*വാഴവറ്റ*:- വി. മദർതെരേസ അനുസ്മരണം നടത്തി.

*ജൂഡ്സ് മൗണ്ട്*:- ജയിൽ സന്ദർശനം നടത്തി-2000 രൂപ നൽകി.

*നെടുമ്പാല*:- സ്ത്രീ സുരക്ഷയെപ്പറ്റി ശാഖയിൽ സെമിനാർ നടത്തി.

*ഇടിവണ്ണ*:- കുമ്പസാരം എന്ന വിഷയത്തിൽ ശ്രീ. റെസ്വിൻ മുള്ളൂർ ക്ലാസ്സെടുത്തു.

*കയ്യൂന്നി*:- പോരൂർ സ്നേഹാലയം സന്ദർശിച്ചു.

*കാട്ടിക്കുളം*:- സിമിത്തേരി സന്ദർശനം നടത്തി.

*റൂബിനഗർ*:- വിവിധ ആഘോഷ പരിപാടികളുടെ സമ്മാനദാനം ഫാ.സിജോ പാലാത്തിന്റെ നേതൃത്വത്തിൽ നടത്തി.

*പടമല*:- കൊളാഷ് മത്സരം സംഘടിപ്പിച്ചു.

*മൺവയൽ*:- മിഷൻമാസ വിളംബരജാഥ നടത്തി.

*കൽപ്ര*:- വി. മത്തായി ശ്ലീഹായുടെ തിരുനാൾ ആഘോഷിച്ചു.

*അമ്പായത്തോട്*:- അമ്പായത്തോട് വെയിറ്റിംഗ് ഷെഡ് നിർമ്മിച്ചു.

*പാറത്തോട്ടം*:- മാലിപ്പറമ്പിൽ അച്ചന്റെ അനുസ്മരണദിനത്തിൽ അച്ചനു വേണ്ടി പ്രാർത്ഥിച്ചു.

*പുതുശ്ശേരിക്കടവ്*:- പള്ളിയും പരിസരവും വൃത്തിയാക്കി.

*കുറുമ്പാല*:- മിഷനിലേയ്ക്ക് സുകൃതങ്ങളും കത്തും അയച്ചു.
*ചെന്നലോട്*:- വിശുദ്ധരുടെ ജീവചരിത്രക്കുറിപ്പു ശേഖരിച്ചു.
*പാലേമാട്*:- പൊതിച്ചോറ് പ്രവർത്തനത്തിന്റെ ഭാഗമായി മിഷനറിമാരിൽ നിന്നും അരി കാഴ്ചയായി സ്വീകരിച്ച് നിർദ്ധനരായ കുടുംബങ്ങൾക്ക് നൽകി.
*കളത്തുവയൽ*:- ഇടവകയിൽ നിന്നും ദൈവവിളി സ്വീകരിച്ചവർക്കു വേണ്ടി പ്രാർത്ഥിച്ചു.
*നിലമ്പൂർ*:- വി.കൊച്ചുത്രേസ്യായെ പരിചയപ്പെടുത്തി വാർത്താ ബോർഡ് തയ്യാറാക്കി.
*അപ്പപ്പാറ*:- മിഷൻ ഗ്രാമത്തിലേയ്ക്ക് കത്തയച്ചു.
*കല്ലുവയൽ*:- ആഗോള കത്തോലിക്കാ സഭ നേരിടുന്ന വെല്ലുവിളിക്കെതിരായി ആരാധന നടത്തി പ്രാർത്ഥിച്ചു.
*പനംചിറ*:- പാവപ്പെട്ട ഒരു കുടുംബത്തിന് ഭക്ഷണകിറ്റ് നൽകി.
*ബത്തേരി*:- മിഷൻ മാസത്തിൽ ആദരിക്കുന്നവർക്ക് നൽകാനായി ജപമാല നിർമ്മിച്ചു.
*പൂളപ്പാടം*:- ക്യാൻസർ രോഗിയായ ഭവ്യയെ ജീവിതസഖിയായി സ്വീകരിച്ച സച്ചിനെയും ഭവ്യയെയും ആദരിച്ചു.

മനസ്സിലും ഹൃദയത്തിലും കാരുണ്യത്തിന്റെ ചിന്തകൾ നിറച്ചുകൊണ്ട് നമുക്ക് ചെമ്മഞ്ഞക്കൊടിയുടെ കീഴിൽ അണിനിരക്കാം...

മിഷൻ അഭിവാദ്യങ്ങളോടെ,

**ബിനീഷ് തുമ്പിയാംകുഴി**

സി.എം.എൽ. രൂപതാ സെക്രട്ടറി

# Department of Youth Ministry

**ജാഗരണ പ്രാർത്ഥന**

യുവജനവർഷത്തോടനുബന്ധിച്ചുള്ള ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികളുടെ ജാഗരണ പ്രാർത്ഥന 26-09-2018 ബുധനാഴ്ച്ച ഓഫീസ് ചാപ്പലിൽ നടന്നു. വിദ്യാർത്ഥികളും, അവരുടെ മാതാപിതാക്കളും യൂത്ത്മിനിസ്ട്രി ടീം അംഗങ്ങളും സന്നിഹിതരായിരുന്നു.

**ലൈഫ് ട്രെയിനിംഗ് 2016, 2017, 2018 ബാച്ച്**

ഒക്ടോബർ 12,13 വെള്ളി, ശനി ദിവസങ്ങളിൽ ലൈഫ് ട്രെയിനിംഗ് 2016, 2017, 2018 ബാച്ചിന്റെ ക്യാമ്പ് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. വെള്ളിയാഴ്ച്ച വൈകുന്നേരം 6 മണിക്ക് ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ പ്രാർത്ഥനയോടെ ട്രെയിനിംഗ് ആരംഭിച്ചു. തുടർന്ന് വിദ്യാർത്ഥികളുടെ ആദ്ധ്യാത്മീകവും ഭൗതീകവുമായ വളർച്ചയെകുറിച്ച് ചർച്ച ചെയ്യുകയും ആവശ്യമായ തിരുത്തലുകളും പ്രോത്സാഹനവും നല്കുകയും ചെയ്തു. 13-ാം തീയതി രാവിലെ വിശുദ്ധകുർബാനക്ക് ശേഷം സെന്റ് പാട്രിക്സ് സ്കൂളിൽ വെച്ച് വിദ്യാർത്ഥികൾക്ക് ക്ലാസ്സുകൾ നല്കി. 2016 ബാച്ചിലെ വിദ്യാർത്ഥികൾക്ക് ഫിസിക്സ് വിഷയത്തിൽ വിജി ടീച്ചറും 2017 ബാച്ചിലെ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് വിഷയത്തിൽ സെബാസ്റ്റ്യൻ പുരക്കൻ സാറും 2018 ബാച്ചിലെ വിദ്യാർത്ഥികൾക്ക് ബയോളജി വിഷയത്തിൽ ജിനി ടീച്ചറും ക്ലാസ്സുകൾ എടുത്തു.

**മാതാപിതാക്കളുടെ മീറ്റിംഗ്**

ഒക്ടോബർ 13 ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 3.30 മുതൽ 4.30 വരെ ലൈഫ് ട്രെയിനിംഗ് വിദ്യാർത്ഥികളുടെ മാതാപിതാക്കളെ ഉൾപ്പെടുത്തി യുവജന കൺവെൻഷനിൽ മാതാപിതാക്കൾ ചെയ്യേണ്ട കാര്യങ്ങൾ വിലയിരുത്തുകയും അവരുടെ ഉത്തരവാദിത്വങ്ങൾ അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു. 4.30 ന് മീറ്റിംഗ് അവസാനിച്ചു.

**സി. ലിൻസി എസ്.സി.വി.**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

## കെ. സി. വൈ. എം.

**കെ.സി.വൈ.എം. രജതജൂബിലി ആരംഭം ഡിസംബർ 10**

2018 ഡിസംബർ 10 ന് മാനന്തവാടി രൂപതയിൽ കെ.സി.വൈ.എം. പ്രസ്ഥാനം രൂപംകൊണ്ടതിന്റെ രജതജൂബിലി ആരംഭിക്കുകയാണ്. കഴിഞ്ഞ 25 വർഷങ്ങളിൽ മാനന്തവാടി രൂപതയിൽ യുവജന ശുശ്രൂഷയുടെ മുഖമായി മാറിയ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കുതകുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ യൂണിറ്റ്, മേഖലാ നേതൃത്വങ്ങൾ ശ്രദ്ധിക്കുമല്ലോ. കർമ്മപരിപാടികളുടെ കരടുരൂപം തയ്യാറാക്കി രൂപതാ ഓഫീസിൽ നൽകേണ്ടതാണ്. വിവിധ തലങ്ങളിലുള്ള പരിപാടികൾ ഒരേസമയം വരുന്നത് ഒഴിവാക്കാനാണ് ഇത്.

**വാർഷികസെനറ്റ് സമ്മേളനം, രൂപതാ ഇലക്ഷൻ, രജത ജൂബിലി രൂപതാതല ഉത്ഘാടനം**

രൂപതാവാർഷിക സെനറ്റും ഇലക്ഷനും ഡിസംബർ 21 വെള്ളിയാഴ്ച്ച വൈകുന്നേരം 5 മണിക്ക് ആരംഭിക്കുന്നു. മേഖലാ സെനറ്റിൽ അവതരിപ്പിച്ച് പാസ്സാക്കിയ റിപ്പോർട്ട് എല്ലാ മേഖലകളും സെനറ്റിൽ അവതരിപ്പിക്കണം. നിർദ്ദിഷ്ട ഫോമിൽ എഴുതിയ റിപ്പോർട്ടാണ് അവതരിപ്പിക്കേണ്ടത്. 22 ന് (ശനിയാഴ്ച്ച) രാവിലെ 10 മണിക്ക് ജൂബിലി ഉത്ഘാടനവും അധികാര കൈമാറ്റവും സത്യപ്രതിജ്ഞാ ചടങ്ങും നടത്തുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**2019 വർഷത്തെ യൂണിറ്റ്, മേഖലാ ഇലക്ഷൻ**

നവംബർ 15 നു മുമ്പായി 2018 വർഷത്തെ യൂണിറ്റ് ഇലക്ഷനും ഡിസംബർ 16 നു മുൻമ്പായി മേഖലാ ഇലക്ഷനും നടത്തി ഭാരവാഹികളുടെ പേരുവിവരം രൂപതാ ഓഫീസിൽ ഏൽപ്പിക്കണം.

**രണ്ടാംഘട്ട ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ തുടർച്ച**

പ്രളയ ബാധിതരെ സഹായിക്കുന്ന രണ്ടാംഘട്ട ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ തുടർച്ചയായി കെ.സി.വൈ.എം. 6 ആടുകളെ വിതരണം ചെയ്തു. കണ്ണൂർ എയ്ഡ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റ് ജീവനക്കാരായ അഞ്ജുഷ, നീതു, റഫീക്ക് എന്നിവരുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ബിജു മുരിങ്ങാമറ്റം (പനമരം), ഷീന പള്ളിവെച്ചുക്കുന്നേൽ (കണിയാരം), തോമസ്സ്

ആരിശ്ശേരി (കണിയാരം), മേരിക്കുട്ടി കുര്യാക്കോസ് (വലിയക്കൊല്ലി), ഷിബു പുത്തനങ്ങാടി (ചേര്യംക്കൊല്ലി), ബേബി നിരപ്പേൽ (ചേര്യം ക്കൊല്ലി) എന്നിവർ ഈ പദ്ധതിയുടെ ഉപഭോക്താക്കളായി. സെപ്റ്റം ബർ 30-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന വിതരണചട ങ്ങിൽ രൂപതാ പ്രസിഡണ്ട് ജിഷിൻ മുണ്ടക്കാത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സുബിൻ ജോസ് സ്വാഗതവും, സെക്രട്ടറി മാരായ ജിജോ താന്നിവേലിൽ, അലീന ജോയി, കോഡിനേറ്റർ ആൽഫിൻ അമ്പാറയിൽ എന്നിവർ ആശംസകളറിയിച്ചു സംസാരിച്ചു. സിൻഡിക്കേറ്റംഗങ്ങളായ നൈജു, ജിജോ പൊടിമറ്റം, ജീന എന്നിവർ നേതൃത്വം നൽകി.

**Above 2018 യുവജന കൺവെൻഷൻ**

റോമിൽ നടക്കുന്ന സിനഡിന്റെ പശ്ചാത്തലത്തിൽ, കേരളസഭ പ്രഖ്യാപിച്ച യുവജനവർഷത്തിൽ മാനന്തവാടി രൂപതയിൽ നടന്ന യുവ ജനവർഷ കൺവെൻഷനിൽ കെ.സി.വൈ.എം. തനതായ പങ്കുവഹിച്ചു. സകലകമ്മിറ്റികളും സുഗമമായി പ്രവർത്തിക്കാൻ കെ.സി.വൈ.എം. കാണിച്ച ആർജ്ജവത്വവും ജാഗ്രതയും ശ്ലാഘനീയമാണ്. രാപകലി ല്ലാതെ അദ്ധ്വാനിച്ച ഡയറക്ടർ ഫാ. റോബിനും, ശ്രീ. ജിഷിനും, ആനി മേറ്റർ സി. സ്മിതക്കും, സിൻഡിക്കേറ്റ് അംഗം ഫാ. ജെയ്സ് പൂതക്കുഴി, സെക്രട്ടറി അലീന ജോയി പാണ്ടിയാംപ്പറമ്പിൽ, ജീന വരിക്കപ്പള്ളിൽ എന്നിവർക്കും സഹകരിച്ച ജനറൽ സെക്രട്ടറി സുബിൻ ജോസ്, ജിജോ താന്നിവേലിൽ, ആൽഫിൻ അമ്പാറയിൽ, സിൻഡിക്കേറ്റംഗങ്ങളായ ആന്റണി മങ്കടപ്ര, ബിബിൻ ചെമ്പക്കര, എബിൻ മുട്ടപ്പള്ളി, റ്റോബി കൂട്ടുങ്കൽ, സി. റോസ്മിൻ എസ്.എച്ച്, ജിജോ പൊടിമറ്റം, നൈജു ജോസഫ് എന്നിവർക്കും മേഖല, യൂണിറ്റ് ഭാരവാഹികളായ എല്ലാ വർക്കും നന്ദിയുടെ നറുമലരുകൾ അർപ്പിക്കുന്നു.

**യൂണിറ്റു വാർത്തകൾ**

**കുന്നൂർ**

വയനാട്, ചാലക്കുടി പ്രളയ ബാധിത പ്രദേശങ്ങളിലേയ്ക്ക് 24 ക്വിന്റൽ അരിയും മറ്റ് ഭക്ഷ്യവസ്തുക്കളും ശേഖരിച്ച് കിറ്റുകളാക്കി വിത രണം ചെയ്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ ദുരിതാശ്വാസ നിധി യിലേയ്ക്ക് 10000 രൂപ സംഭാവന നൽകി.

**ജൂഡ്സ് മൗണ്ട്**

ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി കൊളാഷ് നിർമ്മിച്ചു. ജയിൽ സന്ദർശനം നടത്തി സമാഹരിച്ച 2000 രൂപ

സംഭാവന നൽകി. ബെസ്റ്റ് ഹോളി മെയ്ക്കർ പ്രോഗ്രാം നടത്തി-സൃഷ്ടികൾ പ്രചരിപ്പിച്ചു. മദ്യപാനശീലത്തിൽ നിന്ന് വിമുക്തി നേടിയ വ്യക്തിയുമായി അഭിമുഖം നടത്തി, മദ്യവിരുദ്ധ സന്ദേശം നൽകി.

**പാൽച്ചുരം യൂണിറ്റ്**

പ്രളയബാധിതരെ സഹായിക്കുവാൻ ഫണ്ട് ശേഖരിച്ച് കൈമാറി. കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ വാഴകൃഷി, പച്ചക്കറി കൃഷി എന്നിവ നടത്തിവരുന്നു. യുവജന കൺവെൻഷനുവേണ്ടി പ്രാർത്ഥിച്ചൊരുങ്ങി.

**വടക്കനാട് യൂണിറ്റ്**

ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്ത യുവജനങ്ങൾ വീടുകൾ കയറി ആവശ്യവസ്തുക്കൾ ശേഖരിച്ച് ദുരിതബാധിത പ്രദേശങ്ങളിൽ എത്തിച്ചു. ശുചീകരണ പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി പങ്കെടുത്തു. ദുരിതമനുഭവിക്കുന്നവരുടെ വേദനയിൽ പങ്കുചേർന്ന് അവർക്കുവേണ്ടി ഒരുമണിക്കൂർ ആരാധന നടത്തി. യുവജന കൺവെൻഷനുവേണ്ടിയുള്ള രജിസ്ട്രേഷൻ ആരംഭിച്ചു.

**വടപുറം യൂണിറ്റ്**

മഴക്കെടുതിയിൽ വെള്ളം കയറിയ ഇടവകയിലെ വിവിധ ഭവനങ്ങളിൽ ആവശ്യമായ സഹായങ്ങൾ ചെയ്തു. ഇടവകയിൽ നിന്നും ശേഖരിച്ച 1,16500 രൂപയുടെ ഭക്ഷ്യ വസ്തുക്കൾ പലചരക്ക്, തുണിത്തരങ്ങൾ എന്നിവ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായ് മൂലേപ്പാടം, ഇടിവണ്ണ, യൂത്ത്മിനിസ്ട്രി ഓഫീസ് മാനന്തവാടി എന്നിവിടങ്ങളിൽ നൽകി. ഓണത്തോടനുബന്ധിച്ച് ഇടവകയിലെ പാവപ്പെട്ടവർക്കും, ആദിവാസി കോളനിയിലും ഓണക്കിറ്റുകൾ വിതരണം ചെയ്തു.

**പാറത്തോട്ടം യൂണിറ്റ്**

യുവജനമാസാചരണത്തിന്റെ ആരംഭത്തോടനുബന്ധിച്ച് പതാക ഉയർത്തി. WSSS ന്റെ നേതൃത്വത്തിൽ നടത്തിയ ദുരിതാശ്വസ പ്രവർത്തനങ്ങളോട് സഹകരിച്ച് ദുരിതാശ്വാസ ക്യാമ്പുകളിൽ ആവശ്യവസ്തുക്കൾ എത്തിക്കാൻ സാധിച്ചു. പ്രളയക്കെടുതിയിൽപ്പെട്ട പള്ളിയും പരിസരവും വൃത്തിയാക്കാൻ സഹകരിച്ചു. എട്ടുനോമ്പിനുള്ള ഒരുക്കമായി നോമ്പു നോക്കുകയും തിരുനാൾ മനോഹരമാക്കുവാൻ സഹകരിക്കുകയും ചെയ്തു. കുരിശടിയും പരിസരവും വൃത്തിയാക്കി.

**സുബിൻ ജോസ് കൊഴുപ്പത്തടത്തിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഒക്ടോബർ 1 മുതൽ 4 വരെ നടന്ന MPC യിൽ 102 പേർ പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

ഒക്ടോബർ 26-29 - പാസ്റ്ററൽ സെന്റർ ദ്വാരക

നവംബർ 14-17 - പാസ്റ്ററൽ സെന്റർ ദ്വാരക

മണിമൂളി പാസ്റ്ററൽ സെന്ററിൽ നവംബർ 23 മുതൽ 26 വരെ വിവാഹ ഒരുക്ക സെമിനാർ നടത്തുന്നതാണ്. ഇക്കാര്യം മണിമൂളി, നിലമ്പൂർ, നീലഗിരി പ്രദേശങ്ങളിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഇടവകകളിൽ അറിയിക്കുമല്ലോ.

**മരിയൻ സിംഗിൾസ്**

ഒക്ടോബർ 15-ന് മീറ്റിംഗ് ചേർന്നു. പതിവുപോലെ പ്രാർത്ഥനയും ക്ലാസ്സും നടന്നു. അടുത്ത മീറ്റിംഗ് നവംബർ 12 ന് ആയിരിക്കും.

**മാതൃവേദി**

**കൈയ്യെഴുത്തുമാസിക**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ഈ വർഷം നടത്തുന്ന കൈയ്യെഴുത്തു മാസിക തയ്യാറാക്കുന്നതിൽ അമ്മമാർ ഊർജ്ജസ്വലതയോടെ യത്നിച്ചു. അതിനായി അധ്വാനിച്ച ഭാരവാഹികൾക്കും അംഗങ്ങൾക്കും ഹൃദയപൂർവ്വം നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു. രൂപതാ തലത്തിൽ ഏറ്റവും മികച്ച മൂന്നെണ്ണത്തിന് സമ്മാനങ്ങൾ നൽകുന്നതാണ്.

**രൂപതാവാർഷികം**

ഈ വർഷം രൂപതാ വാർഷികം ഡിസംബർ 15 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു.

**പങ്കെടുക്കേണ്ടവർ:** ശാഖാ, മേഖലാ ആനിമേറ്റർമാർ, പുതുതായി തിരഞ്ഞെടുക്കപ്പെട്ട ശാഖാ, മേഖലാ പ്രസിഡണ്ടുമാർ, വൈസ് പ്രസിഡണ്ടുമാർ, സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ട്രഷറർമാർ,

2 കൗൺസിൽ അംഗങ്ങൾ, (വലിയ ഇടവകകളിൽ 4 പേർ ഉണ്ടെങ്കിൽ 4 പേരും), നിലവിലുള്ള രൂപതാ ഭാരവാഹികൾ, എക്സിക്യൂട്ടീവ് അംഗങ്ങൾ, അന്താരാഷ്ട്ര സെനറ്റ് അംഗങ്ങൾ. അതുസംബന്ധിച്ച് കത്തുകൾ ഇടവകകളിലേക്ക് അയക്കുന്നതാണ്. മാതൃവേദി അംഗത്വലിസ്റ്റ്, രൂപതാ വിഹിതമായ 250 രൂപ, മാതൃവേദി അന്താരാഷ്ട്ര സമിതിക്കായുള്ള ഒരമ്മ ഒരു രൂപ പദ്ധതിക്കായുള്ള തുക എന്നിവ അന്നേ ദിവസം കൊണ്ടുവരേണ്ടതാണ്.

**ചുങ്കക്കുന്ന് മേഖല**

ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് അമ്മമാർ നേതൃത്വം നൽകി. ഓരോ ശാഖയും സാമ്പത്തിക സഹായം നൽകി. ഓരോ ഇടവകയും ഭക്തിപൂർവ്വം ജപമാല ചൊല്ലുന്നു. മേഖല ഭാരവാഹികൾ ഒമ്പത് ശാഖ കളിൽ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. മികച്ച ശാഖകളെ കണ്ടെത്തി.

**കേളകം**

രോഗീസന്ദർശനം നടത്തി. പ്രളയകെടുതിയിൽപ്പെട്ടവരെ സഹാ യിക്കാൻ 17000 രൂപ കൊടുത്തു. പേരന്റിംഗ് എന്ന വിഷയത്തെ ആസ്പദ മാക്കി അമ്മമാർക്ക് ക്ലാസ് കൊടുത്തു. പുതിയ ഭാരവാഹികളെ തെര ഞ്ഞെടുത്തു.

**പോരൂർ**

ബഹു. ആന്റോ അച്ചന്റെ നേതൃത്വത്തിൽ എക്സിക്യുട്ടീവ് അംഗ ങ്ങൾ കരുണാഭവൻ സന്ദർശിച്ച് പ്രാർത്ഥിച്ചു. 10 ദിവസമുള്ള ജപമാല യിൽ അമ്മമാർ നേതൃത്വം നൽകി. ബഹു. സെബാസ്റ്റ്യൻ ഉണ്ണിപള്ളി യച്ചൻ എല്ലാ യൂണിറ്റുകളിലേക്കും നൽകിയ മാതാവിന്റെ തിരുസ്വരൂപം ഓരോ ഭവനത്തിലും വെച്ച് പ്രാർത്ഥിക്കുവാൻ അമ്മമാർ പ്രത്യേകം ശ്രദ്ധിച്ചു. ആലാറ്റിൽ വെച്ചു നടന്ന ജപമാല റാലിയിൽ ഇടവകയിൽ നിന്നും 25 അമ്മമാർ പങ്കെടുത്തു.

**കല്ലുവയൽ**

സെപ്റ്റംബർ 8-ാം തിയതി മാതൃദിനം ആഘോഷിച്ചു. വിശുദ്ധ ബലിയിൽ അമ്മമാർ നേതൃത്വം നൽകി. കയ്യെഴുത്തുമാസിക തയ്യാ റാക്കി. 2019-2021 വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു. രോഗീസന്ദർശനം നടത്തി.

**പൂക്കോട്ടുംപാടം**

50 വർഷം കഴിഞ്ഞ ദമ്പതിമാരെ ആദരിച്ചു. ബഹു. ജോർജ്ജ് കുഴുപ്പിൽ അച്ചൻ കുമ്പസാരത്തെക്കുറിച്ച് ക്ലാസ് നൽകി. പിടിയരിയും മറ്റും ശേഖരിച്ച് 12 സാധുകുടുംബങ്ങൾക്ക് കിറ്റ് നൽകി. ദുരിതാശ്വാസ

സംഭാവനയായി ലഭിച്ച തുകയിൽ പ്രളയദുരിതത്തിൽ കഴിയുന്ന 3 കുടുംബങ്ങൾക്ക് 12500 രൂപയും രൂപത ദുരിതാശ്വാസഫണ്ടിലേക്ക് 7500–രൂപയും കുട്ടനാട്ടിലേക്ക് 7500 രൂപയും നൽകി. റോട്ടറി ക്ലബിന്റെ സഹായത്തോടെ 150 കിലോ അരി 30 കുടുംബങ്ങൾക്ക് നൽകി. നവോമി സംഗമം നടത്തി. ഡോ.ഷാജി അമ്മമാർക്ക് ക്ലാസ് നൽകി. പേരന്റ്സ് ഡേ പ്രമാണിച്ച് മാതൃകാ മാതാപിതാക്കളെ തെരഞ്ഞെടുത്തു സമ്മാനം നൽകി. മാതാക്കൾ ലൈബ്രറി ആരംഭിച്ചു. സ്പോട്സിൽ മികവു പുലർത്തിയ ജെയിൻ ജൂബിക്ക് ബൂട്ട്സ് വാങ്ങാൻ 1000 രൂപ നൽകി.

**വാളേരി**

അമ്മമാർ വി. മോനിക്കയുടെ തിരുനാൾ ആചരിച്ചു. ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ പ്രാർത്ഥനയും ജീവകാരുണ്യവും എന്ന വിഷയത്തെ ആസ്പദമാക്കി നാലു വാർഡുകളിലായി കൺവെൻഷൻ നടത്തി. പ്രകൃതിക്ഷോഭം മൂലം മൂളിത്തോട്, എള്ളുമന്ദം, ന്യൂമാൻസ് കോളേജ് എന്നീ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് പുതിയ വസ്ത്രം, പായകൾ, പുതപ്പുകൾ എന്നിവ വിതരണം ചെയ്തു. അവരുടെ ഭവനങ്ങൾ സന്ദർശിച്ച് ശുചീകരണപ്രവർത്തനങ്ങളിൽ സഹായിച്ചു. 9 അമ്മമാർ ഡിവൈൻ ധ്യാനകേന്ദ്രം ശുചീകരണത്തിന് സഹായിച്ചു.

**കളത്തുവയൽ**

സെപ്റ്റംബർ 8–ാം തിയതി അമ്മമാർ കാഴ്ചസമർപ്പണം നടത്തി. കയ്യെഴുത്ത് മാസിക തയ്യാറാക്കി. യുവജനങ്ങൾക്കായി കരുണകൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

**കൽപ്ര**

ഏലീശ്വ സന്ദർശനം, രോഗിസന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി. മാതൃദിനം, പേരന്റ്സ് ഡേ –എന്നിവ ആചരിച്ചു. എല്ലാ ദമ്പതികളും കുടുംബങ്ങളിൽ ചൊല്ലുവാനായി പ്രാർത്ഥനയും പടവും നൽകി. 200–ഓളം അമ്മമാർക്ക് രൂപത പ്രസിഡന്റ് ക്ലാസ് എടുത്തു. ബഹു. വികാരിയച്ചന്റെയും ആനിമേറ്റർ സിസ്റ്ററിന്റെയും ഫീസ്റ്റ് ആഘോഷിച്ചു. മാതൃദിനം ആചരിച്ചു, വി. മോനിക്കയുടെ തിരുനാൾ ആഘോഷിച്ചു, രോഗീസഹായം നൽകി.

**കൂനൂർ**

പ്രളയ ദുരിത പ്രദേശങ്ങളിലേക്കും ദുരിതാശ്വാസ ക്യാമ്പുകളിലേക്കും അവശ്യ സാധനങ്ങൾ സമാഹരിച്ചു നൽകി. ഈ സാധനങ്ങൾ പൊതിയുവാനായി അമ്മമാർ സഹായിച്ചു. ദുരിതാശ്വാസ ഫണ്ടിലേക്ക് 10000– രൂപ സംഭാവന നൽകി. ബഹു. മാർട്ടിൻ പുതുശ്ശേരിയച്ചന്റെ

നേതൃത്വത്തിൽ ജപമാലയും ഉപവാസ പ്രാർത്ഥനയും നടത്തി. ബഹു. പോൾ വാഴപ്പിള്ളിയച്ചൻ കുടുംബകൂട്ടായ്മയുടെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസ് നയിച്ചു.

**വാഴവറ്റ**

രോഗീസന്ദർശനം നടത്തി. കൈയ്യെഴുത്ത് മാസിക പ്രകാശനം ചെയ്തു. യുവജന കൺവെൻഷന്റെ വിജയത്തിനായി കരുണകൊന്ത ചൊല്ലി പ്രാർത്ഥിച്ചു. പ്രോ-ലൈഫ് പ്രവർത്തനങ്ങളുടെ വിജയത്തിനായി തിരുഹൃദയ ജപമാലചൊല്ലി പ്രാർത്ഥിച്ചു. ഗർഭിണികളെയും നവജാത ശിശുക്കളെയും സന്ദർശിച്ച് പ്രാർത്ഥിച്ചു. യുവജനങ്ങൾക്കായി ജാഗരണ പ്രാർത്ഥന നടത്തി. ലോഗോസ് ക്വിസ് മോഡൽ പരീക്ഷ നടത്തി.

**കയ്യൂന്നി**

പരി. അമ്മയുടെ ജനനതിരുനാളിന് ഒരുക്കമായി നടത്തിയ എട്ടു നോമ്പാചരണവും ജപമാലയും യുവജന കൺവെൻഷൻ, ധ്യാനം എന്നിവയുടെ വിജയത്തിനായി സമർപ്പിച്ച് പ്രാർത്ഥിച്ചു. അമ്മയ്ക്കരികെ ജന്മദിന സമ്മാനമായി കിട്ടിയ കാഴ്ച വസ്തുക്കൾ കുഴിനിലത്തുള്ള ടെസ്സാ ഇൻസ്റ്റിറ്റ്യൂട്ടിലും പോരൂർ സ്നേഹാലയത്തിലുമായി എത്തിച്ചു കൊടുത്തു. ഇതാ നിന്റെ മകൻ എന്ന പേരിൽ കൈയ്യെഴുത്ത് മാസിക പ്രകാശനം ചെയ്തു.

**വലിയ കൊല്ലി**

5 നിർദ്ധന കുടുംബങ്ങൾക്ക് ഭക്ഷണകിറ്റ്, വസ്ത്രം എന്നിവ വിതരണം ചെയ്തു. മാതൃദിനം ആചരിച്ചു. രൂപത കൈയ്യെഴുത്ത് മാസിക പ്രകാശനം ചെയ്തു. പോരൂർ സ്നേഹാലയം സന്ദർശിച്ച് 8 നോമ്പിന് ലഭിച്ച നിത്യോപയോഗ സാധനങ്ങൾ അവർക്ക് നൽകി, അവരോടൊപ്പം ഒരു ദിനം ചെലവഴിച്ചു. മക്കളില്ലാത്ത ദമ്പതികൾക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**കാവുമന്ദം**

8 നോമ്പ് ആചരിച്ചു. ദുരിതാശ്വാസ സംഘടനയുടെ പ്രവർത്തനങ്ങളോട് ചേർന്ന് സഹകരിച്ച് കിറ്റ് തയ്യാറാക്കാൻ സഹായിച്ചു.

**പാറത്തോട്ടം**

മാതാവിന്റെ തിരുസ്വരൂപം അലങ്കരിച്ച് അമ്മമാർ മാതൃദിനം ആചരിച്ചു. തിരുനാൾ ദിനത്തിൽ കാഴ്ചസമർപ്പണം നടത്തി.

**വടക്കനാട്**

ഇതാ നിന്റെ മകൻ എന്ന പേരിൽ രൂപത കൈയ്യെഴുത്ത് മാസിക പ്രകാശനം ചെയ്തു. മെഴുകുതിരി നിർമ്മിച്ചു കിട്ടിയ 3000 രൂപ ദുരിതാശ്വാസ ഫണ്ടിലേക്ക് നൽകി. യുവജന കൺവെൻഷന്റെ വിജയത്തിനായി എല്ലാ വ്യാഴാഴ്ചയും ഒരു മണിക്കൂർ ആരാധന നടത്തി.

**കോട്ടത്തറ**

പരി.അമ്മയുടെ ജനനതിരുനാൾ സമുചിതമായി ആഘോഷിച്ചു. രോഗികളേയും, റാട്ടകൊല്ലിയിലെ അഗതിമന്ദിരവും സന്ദർശിച്ചു. ഒരു നിർദ്ധന കുടുംബത്തിന് 2000 രൂപ ചികിത്സാ സഹായം നൽകി.

**പാലേമാട്**

8 നോമ്പെടുത്ത് മാതൃദിനം ആഘോഷിച്ചു. കൈയ്യെഴുത്ത് മാസിക തയ്യാറാക്കി. 100-ഓളം അമ്മമാർക്ക് ബഹു. ബിജു തൊണ്ടി പറമ്പിൽ അച്ചൻ ക്ലാസ്സെടുത്തു.

**ജൂഡ്സ് മൗണ്ട്**

ദുരിതാശ്വാസ സംഭാവനയായി 4000 രൂപ നൽകി. രോഗി സന്ദർശനം നടത്തി 3000 രൂപ ചികിത്സ സഹായം നൽകി. പ്രാർത്ഥന ദിനം ആചരിച്ചു.

**പനംഞ്ചിറ**

ബഹു. ജിമ്മിയച്ചൻ അമ്മമാർക്ക് പേരന്റിംഗിനെ സംബന്ധിച്ച് ക്ലാസ്സെടുത്തു. പരി. അമ്മയുടെ ജനനതിരുനാളിൽ ബഹു. തോമസ് മണക്കുന്നേലച്ചൻ സന്ദേശം നൽകി മാതൃദിനം ആചരിച്ചു. വിവാഹ ത്തിന്റെ 25-ാം ജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ ആദരിച്ചു.

**ചുങ്കക്കുന്ന്**

രോഗി സന്ദർശനം നടത്തി. ഒരു നിർദ്ധന കുടുംബത്തിന് ചികിത്സാ സഹായമായി 5000 രൂപ നൽകി. ദുരിതാശ്വാസ നിധിയിലേക്ക് 15000 രൂപ നൽകി സഹായിച്ചു. 72 ഭക്ഷണകിറ്റ് നൽകി. ഒരു ദിവസം ഉപവാസമെടുത്ത് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. വി.ജോൺ വിയാനി യുടെ തിരുനാൾ ദിനത്തിൽ ബഹു. വൈദീകർക്ക് തിരുനാൾ മംഗള ങ്ങൾ നേർന്നു. വി. മോനിക്കയുടെ തിരുനാൾ ആചരിച്ചു. ജപമാല റാലി നടത്തി. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മേഖലയിലേക്ക് 2000 രൂപ നൽകി. രോഗീസന്ദർശനം നടത്തി.

**ബത്തേരി**

പ്രളയദുരിതം അനുഭവിക്കുന്നവർക്കുവേണ്ടി വീടുകളിൽ പോയി വസ്ത്രവും സാധനങ്ങളും ശേഖരിച്ച് കുഞ്ഞോം, കുപ്പാടി, കാവുംമന്ദം, തലപ്പുഴ തുടങ്ങിയ ക്യാമ്പുകളിൽ കൊടുത്തു. ശേഖരിച്ചുകിട്ടിയ 44000 രൂപ ദുരിതാശ്വാസ ക്യാമ്പിൽ നൽകി. ഓണത്തിന് കൽപ്പറ്റ വൃദ്ധസ ദനം സന്ദർശിച്ച് ഭക്ഷണമുണ്ടാക്കി അവരോടൊപ്പം ചെലവഴിച്ചു. ഭക്ഷണ സാധനങ്ങൾ നൽകി.

**പാടിച്ചിറ**

യുവജനങ്ങൾക്കായി ജാഗരണ പ്രാർത്ഥന നടത്തി. പ്രളയ ബാധിതർക്ക് വസ്ത്രവും നിത്യോപയോഗ സാധനങ്ങളും എത്തിച്ചു കൊടുത്തു. അവർക്കുവേണ്ടി ജപമാലയും ആരാധനയും നടത്തി. സ്വർഗ്ഗാരോപണ തിരുനാൾ ആചരിച്ചു.

**വലിയകൊല്ലി**

പ്രകൃതി ക്ഷോഭംമൂലം കഷ്ടപ്പെട്ട വാളാട് ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ച് അവർക്കുവേണ്ടി ഒരു മണിക്കൂർ ആരാധന നടത്തി. അമ്മമാരുടെ നേതൃത്വത്തിൽ മൂന്നു ഭവനങ്ങൾ ശുചീകരിച്ചു. രണ്ട് കുടുംബങ്ങൾക്ക് ഭക്ഷണകിറ്റ് നൽകി. ഒരു കുടുംബത്തിന് വസ്ത്രങ്ങൾ വാങ്ങി കൊടുത്തു. അക്രൈസ്തവ കുടുംബത്തിലെ കുടുംബനാഥയുടെ മൃതസംസ്കാരത്തിൽ പങ്കെടുത്ത് അവർക്കുവേണ്ടി പ്രാർത്ഥിച്ചു.

**കാവുംമന്ദം**

വെള്ളപ്പൊക്കം മൂലം ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരെ സന്ദർശിച്ച് ഭക്ഷണമുണ്ടാക്കാൻ സഹായിച്ചു. ഭവനങ്ങൾ ശുചീകരിക്കാൻ സഹായിച്ചു, ഭക്ഷണ കിറ്റുകളും വസ്ത്രങ്ങളും വിതരണം ചെയ്തു. പരി. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും വി.മോനിക്കയുടെ തിരുനാളും ആഘോഷിച്ചു. ബഹു. വികാരിയച്ചൻ റിട്ടയേഡ് ജവാന്മാർക്ക് പൂച്ചെണ്ട് നൽകി ആദരിച്ചു.

**പാറത്തോട്ടം**

മഴക്കെടുതിയിൽ ദുരിതമനുഭവിക്കുവർക്കുവേണ്ടി ആരാധനയും ഉപവാസ പ്രാർത്ഥനയും നടത്തി. അമ്മമാർക്കുവേണ്ടി ബഹു. ജോണി അമ്പാട്ടുസാറിന്റെ നേതൃത്വത്തിൽ അർദ്ധദിന സെമിനാർ നടത്തി. പ്രകൃതിക്ഷോഭം മൂലം ക്ലേശിക്കുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് പല ഏജൻസികൾ വഴി ഭക്ഷണകിറ്റ് വിതരണം ചെയ്തു. പ്രകൃതിനാശം സംഭവിച്ച സ്ഥലങ്ങൾ സന്ദർശിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ബഹു. വികാരിയച്ചന് വി. ജോൺ വിയാനിയുടെ തിരുനാൾ മംഗളങ്ങൾ ആശംസിച്ചു.

**ഒറ്റപ്ലാവ്**

അമ്മമാർക്കായി ഇടവക തലത്തിൽ ലോഗോസ് പരീക്ഷ നടത്തി. പ്രളയദുരിത ബാധിതർക്കായി ഒരാഴ്ച ആരാധനയും ഒരു ദിനം ഉപവാസവും നടത്തി. പ്രളയ ബാധിതർക്കുവേണ്ടി വിവിധ ഏജൻസികൾ കൊടുക്കുന്ന കിറ്റുകൾ വിതരണം ചെയ്യാൻ സഹായിച്ചു. ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി ശുശ്രൂഷകൾ (5-10-2018)**

രാവിലെ 10 മണിക്ക് എൽഡറിംഗും കുമ്പസാരവും ആരംഭിച്ചു. കുരിശിന്റെ വഴിയ്ക്കും സഹനജപമാലയ്ക്കുംശേഷം 2 മണിയോടെ ടീം മീറ്റിംഗിനായി ഒരുമിച്ചുകൂടി. 5 മണിക്കു ജാഗരണപ്രാർത്ഥന ആരംഭിച്ചു. ശ്രീ. ബേബി കുപ്പയിൽ, ശ്രീ. ജോസ് മാളോല എന്നിവർ സ്തുതി ആരാധനയ്ക്കു നേതൃത്വം നൽകി. ബഹു. സോണിയച്ചൻ വി.ബലി അർപ്പിച്ചു. 10 മണിയോടെ ശുശ്രൂഷ സമാപിച്ചു.

**ആദ്യശനി ഏകദിനകൺവെൻഷൻ (6-10-2018)**

ഒരുക്കശുശ്രൂഷകൾ രാവിലെ 6 മണിക്ക് ആരംഭിച്ചു. ജപമാല പ്രദക്ഷിണം, വെഞ്ചരിപ്പ് എന്നിവയ്ക്കുശേഷം 8.45 ന് കൺവെൻഷൻ ആരംഭിച്ചു. തലശ്ശേരി സന്ദേശഭവൻ ഡയറക്ടർ ബഹു. മാത്യു ആശാരിപറമ്പിൽ അച്ചൻ വചനപ്രഘോഷണം നടത്തി. ചുങ്കക്കുന്ന് ഫൊറോനാ വികാരി റവ.ഫാ. വിൻസെന്റ് കളപ്പുര വി.കുർബാന അർപ്പിച്ചു വചന സന്ദേശം നൽകി. അനുഭവസാക്ഷ്യം, സ്പിരിചൽ ഷെയറിംഗ്, കുമ്പസാരം എന്നിവയ്ക്കുശേഷം ദിവ്യകാരുണ്യ പ്രദക്ഷിണവും ആരാധനയും നടന്നു. യുവജനങ്ങൾക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥന നടത്തി 3.30 ന് ശുശ്രൂഷ സമാപിച്ചു.

**പൊതുസ്പിരിചൽ ഷെയറിംഗ് (13-10-18)**

സ്പിരിചൽ ഡിറക്ടേഴ്സ് രണ്ടാം വെള്ളിയാഴ്ച സിയോനിൽ വന്ന് പ്രാർത്ഥിച്ചൊരുങ്ങി ശനിയാഴ്ച ശുശ്രൂഷകൾ നടത്തി. 64 പേർ ശുശ്രൂഷകൾക്കായി കടന്നുവന്നു.

**ഓസാനഭവൻ ഏകദിനശുശ്രൂഷ**

നടവയൽ ഓസാനഭവനിൽ ഒക്ടോബർ 3 ബുധനാഴ്ച ഏകദിന ശുശ്രൂഷ നടത്തി. ബഹു. സോണി വാഴകാട്ടച്ചൻ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**തൂവാനീസ (ഒക്ടോബർ 11-12)**

സിയോൻ ധ്യാനകേന്ദ്രത്തിൽവച്ച് യേശുവിനെ അനുഗമിക്കുന്ന സ്ത്രീകളുടെ ദ്വിദിന ട്രെയിനിംഗ് പ്രോഗ്രാം ഒക്ടോബർ 11,12 തീയതി

കളിൽ നടന്നു. സിയോൻ ടീമിനുപുറമെ അഡ്വക്കറ്റ് ജോസ്, Excise Preventive Officer അനീഷ് ജോസ് എന്നിവർ ക്ലാസ് എടുത്തു.

**മരിയൻ ധ്യാനം (21–25)**

ഒക്ടോബർ 21 മുതൽ 25 വരെ സിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് മരിയൻ ധ്യാനം നടത്തപ്പെട്ടു.

**അഖണ്ഡജപമാല യജ്ഞം (18–20)**

ഒക്ടോബർ 18 വ്യാഴം മുതൽ 20 ശനിവരെ സിയോൻ ചാപ്പലിൽ വച്ച് 53 മണിക്കൂർ നീണ്ടുനിൽക്കുന്ന ജപമാല പ്രാർത്ഥന നടത്തപ്പെട്ടു. വിവിധ സന്യാസസമൂഹാംഗങ്ങൾ, ജീസസ് യൂത്ത്, വിവിധ ഇടവകാം ഗങ്ങൾ എന്നിവർ പ്രാർത്ഥനയിൽ പങ്കുചേർന്നു. ദ്വാരക ഫൊറോന വികാരി റവ.ഫാ. ജോസ് തേക്കനാടി, പാസ്റ്ററൽ സെന്റർ ഡയറക്ടർ റവ.ഫാ. പോൾ വാഴപ്പള്ളി എന്നിവർ ദിവ്യബലിയർപ്പിച്ചു.

**രോഗസൗഖ്യദിനം (27–10–18)**

സൗഖ്യത്തിനായ് കടന്നുവരുന്ന രോഗികൾക്കുവേണ്ടി ജപമാല, സ്തുതി–ആരാധന എന്നീ ശുശ്രൂഷകളോടെ പ്രാർത്ഥന ആരംഭിച്ചു. ബഹു. സോണിയച്ചൻ വി.കുർബാന അർപ്പിച്ച് സൗഖ്യപ്രാർത്ഥനയും കൈവെപ്പുശുശ്രൂഷയും നടത്തി.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

**സീറോമലബാർ ചർച്ച് ഇന്റർനെറ്റ് മിഷൻ പരിശീലന പരിപാടി**

മാധ്യമങ്ങളുടെ ആധുനികകാലത്തെ പ്രവർത്തനങ്ങളെക്കുറിച്ച് ശരിയായ ദിശാബോധം നൽകുവാൻ കത്തോലിക്കാ കോൺഗ്രസ്സ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ മാധ്യമ ശില്പശാല എറണാകുളം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വെച്ച് നടത്തുകയുണ്ടായി. നമ്മുടെ രൂപതയിൽ നിന്നും ജനറൽ സെക്രട്ടറിയും രൂപതാ ട്രഷററും പങ്കെടുത്തു. മാധ്യമവിചാരണയും വിധിയും സഭയെ താറടിക്കാൻ പരിശ്രമിക്കുമ്പോൾ സത്യസന്ധമായ വാർത്താപ്രചരണം കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന തിരിച്ചറിവ് നൽകുകയാണ് മാധ്യമ ശില്പശാലയിലൂടെ ലക്ഷ്യമിടുന്നത്. ഗ്ലോബൽ സമിതിയുടെ മാധ്യമ ജാഗ്രതാ സംഘത്തിനും രൂപം നൽകി. രൂപതാ തലത്തിലും യൂണിറ്റ് തലത്തിലും മാധ്യമ ശില്പശാലകൾ സംഘടിപ്പിക്കുന്നതിനായി രൂപതാ സമിതികളെ ചുമതലപ്പെടുത്തി.

**ഇന്ധനവില വർദ്ധനവിന് എതിരെ**

ഇന്ധനവില അടിക്കടി ഉയർത്തുന്നതിനെതിരെ ഗ്ലോബൽ സമിതി കോട്ടയത്ത് സംഘടിപ്പിക്കുന്ന നിരാഹാര സത്യാഗ്രഹത്തിന് ഐക്യദാർഢ്യവും, കഴിയുന്നത്ര ആളുകളെ സത്യാഗ്രഹസമരത്തിൽ പങ്കെടുപ്പിക്കുന്നതിനും വേണ്ട ക്രമീകരണങ്ങൾ നടത്തുവാൻ രൂപതാ എക്സിക്യൂട്ടീവ് കമ്മറ്റിയെ ചുമതലപ്പെടുത്തി.

**ടൈംസ് ഓഫ് കാത്തലിക്ക്**

കത്തോലിക്കാ കോൺഗ്രസ്സ് ഗ്ലോബൽ സമിതി പ്രസിദ്ധീകരിക്കുന്ന ഓൺലൈൻ പത്രത്തിന്റെ ഉദ്ഘാടനം പ്രസിഡന്റ് അഡ്വ. ബിജു പറയനിലം ഉദ്ഘാടനം ചെയ്തു. എല്ലാ മാസവും രണ്ടു ലക്കങ്ങളായി പ്രസിദ്ധീകരിക്കുന്ന ഓൺലൈൻ പത്രത്തിന്റെ ഗുണഭോക്താക്കളാകാൻ ഇടവക-ഫൊറോന രൂപതാതല അംഗങ്ങളുടെ വാട്സ് ആപ്പ് നമ്പറും ഇമെയിൽ ഐഡിയും ശേഖരിച്ചു തുടങ്ങി.

**ലീഡേഴ്സ് മീറ്റ് കോട്ടയത്ത്**

കത്തോലിക്കാ കോൺഗ്രസ്സ് കേന്ദ്രഭാരവാഹികളുടെയും രൂപതാ പ്രസിഡന്റുമാരുടെയും മീഡിയ സമിതിയുടെയും സംയുക്തയോഗം കോട്ടയം കേന്ദ്ര കാര്യാലയത്തിൽ 2018 ഒക്ടോബർ 2-ാം തീയതി ചേർന്നു. പ്രസിഡന്റ് അഡ്വ.ബിജു പറയനിലം അദ്ധ്യക്ഷത വഹിച്ച

യോഗം ഗ്ലോബൽ ഡയറക്ടർ റവ.ഫാ. ജിയോ കടവി ഉദ്ഘാടനം ചെയ്തു. എല്ലാ രൂപതകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ പങ്കെടുത്തു. നമ്മുടെ രൂപതയിൽ നിന്നും സണ്ണി ചെറുകാട്, വർക്കി നിരപ്പേൽ, ജോർജ്ജുകുട്ടി, അഗസ്റ്റിൻ എന്നിവർ പങ്കെടുത്തു.

**രൂപതാ പ്രവർത്തക സമിതിയോഗം**

രൂപതാ പ്രവർത്തക സമിതിയോഗം ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. പ്രസിഡന്റ് സണ്ണി ചെറുകാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം രൂപതാ ഡയറക്ടർ റവ.ഫാ. ആന്റോ മമ്പള്ളി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി വർക്കി നിരപ്പേൽ വിഷയാവതരണം നടത്തി.

പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളെക്കുറിച്ച് ഓരോ പ്രദേശത്തെയും പ്രവർത്തക സമിതി അംഗങ്ങൾ വിശദീകരിച്ചു. അടിയന്തിരമായി സഹായിക്കേണ്ട മേഖലകളെക്കുറിച്ചും വിശദമായ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. കൂടുതൽ സഹായങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി ഗ്ലോബൽ സമിതിയുമായി ചേർന്നു പ്രവർത്തിക്കാനും തീരുമാനിച്ചു.

**ജാഗ്രതാ സമിതി**

പ്രളയക്കെടുതിയിൽ നാശനഷ്ടങ്ങൾ വന്നിട്ടുള്ളവരുടെ യഥാർത്ഥസ്ഥിതി വിലയിരുത്തി. സർക്കാർ ആനുകൂല്യങ്ങളും സഹായങ്ങളും അർഹരായവർക്കുതന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനായി കത്തോലിക്കാ കോൺഗ്രസ്സ് ജാഗ്രതാ സമിതിക്ക് രൂപം നൽകി. യൂണിറ്റുതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി യൂണിറ്റ് ഭാരവാഹികൾ തിരഞ്ഞെടുക്കുന്ന സമിതിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക.

**വർക്കി നിരപ്പേൽ**
രൂപതാ ജനറൽസെക്രട്ടറി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരീ സഹോദരന്മാരെ,

ഒരു മഴക്കാലം കൂടി നാം പിന്നിടുകയാണ്. വേനൽ വറുതിയിൽ വെന്തുരുകുന്ന മനുഷ്യർക്കും, മറ്റ് ജീവജാലങ്ങൾക്കും മഴ ഒരു വലിയ ദൈവാനുഗ്രഹമാണ്. എല്ലാവരും മഴയെ സ്നേഹിക്കുന്നു. കുടിവെള്ളം പോലും അപ്രാപ്യമാകുമ്പോൾ മഴക്കായി നാം ദൈവത്തോട് പ്രാർത്ഥിക്കാറുണ്ട്. എന്നാൽ, മഴ അഥവാ മാരി പേമാരിയായി–പെയ്തൊഴിയാതെ – മലവെള്ളപ്പാച്ചിലിൽ– മനുഷ്യരുടെ ജീവനും അവന്റെ സമ്പാദ്യങ്ങളും പ്രളയം കവർന്നെടുക്കുമ്പോൾ മഴ നമുക്ക് ശത്രുവായി മാറുന്നു. പ്രിയപ്പെട്ടവരെ, ദൈവീക പദ്ധതികളെക്കുറിച്ച് നാം അജ്ഞരാണ്. ഏതു പ്രളയത്തിനും, വരൾച്ചയ്ക്കും, കണ്ണീരിനുമപ്പുറം – സ്വാന്തനത്തിന്റെയും, സ്നേഹത്തിന്റെയും, സന്തോഷത്തിന്റെയും ഒരു വലിയ ദൈവീക സ്പർശം നമ്മെ കാത്തിരിപ്പുണ്ടെന്ന ആഴമേറിയ വിശ്വാസം ഓരോ വിൻസെൻഷ്യനും കാത്തുസൂക്ഷിക്കണം. ദൈവത്തിന്റെ വിളിക്കായ്– സ്പർശനത്തിനായ് നാം കാതോർത്തിരിക്കണം, അവയ്ക്ക് മറുപടി പറയണം. ആ മറുപടികൾ നമ്മുടെ സദ്പ്രവർത്തികളിലൂടെയാവട്ടെ. നന്മ ചെയ്യുന്നവന് വിശ്രമത്തിന് സമയമില്ലെന്ന മഹത് തത്ത്വം നാമോരോരുത്തരും ഓർക്കണം. ക്രിസ്തുവിനോടുള്ള ഐക്യത്തിൽ നിന്നാണ് നമുക്ക് പ്രേഷിത പ്രവർത്തിക്കുള്ള അവകാശവും, കടമയുമുണ്ടാകുന്നത്. മാമ്മോദീസായിലൂടെ യേശുവിന്റെ മൗതീക ശരീരത്തോട് ചേരുന്ന നമ്മെ കർത്താവു തന്നെയാണ് പ്രേഷിത പ്രവർത്തനങ്ങൾക്ക് തെരഞ്ഞെടുത്തിരിക്കുന്നത്. ക്രിസ്തുവാഹകരായ നാം ലോകമെങ്ങും അവിടുത്തേയ്ക്ക് സാക്ഷ്യം വഹിക്കുവാൻവേണ്ടി വിളിക്കപ്പെട്ടിരിക്കുന്നവരാണ്. അവിടുന്ന് തിരുമനസ്സാകുന്നതുപോലെയാണ് ഓരോരുത്തർക്കും ഈ ദാനം നല്കുന്നത്. (1. കോറി.12.11)

നവംമ്പർ മാസത്തിന്റെ പ്രത്യേകത നിങ്ങൾക്കേവർക്കും അറിവുള്ളതായിരിക്കുമല്ലോ. ഒന്നാം തീയതി സകല വിശുദ്ധരുടെയും, രണ്ടാം തീയതി സകല മരിച്ചവരുടെയും തിരുനാളുകളായി സഭ ആചരിക്കുകയാണ്. യേശുവിനുവേണ്ടി – ക്രൈസ്തവ സഭക്കുവേണ്ടി ജീവിച്ച്

മരിച്ചവരാണല്ലോ വിശുദ്ധർ. വർഷത്തിൽ എല്ലാദിവസവും അനുദിന വിശുദ്ധരെ നാം അനുസ്മരിക്കാറുണ്ടെങ്കിലും സകല വിശുദ്ധരെയും അനുസ്മരിക്കുന്ന നവംബർ ഒന്നിന് എല്ലാ വിശുദ്ധർക്കുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം, അവരുടെ ജീവിത മാതൃകകൾ അനുകരിക്കുവാനും പരിശ്രമിക്കാം. നവംബർ രണ്ട് സകല മരിച്ചവരുടെയും തിരുനാൾ ദിനമാണ്. പൂർവികരെ അനുസ്മരിക്കേണ്ടതിന്റെ പ്രാധാന്യം നാം ഉൾക്കൊള്ളുകയും നമ്മുടെ അടുത്ത തലമുറ ഈ മാതൃക പിന്തുടരുവാനുള്ള പ്രചോദനവും നമ്മിൽ നിന്നാണ് ഉണ്ടാവേണ്ടതെന്നതും ഓർമ്മിക്കുമല്ലോ. നാളെ നമ്മളും പൂർവീകരാകും.

**ബെനഫാക്ടേഴ്സ് ദിനം**

നടവയൽ ഓസാനാംഭവനെ സഹായിക്കുന്നവരുടെ സംഗമം സെപ്റ്റംബർ 29-ന് നടന്നു. രാവിലെ 9.30-ന് നടന്ന ദിവ്യബലിയിൽ റവ.ഫാ.നോബിൾ പാറയ്ക്കൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് 11-മണിക്ക് നടന്ന പൊതുസമ്മേളനം മാനന്തവാടി രൂപതാധ്യക്ഷൻ മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്തു. കർത്താവിന്റെ കരുണാർദ്രമായ മുഖമാണ് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിലൂടെ വെളിപ്പെടുന്നതെന്ന് പിതാവ് തന്റെ ഉദ്ഘാടന സന്ദേശത്തിൽ ചൂണ്ടിക്കാണിച്ചു. നന്മ ഇന്നും സമൂഹത്തിൽ അവശേഷിക്കുന്നുണ്ട്. നാം ജീവന്റെ വിലയറിയാതാവുമ്പോഴാണ് തെരുവോരങ്ങളിൽ ആർക്കും വേണ്ടാത്ത മനുഷ്യജന്മങ്ങളുണ്ടാവുന്നത്. അപരനിലെ ദൈവസാന്നിധ്യം അനുഭവിച്ചറിയണം. തിന്മയുടെ ലോകത്ത് യേശുവിന്റെ വഴി അവഹേളനത്തിന്റെയും പീഡനത്തിന്റെയും കഷ്ടപ്പാടുകളുടേതുമാണ്. നന്മയെ പ്രോത്സാഹിപ്പിക്കുവാനാവണം. തിന്മയെ തോല്പ്പിക്കുക എളുപ്പമല്ലെന്ന വസ്തുതയും നാം തിരിച്ചറിയണം. എല്ലാത്തിനെയും വിലമതിക്കുന്ന മനോഭാവം നമ്മിൽ വളർത്തണം-മാർ ജോസ് പൊരുന്നേടം പിതാവ് ആഹ്വാനം ചെയ്തു. വയനാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ബി.നസീമ മുഖ്യപ്രഭാഷണം നടത്തി. പനമരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.എസ്. ദിലീപ്കുമാർ, മീനങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബീന വിജയൻ, ജില്ലാ പഞ്ചായത്തംഗം പി. ഇസ്മായീൽ, ലാസലെററ് ആശ്രമം ഡയറക്ടർ റവ. ഫാ.ജെൻസൻ, ഡെപ്യൂട്ടി കലക്ടർ മേഴ്സി ആര്യപ്പള്ളി, ഓസാനാംഭവൻ മുൻ ചെയർമാൻ ജോണി പാറ്റാനി, പൂതാടി ഗ്രാമപഞ്ചായത്തംഗം എ. ഉണ്ണികൃഷ്ണൻ, ഓസാനാംഭവൻ ഭരണസമിതി അംഗങ്ങളായ റവ.ഫാ.അഗസ്റ്റിൻപുത്തൻപുര എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ഓസാനാംഭവൻ ചെയർമാൻ ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത

വഹിച്ചു. ഓസാനാംഭവൻ ട്രഷറർ എൻ.യു.ജോൺ സ്വാഗതവും, സെക്രട്ടറി വിൻസെൻറ് ജോൺ വടക്കുംചേരി നന്ദിയും പറഞ്ഞു. നടവയൽ സെൻ്റ് തോമസ് ഹയർ സെക്കണ്ടറി സ്ക്കൂൾ വിദ്യാർത്ഥിനികളുടെ പ്രാർത്ഥനാ ഗാനത്തോടെ സഹായക ദിനാചരണം സമാപിച്ചു.

**ഗൂഡല്ലൂർ എ.സി. സെമിനാർ**

സെൻ്റ് വിൻസെൻ്റ് ഡി പോൾ സൊസൈറ്റി ഗൂഡല്ലൂർ എ.സി. യുടെ നേതൃത്വത്തിൽ സെൻ്റ് വിൻസെൻ്റ് ഡി പോളിൻ്റെ തിരുനാൾ ആഘോഷവും ഏകദിന സെമിനാറും സംഘടിപ്പിച്ചു. എ.സി.ആത്മീയ ഉപദേഷ്ടാവ് റവ.ഫാ.ജോണി ഇലവുങ്കലിൻ്റെ മുഖ്യകാർമ്മീകത്വത്തിൽ ദിവ്യബലി അർപ്പിച്ചു. റവ.ഫാ.ജോസ് തെങ്ങടയിൽ സഹകാർമ്മികത്വം വഹിച്ചു. തുടർന്ന് നടന്ന സെമിനാർ റവ.ഫാ.ജോസ് തെങ്ങടയിൽ ഉദ്ഘാടനം ചെയ്തു. റവ.ഫാ. ജോണി ഇലവുങ്കൽ അധ്യക്ഷത വഹിച്ചു. സി.സി. ജനറൽ സെക്രട്ടറി ബ്ര. ബാബു നമ്പുടാകം മുഖ്യസന്ദേശം നല്കി. ഓസാനാംഭവൻ സെക്രട്ടറി ബ്ര. വിൻസെൻറ് ജോൺ വടക്കുചേരി തിരുനാൾ സന്ദേശം നല്കി. വിവിധ കോൺഫ്രൻസുകളുടെ പ്രസിഡൻറുമാരായി തെരഞ്ഞെടുക്കപ്പെട്ട സി. റാണി കുഴികണ്ടത്തിൽ (അരുൾനിലയം), ബ്ര.റോയ് ലൂയീസ് (അരുൾനിലയം), സി.മേരി കണ്ടത്തിക്കുടിയിൽ (ധർമ്മഗിരി) എന്നിവർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ഗൂഡല്ലൂർ എ.സി. പ്രസിഡൻ്റ് സി. വത്സമ്മ പീറ്റർ ഇളയച്ചാനി, ബ്ര.റോയ് ലൂയീസ്, ബ്ര.തങ്കച്ചൻ പാറേക്കാട്ടിൽ എന്നിവർ ആശംസകളർപ്പിച്ചു. സി. ലൗലി ജോസ്, സി.റാണി കുഴികണ്ടത്തിൽ എന്നിവർ പ്രാർത്ഥനകൾക്ക് നേതൃത്വം നല്കി.

**ഓസാനാംഭവൻ സന്ദർശനം**

നവംബർ 1 മുതൽ 15 വരെ കുറുമ്പാല എ.സി.യിൽപ്പെട്ട കോൺഫ്രൻസുകൾ, നവംബർ 16 മുതൽ 30 വരെ തരിയോട് എ.സി. യിൽപ്പെട്ട കോൺഫ്രൻസുകൾ, ഡിസംബർ 1 മുതൽ 15 വരെ കല്പ്പറ്റ എ.സി, ഡിസംബർ 16 മുതൽ 30 വരെ തോണിച്ചാൽ എ.സി. കോൺഫ്രൻസുകളുടെ സന്ദർശനം കൃത്യമായി നടക്കുന്നുവെന്ന കാര്യം അതാത് എ.സി. പ്രസിഡൻ്റുമാർ ഉറപ്പാക്കേണ്ടതാണ്.

പ്രാർത്ഥനാ ആശംസകളോടെ,

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്

**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡൻ്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**സംസ്ഥാന ശില്പശാലയും പ്രദർശനവും സംഘടിപ്പിച്ചു**

കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ വെച്ച് 3 ദിവസം നീണ്ടുനിന്ന ഗ്രീൻ പിഗ്സ് ആന്റ് എഗ്ഗ്സ് എന്ന വിഷയത്തിൽ ശില്പശാല സംഘടിപ്പിച്ചു. ദിവസവും മുന്നൂറോളം ഡോക്ടർമാർ പങ്കെടുത്ത ശില്പശാലയിൽ ഇന്ത്യയിലെ വിവിധ കാർഷിക സർവ്വകലാശാലയിലെ വിദഗ്ധർ ക്ലാസ്സ് എടുത്തു. ശില്പശാലയോട് അനുബന്ധിച്ച് പന്നി വിഭവങ്ങൾ ഉൾപ്പെടുത്തി ഫുഡ് ഫെസ്റ്റും, മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട പ്രദർശനവും സംഘടിപ്പിച്ചു. ആയിരങ്ങളാണ് ഓരോ ദിവസവും പ്രദർശനം കാണുവാൻ എത്തിയത്.

**പങ്കെടുത്തു**

നബാർഡ് മഹാരാഷ്ട്രയിലെ സത്താറയിൽ വെച്ച് നടത്തിയ സ്പ്രിംഗ് ബെയ്സ്ഡ് വാട്ടർഷെഡ് ഡെവലപ്മെന്റ് ശില്പശാലയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ പ്രതിനിധീകരിച്ച് പ്രോഗ്രാം ഓഫീസർ ജോസ്.പി.എ. പങ്കെടുത്തു. നബാർഡ് വരുംവർഷങ്ങളിൽ ഇന്ത്യയിലാകമാനം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സ്പ്രിംഗ് ബെയ്സ്ഡ് വാട്ടർഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായാണ് ശില്പശാല സംഘടിപ്പിച്ചത്. പ്രളയ ദുരിതാശ്വാസ പ്രവർങ്ങളുടെ ഭാഗമായി 'കാരിത്താസ് ഇന്ത്യ' പി.ഒ.സി. യിൽ സംഘടിപ്പിച്ച മീറ്റിംഗിലും, 'കാത്തലിക് റിലീഫ് സർവീസസ്' (CRS) ചെന്നൈ ഓഫീസിൽ വച്ചു നടത്തിയ മീറ്റിംഗിലും ബഹു. ഡയറക്ടർ പോൾ കൂട്ടാലയച്ചൻ സംബന്ധിച്ചു.

**കോട്ടയം ജില്ലയിൽ വികാസ്പീഡിയ പ്രവർത്തനം സജീവമാക്കുന്നു**

കോട്ടയം ജില്ലയിൽ വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവരുമായി സഹകരിച്ച് വികാസ്പീഡിയ പ്രവർത്തനങ്ങൾ സജീവമാക്കുന്നു. നിലവിൽ മഹാത്മാ ഗാന്ധി സർവ്വകലാശാലയുമായി ചേർന്ന് നിരവധി ബോധവൽക്കരണ പരിപാടികളും കണ്ടന്റ് ഷെയറിംഗും നടന്നു വരുന്നുണ്ട്. ഇതിന്റെ ഭാഗ

മായി സ്റ്റേറ്റ് കോർഡിനേറ്റർ സി.വി. ഷിബു കോട്ടയം ജില്ലാ കലക്ടർ ബി.എസ് തിരുമേനി, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, ജില്ലാ ഇൻഫർമാറ്റിക് ഓഫീസർ, മറ്റ് വകുപ്പ് മേധാവികൾ എന്നിവരുമായി കൂടിക്കാഴ്ച നടത്തി.

പ്രളയാനന്തരം കുട്ടികളുടെ മാനസികാരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് കൗൺസിലർമാർക്ക് ദ്വിദിന പരിശീലനം നൽകി. കേരള അസോസിയേഷൻ ഓഫ് പ്രൊഫഷണൽ സോഷ്യൽ വർക്കേഴ്സ്, വികാസ് പീഡിയയുമായി ചേർന്നാണ് പരിശീലനം നടത്തിയത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നൂറ്റിയമ്പതിലധികം പേർ പങ്കെടുത്തു. വികാസ് പീഡിയ പോർട്ടലിൽ കൂടുതൽ വിവരദാതാക്കൾ രജിസ്റ്റർ ചെയ്തതോടെ പോർട്ടലിൽ ഉൾക്കൊള്ളിച്ച വിവരങ്ങൾ തിരയുന്നവരുടെ എണ്ണവും അനുദിനം വർദ്ധിച്ചിട്ടുണ്ട്.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നേറുന്നു. ഒക്ടോബർ 4 ഐശ്വര്യഗ്രാം, പാറപ്പുറം - സേവ് എ ഫാമിലി ഇന്ത്യാ ഓഫീസിൽ വെച്ചു നടന്ന ഡയറക്ടേഴ്സ് മീറ്റിംഗിൽ ബഹു. പോൾ കൂട്ടാല അച്ചൻ സംബന്ധിച്ചു. ഈ മീറ്റിംഗിൽ വച്ച് സേവ് എ ഫാമിലി പ്ലാൻ ഗോൾഡൻ ജൂബിലി ഹൗസിംഗ് പ്രോഗ്രാമിന്റെ ഭാഗമായി 25 വീടുകൾ നിർമ്മിക്കുവാൻ ഒരു വീടിന് 2 ലക്ഷം രൂപ വീതം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് അനുവദിച്ച് കിട്ടിയിട്ടുണ്ട്. ഈ മാസം 16 തുടങ്ങി 18 വരെ നടത്തിയ കോ-ഓർഡിനേറ്റേഴ്സ് സെമി ആനുവൽ മീറ്റിംഗിലും ട്രെയിനിംഗിലും സി. അനിലിറ്റ് സംബന്ധിച്ചു. ഈ മാസം പുതിയതായി 12 കുടുംബങ്ങൾക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അടുത്ത മാസത്തേക്ക് 20 കുടുംബങ്ങളെ ചേർക്കുവാനുണ്ട്. യോഗ്യതയുള്ളവരെ കണ്ടെത്തുന്നവർ WSSS ഓഫീസുമായി ബന്ധപ്പെടണമെന്ന് താൽപര്യപ്പെടുന്നു.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചു വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

**ക്ഷേമനിധി**

കേരള ഗവൺമെന്റിന്റെ ക്ഷേമനിധിയായ നിർമ്മാണ തൊഴിലാളി ക്ഷേമനിധിയുടെ സിറ്റിംഗ് ഈ മാസം 23-ാം (ഒക്ടോബർ) തീയതി നടക്കും. അതിന് വേണ്ടുന്ന ക്രമീകരണങ്ങൾ പൂർത്തിയായി.

**ചെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധി**

കേരള ചെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വ മെടുത്തവർക്ക് ദുരിതാശ്വാസഭാഗമായി ക്ഷേമനിധി ബോർഡിൽ നിന്നും 15 kg അരി വീതം ലഭിച്ചു.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റിന്റെ പെൻഷൻ പദ്ധതിയായ സ്വാവലംബൻ 'സുരക്ഷ' പദ്ധതിയിൽ ചേർന്നവരുടെ 2018-19 വർഷത്തെ മെമ്പർഷിപ്പ് പുതുക്കൽ നടപടി നവംബർ മുതൽ തുടങ്ങുന്നതാണ്.

**കൃതജ്ഞത**

കഴിഞ്ഞ 5 വർഷം കെ.എൽ.എം. രൂപത ഡയറക്ടർ ആയിരുന്ന ബിജോ കറുകപ്പള്ളി അച്ചന് കെ.എൽ.എം. കുടുംബത്തിന്റെ ഹൃദ്യ മായ നന്ദിയും പുതിയ പ്രവർത്തന മേഖലയിൽ വിജയാശംസകളും നേരുന്നു.

**സ്വാഗതം**

കെ.എൽ.എം. രൂപതാ ഡയറക്ടറായി പുതുതായി തിരഞ്ഞെടു ക്കപ്പെട്ട ഫാ. പോൾ കൂട്ടാലയ്ക്ക് ഹാർദ്ദവമായ സ്വാഗതവും വിജയാ ശംസകളും നേരുന്നു.

**കേരളാ റീജിയൺ സമ്മേളനം**

ഒക്ടോബർ 13, 14 തീയതികളിൽ എറണാകുളം പി.ഒ.സി. യിൽ നടന്ന വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരള റീജിയൺ സമ്മേള നത്തിൽ രൂപതാ പ്രസിഡണ്ട് ശ്രീ. ബിജു പുയ്ക്കുന്നേൽ പങ്കെടുത്തു. പ്രവാസികൾക്കും കുടിയേറ്റ തൊഴിലാളികൾക്കുമുള്ള സാധ്യതക ളായിരുന്നു ചർച്ചാ വിഷയം.

**'ജീവസ്സ്' ജീവകാരുണ്യ മെഡിക്കൽ പദ്ധതി**

മാനന്തവാടി രൂപതയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കിവരുന്ന ജീവസ്സ് ജീവകാരുണ്യ മെഡിക്കൽ പദ്ധ തിയിൽ അംഗത്വമെടുത്തവരിൽ 205 പേർ റീ ഇംപേഴ്സ്മെന്റിന് വേണ്ടി അപേക്ഷ സമർപ്പിച്ചു. ഏകദേശം 150- ഓളം ആളുകൾക്ക് സഹായം എത്തിക്കുവാൻ സാധിച്ചു.

ക്ലെയിമുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ അറിയാൻ WSSS ഓഫീസുമായോ സ്റ്റാർ ഹെൽത്തിന്റെ കൽപ്പറ്റ ബ്രാഞ്ചുമായോ ബന്ധ പ്പെടേണ്ടതാണ്.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**അതിജീവനം - ശില്പശാല**

യൂണിസെഫിന്റെ സഹായത്തോടെ പ്രളയാനന്തര വയനാടിനായി പ്രക്ഷേപണം ചെയ്ത അതിജീവനം എന്ന പ്രോഗ്രാമിന്റെ ഭാഗമായി മാറ്റൊലി ടീം അംഗങ്ങൾക്കായി സെപ്റ്റംബർ 26 ന് ഏകദിന ശില്പശാല സംഘടിപ്പിച്ചു. യൂണിസെഫിന്റെ പ്രതിനിധി ബേബി അരുൺ ട്രെയിനിംഗ് നല്കി. 32 പേർ ശില്പശാലയിൽ പങ്കെടുത്തു.

**സന്ദർശനം**

കാഞ്ഞിരപ്പള്ളി സഹായമെത്രാൻ മാർ ജോസ് പുളിക്കൽ മാറ്റൊലി സന്ദർശിച്ചു. Ideosync Media combinie പ്രതിനിധി എൻ. രാമകൃഷ്ണൻ മാറ്റൊലി സന്ദർശിച്ചു. ചലച്ചിത്ര പിന്നണിഗാന മേഖലയിൽ വയനാടിന്റെ ശബ്ദമായ ഗായിക പടിഞ്ഞാറത്തറ സ്വദേശിനി നിഖില മോഹൻ മാറ്റൊലി സന്ദർശിച്ചു. പ്രതിഭയും അതിഥിയും പരിപാടിയിൽ പങ്കെടുത്തു. ഗായകൻ തൃശ്ശൂർ നസ്സീർ മാറ്റൊലി സന്ദർശിക്കുകയും പരിപാടിയിൽ പങ്കെടുക്കുകയും ചെയ്തു.

പഠനത്തിന്റെ ഭാഗമായി അരീക്കോട് ഗവ. ഹയർസെക്കണ്ടറി സ്കൂൾ, പുല്പള്ളി പഴശ്ശിരാജാ കോളേജ് മാസ്സ് കമ്മ്യൂണിക്കേഷൻ വിഭാഗം, മലപ്പുറം എടക്കര ഗവ. ഹയർസെക്കണ്ടറി സ്കൂൾ, ശ്രീകണ്ഠാപുരം ഗവ. ഹയർസെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ മാറ്റൊലി സന്ദർശിച്ചു.

**ഗ്രാമമാറ്റൊലി**

റേഡിയോ മാറ്റൊലിയുടെ നേതൃത്വത്തിൽ എടവക പഞ്ചായത്ത് ഈസ്റ്റ് പാലമുക്കിൽ ഗ്രാമമാറ്റൊലി സംഘടിപ്പിച്ചു. പരിപാടിയിൽ വൈസ് പ്രസിഡന്റ് നജുമുദ്ദീൻ മുടമ്പത്ത് പറഞ്ഞു. സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ.മനോജ് കാക്കോനാൽ, ഫാ.ജസ്റ്റിൻ മുത്തിനാക്കാട്ട്, വിവിധ പ്രോഗ്രാം പ്രൊഡ്യൂസർമാർ എന്നിവർ നേതൃത്വം നൽകി. മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ഫാത്തിമ ബീഗം സംസാരിച്ചു.

**മാറ്റൊലിക്കൂട്ടം**

**വെള്ളമുണ്ട 8/4**

വെള്ളമുണ്ട 8/4 ൽ സെപ്റ്റംബർ 22 ന് മാറ്റൊലിക്കൂട്ടം രൂപീകരിച്ചു. പബ്ലിക് ലൈബ്രറി പ്രസിഡന്റ് മുരളി മാസ്റ്റർ അദ്ധ്യക്ഷത വഹിച്ചു. മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി ഉദ്ഘാടനം ചെയ്തു. മാറ്റൊലിക്കൂട്ടം പ്രസിഡന്റ് ഷാജൻ ജോസ് മുഖ്യപ്രഭാഷണവും മാറ്റൊലിക്കൂട്ടം കോർഡിനേറ്റർ ഷാജു പി. ജെയിംസ് നേതൃസമിതി രൂപീകരണവും നടത്തി. എം. മുരളീധരൻ പ്രസിഡന്റ്, എം. മോഹനകൃഷ്ണൻ സെക്രട്ടറി, എം. സുധാകരൻ ട്രഷററുമായി ഭരണസമിതി രൂപീകരിച്ചു.

**അയിലമൂല**

എടവക പഞ്ചായത്ത് അയിലമൂല ദേശീയവായനശാലയിൽ സെപ്റ്റംബർ 23 ന് മാറ്റൊലിക്കൂട്ടം രൂപീകരിച്ചു. വാർഡ്മെമ്പർ കെ.ടി ജയപ്രകാശ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉഷ വിജയൻ ഉദ്ഘാടനം ചെയ്തു. മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി മുഖ്യപ്രഭാഷണം നടത്തി. സുമേഷ് ഇ.എ. പ്രസിഡന്റ്, നിഖിൽ ബേബി സെക്രട്ടറി, വിഷ്ണു ജയചന്ദ്രൻ ട്രഷററുമായി ഭരണസമിതി രൂപീകരിച്ചു.

**ചെക്കണ്ണിക്കുന്ന്**

തരിയോട് ഗ്രാമപഞ്ചായത്ത് ചെക്കണ്ണിക്കുന്ന് സെപ്റ്റംബർ 30 ന് മാറ്റൊലിക്കൂട്ടം രൂപീകരിച്ചു. വാർഡ് മെമ്പർ പി.എ. ഇബ്രാഹിം ഉദ്ഘാടനം ചെയ്തു. മാറ്റൊലിക്കൂട്ടം കേന്ദ്രസമിതി അംഗം ശ്രീധരൻ മാസ്റ്റർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ മാറ്റൊലിക്കൂട്ടം കോർഡിനേറ്റർ ഷാജു പി. ജെയിംസ് മുഖ്യപ്രഭാഷണം നടത്തി. ബൈജു നായരുകണ്ടി പ്രസിഡന്റും സിബി എഡ്വേർഡ് സെക്രട്ടറിയും ഷഫീഖ് പാലശ്ശേരി ട്രഷററുമായി ഭരണസമിതി രൂപീകരിച്ചു.

**പങ്കാളിത്തം**

സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ഒക്ടോബർ 12,13,14 തിയ്യതികളിൽ വയനാട് സോഷ്യൽ സർവീസ് ഹാളിൽ സംഘടിപ്പിച്ച മൂന്ന് ദിവസത്തെ ഗ്രീൻപിഗ്സ് ആൻഡ് എഗ്സ് മേളയിൽ മാറ്റൊലിയെ പ്രതിനിധീകരിച്ച് പ്രോഗ്രാം വോളണ്ടിയർ ജോസ്മിൻ ജോസഫ് പങ്കെടുത്തു.

കല്പറ്റയിൽ വെച്ച് സംഘടിപ്പിച്ച ജലഗുണ പരിശോധന- ജല ശുദ്ധീകരണ പരിശീലന പരിപാടിയിൽ മാറ്റൊലിയെ പ്രതിനിധീകരിച്ച് ജെസ്മ ജെയിംസ് പങ്കെടുത്തു.

**റേഡിയോ പ്രക്ഷേപണങ്ങളിലൂടെ**

**തത്സമയ ഫോൺ ഇൻ:** ദന്തസംരക്ഷണം ശ്രദ്ധിക്കേണ്ട കാര്യ

ങ്ങൾ എന്ന വിഷയത്തിൽ സെപ്റ്റംബർ 28 ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. കല്പറ്റയിലെ ദന്തരോഗ വിദഗ്ദൻ ഡോ. ഫ്രൻസ് ജോസ് പരിപാടിയിൽ പങ്കെടുത്തു. 16 ശ്രോതാക്കൾ സംശയ നിവാരണത്തിനായി വിളിച്ചു. സൗന്ദര്യസംരക്ഷണം ആയുർവ്വേദത്തിൽ എന്ന വിഷയത്തിൽ ഒക്ടോബർ 02 ന് തത്സമയ ഫോൺ ഇൻ പരി പാടി സംഘടിപ്പിച്ചു. മേപ്പാടി പുളിയാമ്പറ്റ വൈദ്യശാലയിലെ ഫിസി ഷ്യൻ ഡോ.ഹസ്ന കെ എം പരിപാടിയിൽ പങ്കെടുത്തു. 10 ശ്രോതാ ക്കൾ സംശയനിവാരണത്തിനായി വിളിച്ചു. കേരളത്തിലെ പൊതുവിതരണ സംവിധാനത്തെക്കുറിച്ചും ഇ-പോസ് സംവിധാന ത്തെക്കുറിച്ചും ഒക്ടോബർ 16 ന് തത്സമയ പരിപാടി സംഘടിപ്പിച്ചു. ജില്ലാ സപ്ലൈ ഓഫീസർ കെ.വി. പ്രഭാകരൻ ശ്രോതാക്കളുടെ സംശ യങ്ങൾക്ക് മറുപടി നൽകി.

**ജനങ്ങൾക്കൊപ്പം:** ക്ഷീരവികസന വകുപ്പ് നല്കുന്ന സേവന ങ്ങളെക്കുറിച്ചും വിവിധ പദ്ധതികളെക്കുറിച്ചും, ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന ഭവനപദ്ധതികൾ, ചെറുകിട വ്യവസായം തൊഴിൽ ഉൾപ്പെടെയുള്ള വിവിധ പദ്ധതികളെകുറിച്ച് ജനങ്ങൾക്കൊപ്പം പരിപാടി യിൽ പങ്കുവെച്ചു.

**നേരും പൊരുളും:** പ്രളയാനന്തരം ജില്ലയുടെ അവസ്ഥ, കേരള ത്തിലെ റെയിൽവേ വികസനത്തിന് സംഭവിച്ചത്, വയോജനസംര ക്ഷണം, ആഗോളമാനസികാരോഗ്യദിനം, ആധാർ വിഷയത്തിൽ സുപ്രീം കോടതിവിധി, കോടതിനടപടികൾ തത്സമയം, കുട്ടികൾ വഴി തെറ്റാതിരിക്കാൻ പോലീസിന്റെ സഹായം, പ്രളയത്തിൽ നിന്ന് കര കയറുന്നതിൽ സന്നദ്ധസംഘടനകളുടെ പങ്ക്, കേരളബാങ്ക്, കേരള ത്തിലെ വിദ്യാഭ്യാസരംഗം എന്നീ വിഷയങ്ങൾ നേരും പൊരുളും ചർച്ച ചെയ്തു.

**കരംപിടിച്ച് കരുത്തോടെ:** പ്രളയാനന്തര വയനാടിന്റെ വീണ്ടെടുപ്പിന് റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്യുന്ന പരമ്പരയാണ് കരംപിടിച്ച് കരുത്തോടെ. പ്രകൃതി ദുരന്തത്തിൽ വേദനിക്കുന്നവരെ കൈപ്പിടിച്ചുയർത്തുന്നതിനാണ് പരമ്പര ലക്ഷ്യമിടുന്നത്. ജനങ്ങളുടെ ശാരീരിക-മാനസിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ, കുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേക പരിപാടികൾ, ആരോഗ്യ-ശുചിത്വ ബോധവത്കരണം, പകർച്ചവ്യാധി പ്രതിരോധ മാർഗ്ഗങ്ങൾ, പരിസ്ഥിതി അവബോധം തുടങ്ങി വ്യത്യസ്ത പരിപാടികൾ അതിജീവനം പരമ്പരയിൽ ഉൾപ്പെടുന്നു. യുണിസെഫിന്റെ സഹായത്തോടെയാണ് പരമ്പര പ്രക്ഷേപണം ചെയ്യുന്നത്.

**സായാഹ്നത്തിലെ തേജസ്സുകൾ:** വയോജനവാരാഘോഷ ത്തിന്റെ ഭാഗമായി പ്രത്യേക പരിപാടികൾ പ്രക്ഷേപണം ചെയ്തു. പിണങ്ങോട് പീസ് വില്ലേജിൽ നടന്ന വയോജനദിന ജില്ലാതല പരിപാടിയിൽ വയോജനങ്ങൾക്കായി ഡോ.അജയൻ കെ.എസ്. നടത്തിയ ആരോഗ്യബോധവത്കരണ ക്ലാസ്സിലെ പ്രസക്ത ഭാഗങ്ങൾ സായാഹ്നത്തിലെ തേജസ്സുകൾ എന്ന പരിപാടിയിൽ ഉൾപ്പെടുത്തി.

**മനസൗഖ്യ:** ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്ക് നൽകേണ്ട പരിശീലന പരിപാടികളെകുറിച്ച് മാനന്തവാടി ജില്ലാ ആശുപത്രിയിലെ മനോരോഗവിദഗ്ധൻ ഡോ.ഹരീഷ് കൃഷ്ണൻ, സൈക്യാട്രിക് കൗൺസിലറും റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടറുമായ ഫാ. ബിജോ കറുകപ്പിള്ളി എന്നിവർ നല്കിയ വിവരങ്ങളാണ് പങ്കുവെച്ചത്.

**അരങ്ങ്:** ജോസഫ് പള്ളത്ത് എഴുതി അവതരിപ്പിച്ച ചെറുകഥ പണ്ടാരങ്ങൾ, മാളവിക ഷാജി ആലപിച്ച നാടകഗാനങ്ങളും എടക്കര ഗവ.ഹയർസെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച വിവിധ കലാപരിപാടികളുമാണ് അരങ്ങിൽ ഉൾപ്പെടുത്തിയത്.

**പ്രത്യേക പരിപാടികൾ:** ജലാശയങ്ങളിലെ വെള്ളം താഴുന്നതിനെകുറിച്ച് സി.ഡബ്ല്യു.ആർ.ഡി.എം. നടത്തിയ പഠനത്തിന്റെ നിഗമനങ്ങളും മഴവെള്ള സംഭരണത്തിന്റെ പ്രാധാന്യവുമാണ് ജലസുരക്ഷ ഉറപ്പാക്കാം എന്ന പ്രത്യേക പരിപാടിയിൽ ഉൾപ്പെടുത്തിയത്. കോഴിക്കോട് സി.ഡബ്ല്യു.ആർ.ഡി.എമ്മിലെ പ്രിൻസിപ്പൽ സയന്റിസ്റ്റും ജിയോമാറ്റിക്സ് വിഭാഗം തലവനുമായ ഡോ.വി.പി. ദിനേശനാണ് വിവരങ്ങൾ പങ്കുവെച്ചത്. അൽഷിമേഴ്സ് ദിന പ്രത്യേക ചിത്രീകരണമായ മറന്നു പോകരുത് കൈമാറിയത്, മികച്ച ശുചിത്വ സംസ്കാരം വിദ്യാർത്ഥികൾക്ക് പകർന്ന് നൽകുക വഴി കേന്ദ്രസർക്കാരിന്റെ സ്വച്ഛ് വിദ്യാലയ പുരസ്കാരം നേടിയ വൈത്തിരി ജവഹർ നവോദയ സ്കൂളിന്റെ ശുചിത്വ മാതൃകകൾ, സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെ പ്രവർത്തന മികവിനുള്ള അംഗീകാരം ലഭിച്ച ബാവലി ഗവ. യുപി സ്കൂളിന്റെ പ്രവർത്തനങ്ങൾ എന്നിവ സമർപ്പണത്തിനുള്ള അംഗീകാരം എന്ന പരിപാടി, തപാൽ ദിന പ്രത്യേക പരിപാടി, ലഹരി വസ്തുക്കളുടെ പിടിയിൽ അകപ്പെട്ടവരെ യാഥാർത്ഥ ലോകത്തിലേക്ക് എത്തിക്കുന്നതിനുള്ള ബോധവത്കരണ പരിപാടിയായ നടവയൽ മുക്തി ലഹരി ചികിത്സാ കേന്ദ്രവുമായി ചേർന്ന് നടത്തുന്ന മോചനം പരിപാടി എന്നിവ പ്രക്ഷേപണം ചെയ്തു.

**ജീവിത വളയം:** തവിഞ്ഞാൽ സ്വദേശി സുരേഷ്, പ്രസാദ് ടി.എം, സുരേഷ് ബാബു എന്നിവർ പരിപാടിയിൽ പങ്കെടുത്തു സംസാരിച്ചു.

**ഓവർഡ്രൈവ്:** വാഹനങ്ങളിൽ സാധാരണ ചെയ്യുന്ന മോഡിഫിക്കേഷനുകളും അവയുടെ പ്രശ്നങ്ങളേയും കുറിച്ചും മാരുതി എർട്ടിഗ, ഹാരിയർ എന്നിവയെക്കുറിച്ചുമാണ് ഓവർഡ്രൈവ് പങ്കുവെച്ചത്.

**ടെക്നോമാറ്റൊലി:** ഹോണർ പ്ലേ, ഭാരത് വൺ എന്നീ ഫോണുകളെ ടെക്നോമാറ്റൊലിയിൽ പരിചയപ്പെടുത്തി.

**ജാലകം:** ഒക്ടോബർ ഒന്ന് അന്താരാഷ്ട്ര കാപ്പി ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി സ്ത്രീകളും കാപ്പിയും എന്ന വിഷയം അസ്പദമാക്കി കൽപ്പറ്റയിൽ നടന്ന പരിപാടിയുടെ റേഡിയോ റിപ്പോർട്ടാണ് ജാലകത്തിൽ ഉൾപ്പെടുത്തിയത്.

**ക്ഷീരവാണി:** പശുക്കളുടെ തീറ്റക്രമം, പശുക്കൾക്കുണ്ടാകുന്ന രോഗങ്ങൾക്കുള്ള പ്രതിവിധിയായുള്ള നാട്ടറിവുകളും പെരുവണ്ണാമൂഴി കൃഷി വിജ്ഞാന കേന്ദ്രത്തിലെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് എസ്. ഷൺമുഖവും പുൽകൃഷിയെകുറിച്ചുള്ള അറിവുകളും മാർഗ്ഗ നിർദേശങ്ങളും ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ജോഷി ജോസഫും, ക്ഷീരവാണിയിലൂടെ പങ്കുവെച്ചു.

**വയൽനാട്:** കാലാവസ്ഥയ്ക്ക് അനുസരിച്ച് കൃഷിയിറക്കുന്നതിനെ കുറിച്ചാണ് വയൽനാട് പരിപാടിയിലൂടെ തൃശിലേരി സ്വദേശി രാജേഷ് കൃഷ്ണൻ പങ്കുവെച്ചത്. ദ്രുതവാട്ടം എന്ന രോഗത്തെകുറിച്ചും നിയന്ത്രണ മാർഗ്ഗങ്ങളെകുറിച്ചും, പട്ടാളപ്പുഴുവിന്റെ ആക്രമണത്തെ കുറിച്ചും പ്രതിരോധമാർഗ്ഗങ്ങളെകുറിച്ചും സി.എസ്. അമ്പലവയൽ സീനിയർ അഗ്രികൾച്ചർ ഓഫീസർ കെ. മമ്മൂട്ടി പങ്കുവെച്ചു. കാർഷിക രംഗത്തെ പുരോഗതി ലക്ഷ്യമാക്കി നടപ്പാക്കുന്ന വിവിധ പദ്ധതികളെ കുറിച്ച് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ഷാജി അലക്സാണ്ടർ വ്യക്തമാക്കി. കാപ്പിയിൽ ചെറുകിട സംരംഭം നടത്തി വരുന്ന മക്കിയാട് പ്രണവം കോഫി സെന്ററിലെ എം.കെ. രമാവതിയെ വയൽനാട് പരിപാടി പരിചയപ്പെടുത്തി. അന്താരാഷ്ട്ര കാപ്പിദിനത്തോട് അനുബന്ധിച്ച് കൽപ്പറ്റയിൽ നടന്ന ദേശീയ സെമിനാറിൽ പുൽപ്പള്ളി വനമൂലികയിലെ എം.ജോർജ്ജ് നടത്തിയ വിഷയാവതരണത്തിലെ പ്രസക്ത ഭാഗങ്ങളും വയൽനാട് പരിപാടിയിൽ ഉൾപ്പെടുത്തി.

**പോഷൺ മാ:** ഗർഭകാല ആരോഗ്യപരിചരണം, ഭക്ഷണക്രമം എന്നീ വിഷയങ്ങളാണ് പോഷൺ മാ എന്ന പരിപാടിയിൽ ഉൾപ്പെടുത്തിയത്. സുൽത്താൻ ബത്തേരി ഹരീന്ദ്ര ആയുർവേദിക് ക്ലിനിക്കിലെ ഫിസിഷ്യൻ ഡോ.എ. ഭവാനിയാണ് വിവരങ്ങൾ പങ്കുവെച്ചത്. കുഞ്ഞിന്റെ ഭക്ഷണത്തിലും ആരോഗ്യത്തിലും വളർച്ചയിലുമെല്ലാം ശ്രദ്ധ നൽകുന്നതിനൊപ്പം ഇതെല്ലാം ശരിയാണോ

എന്ന ആശങ്കയും പല അമ്മമാരിലും കണ്ടുവരാറുണ്ട്. ഇത്തരം കാര്യങ്ങളിൽ വേണ്ടത്ര അറിവ് നൽകുന്ന അധ്യായമാണ് സെപ്റ്റംബർ 19–ന് പോഷൺ മാ പ്രക്ഷേപണം ചെയ്തത്. മാനന്തവാടി ജില്ലാ ആശുപത്രിയിലെ ശിശുരോഗ വിദഗ്ധൻ ഡോ.പി. ചന്ദ്രശേഖരനാണ് വിവരങ്ങൾ നൽകിയത്.

**ഹോമിയോകെയർ:** അഞ്ചുകുന്ന് ജില്ലാ ഹോമിയോ ആശുപത്രിയിലെ സീതാലയം കേന്ദ്രത്തോട് ചേർന്ന് പ്രവർത്തിക്കുന്ന വന്ധ്യതാ നിവാരണ ക്ലിനിക്കിനെക്കുറിച്ച് പ്രോജക്ട് കൺവീനർ ഡോ.ബീനാ ജോസ് നല്കിയ വിവരങ്ങളാണ് ഹോമിയോകെയറിൽ പങ്കുവെച്ചത്.

**കുടുംബവേദി:** പുകവലി എങ്ങനെയാണ് ദോഷകരമാകുന്നത് എന്നതും പങ്കുവെക്കലിന്റെ പ്രാധാന്യവുമാണ് കുടുംബവേദി ശ്രോതാക്കൾക്ക് പകർന്ന് നൽകിയത്.

**സ്മരണാഞ്ജലി:** ആനി ബസന്റ്, തിലകൻ, വയലിനിസ്റ്റ് ബാലഭാസ്കർ, തമ്പി കണ്ണന്താനം, ചങ്ങമ്പുഴ എന്നിവരെ സ്മരണാഞ്ജലിയിൽ അനുസ്മരിച്ചു.

**മാറ്റൊലി ടാക്കീസ്:** വധു ഡോക്ടറാണ്, ജോർജ്ജുകുട്ടി c/o ജോർജ്ജുകുട്ടി, കോട്ടയം കുഞ്ഞച്ചൻ, രാജാവിന്റെ മകൻ എന്നീ ചല ചിത്രങ്ങളാണ് മാറ്റൊലി ടാക്കീസിൽ പരിചയപ്പെടുത്തിയത്.

**നാടകം:** ഷാജു പി ജെയിംസ് രചനയും സംവിധാനവും നിർവ്വ ഹിച്ച ഗുൽമോഹർ എന്ന നാടകം പ്രക്ഷേപണം ചെയ്തു.

**മാറ്റൊലിക്കൂട്ടം:** വെള്ളമുണ്ടയിലെ 8/4, എടവക പഞ്ചായത്തിലെ അയിലമൂല എന്നിവിടങ്ങളിൽ രൂപീകരിച്ച മാറ്റൊലിക്കൂട്ടത്തിന്റെ വിവരങ്ങളാണ് മാറ്റൊലിക്കൂട്ടം പരിപാടിയിൽ പ്രക്ഷേപണം ചെയ്തത്.

**ആയുർകെയർ:** സൗന്ദര്യപരിചരണം ആയൂർവേദത്തിലൂടെ എന്നതാണ് ആയുർകെയർ പങ്കുവെച്ചത്. വിഷയം കൈകാര്യം ചെയ്തത് ഡോ. ഹസ്ന ഷബീൽ ആണ്.

**എഴുത്തരങ്ങ്:** മൗനം, സം ടൈംസ്, പ്രണയം, അവൾ പെണ്ണ്, ഡോ.സ്വർഗ്ഗീയ അസ്ഗറിന്റെ നീ, വയനാട് എന്നീ കവിതകളും വീട്ടിലേക്കുള്ള വഴി, കാഴ്ച, നിസ്വാർത്ഥമാണ് പ്രണയം, പോരാളി പുല്ല്, അകലുന്ന കരങ്ങൾ, തിരിച്ചറിവ്, റിയാസ് കൂടരഞ്ഞിയുടെ ചേച്ചി, ഡോ.ബിനീഷ് രാധാകൃഷ്ണന്റെ ഓപ്പറേഷൻ തീയേറ്റർ, ശിൽപ മോഹന്റെ മരം പെയ്ത വസന്തം, കേദാർ, കുഞ്ഞനന്തൻ എന്നീ കഥകളുമാണ് എഴുത്തരങ്ങ് പ്രക്ഷേപണം ചെയ്തത്.

**ഫാ. മനോജ് കാക്കോനാൽ** – അസി. ഡയറക്ടർ

# നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി

**ഇവാലുവേഷൻ മീറ്റിംങ്ങും നബാഡ് ട്രെയിനിംഗ് പ്രോഗ്രാമും**

NDS ന്റെ സെപ്റ്റംബർ മാസത്തെ ഇവാലുവേഷൻ മീറ്റിംങ്ങും നബാഡ് ട്രെയിനിംഗ് പ്രോഗ്രാമും 14-09-2018 ശനിയാഴ്ച അരുൾനിലയം പള്ളിയിൽ വെച്ച് നടന്നു. മണ്ണുവയൽ, ബോസ്പാറ, വിമലഗിരി എന്നിവിടങ്ങളിൽ നിന്നായി ഈ മാസം 100 ജൈവകർഷകർ ബയോവിനിൽ അംഗങ്ങളായി ചേർന്നു. വിമലഗിരി പള്ളിയിൽ ഒരു മീറ്റിംഗ് സംഘടിപ്പിക്കുകയും ജൈവകൃഷിരീതിയെകുറിച്ച് ക്ലാസ് എടുക്കുകയും ചെയ്തു.

**പുതിയ അയൽക്കൂട്ടങ്ങളുടെ രൂപീകരണം**

മണ്ണുവയലിയൽ NDS ന്റെ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. കോഡിനേറ്റർ ശ്രീ. അനിൽ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും അംഗങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**NDS ഓഫീസ് കെട്ടിടത്തിന്റെ തറക്കല്ലിടീൽ**

ഗൂഡല്ലൂർ അധികാരിവയലിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന NDS ഓഫീസ് കെട്ടിടത്തിന് 07-10-2018 ന് മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം തറക്കല്ലിട്ടു. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ സ്വാഗതം ആശംസിച്ചു. ഫൊറോന വികാരി ഫാ. തോമസ് മണക്കുന്നേൽ, WSSS ഡയറക്ടർ ഫാ. പോൾ കൂട്ടാല, WSSS അസി. ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ, മതബോധന ഡയറക്ടർ ഫാ. തോമസ് കാട്ടുതുരുത്തിയിൽ, ഗൂഡല്ലൂർ റീജണിലെ വിവിധ പള്ളികളിലെ വികാരിയച്ചൻമാർ എന്നിവർ പങ്കെടുത്തു.

**ഒക്ടോബർ ഇവാലുവേഷൻ മീറ്റിംഗ്**

20-10-2018 ന് ഒക്ടോബർ മാസത്തെ ഇവാലുവേഷൻ മീറ്റിംഗ് നടത്തപ്പെട്ടു. എല്ലാ യൂണിറ്റിൽനിന്നുമുള്ള അംഗങ്ങൾ പങ്കെടുക്കുകയും

റിപ്പോർട്ട് അവതരിപ്പിക്കുകയും ഓരോ യൂണിറ്റിലും നടത്തിയ പ്രോഗ്രാമുകളെകുറിച്ച് പറയുകയും ചെയ്തു. വിമലഗിരി യൂണിറ്റിൽ നടത്തിയ ലേഹ്യം, മുറിവെണ്ണ ഉത്പാദനം നടത്തിവരുന്നു. ബെക്കി യൂണിറ്റിൽ സോപ്പ്, വാഷിംഗ് കിറ്റ്, കുടനിർമ്മാണം എന്നീ പരിശീലനങ്ങൾ നൽകി. ഇത്തരം മികച്ച പ്രവർത്തനങ്ങൾ നടത്തിയ യൂണിറ്റുകൾക്ക് ഡയറക്ടറച്ചൻ അനുമോദനം അറിയിക്കുകയും മറ്റു യൂണിറ്റുകൾ ഇതൊരു മാതൃകയായി സ്വീകരക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS Gudalur

# ജയിൽ മിനിസ്ട്രി

ജീസസ് ഫ്രട്ടേണിറ്റിയുടെ നേതൃത്വത്തിൽ എസ്.എച്ച്. സിസ്റ്റേഴ്സ് വൈത്തിരി സബ്ജ്‌ജയിലിലും എഫ്.സി.സി. സിസ്റ്റേഴ്സ് മാനന്തവാടി ജില്ലാജയിലിലും കൗൺസിലിങ്ങും തുടർ പ്രവർത്തനങ്ങളും നടത്തി വരുന്നു. ഇക്കഴിഞ്ഞ മാസങ്ങളിൽ ജൂഡ്സ് മൗണ്ട് ഇടവകയുടെ ആഭിമുഖ്യത്തിൽ മാനന്തവാടി ജില്ലാജയിലും മിഷൻലീഗ് കളത്തുവയൽ ശാഖയുടെ നേതൃത്വത്തിൽ വൈത്തിരി സബ്ജ്‌ജയിലും സന്ദർശിക്കുകയും വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ജില്ലാജയിലിലെ പ്രവർത്തനങ്ങൾക്ക് റവ. ഫാ. ബിജോ കറുകപ്പള്ളി, റവ. ഫാ. തോമസ് കാട്ടുതുരുത്തിയിൽ, സി. ജെസ്ന, സി. പ്രീത റോസ് എന്നിവർ നേതൃത്വം നല്കി. 06-10-2018 ന് ആലുവ കാർമ്മൽഗിരി സെമിനാരിയിലെ ബ്രദേഴ്സ് ജയിലുകൾ സന്ദർശിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. എല്ലാവരുടെയും സഹകരണം തുടർന്നും പ്രതിക്ഷിക്കുന്നു.

**ഫാ. ജോൺ പുളിന്താനത്ത്**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി

**September - October 2018**

Academic Excellence Day 2018 was celebrated together with the Blessing and Inauguration of the newly built UGC assisted Staff Quarters cum Guest House Complex. The complex was blessed by His Excellency Mar Jose Porunnedom, our Patron & the Bishop of the Diocese of Mananthavady, and inaugurated by Prof Gopinath Ravindran, Hon Vice-chancellor of Kannur University. On this occasion, Hon Vice-chancellor delivered the fourth Dr K T Varkey endowment lecture on the topic, Higher Education in India: Trends & Challenges, and gave away prizes to the winners of Rev Fr Francis Njallampuzha Memorial Magazine Award 2018.

In addition, the achievers, toppers in exams and award winners among the students were honoured at the function. Ms Nayana V T, who was adjudged the Best Out-going student 2018, received Dr K T Varkey Endowment award in this regard. Sri Ramachandran K, Assistant Professor of English at St Mary's College Sulthan Bathery, received honour at the function as an illustrious alumnus of ours.

Mr Sonabin V Sabu of II B Sc Physics was shortlisted to participate in the Camp-cum-Seminar to be held in Mumbai for his exemplary performance in an Essay Writing Competition conducted by the Department of Nuclear Science and Technology for college students. The College Union 2018-19 was inaugurated by Sri C K Saseendran M L A (Kalpetta constituency) and the Principal formally administered the oath of office to the College Union office bearers at the inaugural ceremony.

**Dr. Savio James**
Principal

# CEADOM വിദ്യാഭ്യാസ മേഖല

മാനന്തവാടിരൂപത കോർപ്പറേറ്റിലെ വിദ്യാലയങ്ങളിൽ ധാരാളം മികവ് പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. പല വിദ്യാലയങ്ങളിലും പഞ്ചായത്തിന്റെയും മറ്റ് എജൻസികളുടെയും സഹായത്തോടെ പാചകപ്പുര, ടോയ്‌ലറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നുണ്ട്. ഇതുമായി പ്രവർത്തിച്ച പ്രധാന അധ്യാപകർക്കും അധ്യാപകർക്കും അനധ്യാപകർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

**അധ്യാപക ദിനാചരണം**

എല്ലാ വിദ്യാലയങ്ങളിലും പി.ടി.എ. സെപ്റ്റംബർ 5 ന് അധ്യാപക ദിനാചരണം നടത്തി. പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ ആഘോഷപരിപാടികൾ കുറച്ച് മറ്റുള്ളവർക്ക് മാതൃകയാകുവാൻ നമുക്ക് സാധിച്ചു.

**ദുരന്തനിവാരണ പ്രവർത്തനങ്ങൾ**

കേരളത്തെ ആകെ പിടിച്ചുകുലുക്കിയ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ ദുരന്തങ്ങളിൽ സജീവമായി രംഗത്തിറങ്ങുവാൻ നമ്മുടെ മിക്ക വിദ്യാലയങ്ങളിലെയും അധ്യാപകർക്ക് സാധിച്ചു എന്നത് അഭിനന്ദനീയമാണ്.

15 ഓളം വിദ്യാലയങ്ങൾ ദുരിതാശ്വാസ കേന്ദ്രങ്ങളായി പ്രവർത്തിച്ചു. അങ്ങനെയുള്ള വിദ്യാലയങ്ങളിലെ മാനേജറച്ചൻമാരും പ്രധാനാധ്യാപകരും അധ്യാപകരും രാപകൽ ക്യാമ്പിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളായത് അഭിനന്ദനീയമായ കാര്യമാണ്. ദുരിതാശ്വാസ കേന്ദ്രങ്ങൾ അല്ലാത്ത പല വിദ്യാലയങ്ങളിലെയും അധ്യാപകരും അനദ്ധ്യാപകരും വിദ്യാർഥികളും ദുരിതാശ്വാസ കേന്ദ്രങ്ങൾ സന്ദർശിച്ച് അവിടെയുള്ളവർക്ക് ഭക്ഷണവും, വസ്ത്രവും വിതരണം ചെയ്യുകയുണ്ടായി.

കോർപ്പറേറ്റ് തലത്തിൽ കോർപ്പറേറ്റ് മാനേജറച്ചന്റെ നേതൃത്വത്തിൽ ഓഫീസ് സ്റ്റാഫ് പയ്യമ്പള്ളി സെന്റ് കാതറൈൻസ്

ഹൈസ്ക്കുൾ, കൂടൽക്കടവ് എന്നിവിടങ്ങളിലെ ദുരിതാശ്വാസ കേന്ദ്ര ങ്ങൾ സന്ദർശിച്ച്, കോർപ്പറേറ്റ്വക ധനസഹായവും, കമ്പിളി വസ്ത്ര ങ്ങളും മറ്റ് ആവശ്യ വസ്തുക്കളും വിതരണം ചെയ്തു.

ദുരിത മേഖലയിലെ വീടുകൾ സന്ദർശിച്ച് അവരെ സമാശ്വസി പ്പിക്കുകയും വീട് വൃത്തിയാക്കുന്നതിലും മറ്റ് സഹായ പ്രവർത്തനങ്ങൾ നടത്തുന്നതിലും മുൻകൈ എടുത്ത വിദ്യാലയങ്ങളിലെ പ്രധാനാധ്യാ പകരേയും അധ്യാപകരേയും അനദ്ധ്യാപകരേയും അനുമോദിക്കുന്നു.

**സ്റ്റാഫ് സീനിയോരിറ്റി ലിസ്റ്റ്**

2017 വർഷത്തെ സ്റ്റാഫ് സീനിയോരിറ്റി ലിസ്റ്റ് പൂർത്തിയാക്കു ന്നതിന്റെ ഭാഗമായി കോർപ്പറേറ്റ് മാനേജറുടെ പ്രതിനിധികൾ കോർപ്പ റേറ്റിലെ എല്ലാ വിദ്യാലയങ്ങളും സന്ദർശിക്കുകയും, സീനിയോരിറ്റി ലിസ്റ്റിന്റെ പ്രവർത്തനം പൂർത്തിയാക്കുകയും ചെയ്തു. ഇതിനോട് സഹ കരിച്ച ഓരോ വിദ്യാലയങ്ങളിലെയും പ്രധാനാധ്യാപകരേയും അധ്യാ പകരേയും ഓഫീസ് സ്റ്റാഫിനെയും പ്രത്യേകം അഭിനന്ദനങ്ങൾ അറി യിക്കുന്നു.

**മോറൽ സയൻസിന്റെ പരീക്ഷ**

2018–2019 വർഷത്തെ മോറൽ സയൻസ് വാർഷിക പരീക്ഷ 2019 ജനുവരി 11 ന് നടത്തുന്നതായിരിക്കും. കെ.സി.ബി.സി നേരിട്ട് നട ത്തുന്ന പരീക്ഷയായതിനാൽ പ്രസ്തുത പരീക്ഷയിൽ മാറ്റം വരു ത്തുവാൻ പാടില്ല.

a) 1 മുതൽ 12 വരെ ക്ലാസ്സുകളിൽ 90 % ത്തിൽ കൂടുതൽ മാർക്ക് ലഭിച്ചവരുടെ പേപ്പറുകൾ ജനുവരി 15 ന് മുമ്പ് കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കേണ്ടതുമാണ്.

b) 1,2,3 ക്ലാസ്സുകളിൽ വാചാപരീക്ഷയാണ് നടത്തേണ്ടത്. എന്നാൽ ഇവരുടെ ചോദ്യപേപ്പറിൽ തന്നെ മാർക്ക് രേഖപ്പെടുത്തുകയും 90 % ത്തിൽ കൂടുതൽ മാർക്ക് ലഭിച്ചവരുടെ പേപ്പറുകൾ ജനുവരി 15 ന് മുമ്പ് കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കേണ്ടതുമാണ്.

c) 4 മുതൽ 12 വരെ ക്ലാസ്സുകളിൽ എഴുത്തു പരീക്ഷയാണ് നടത്തേണ്ടത്. ഇവരിൽ 90% ത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവ രുടെ ഉത്തരക്കടലാസുകൾ കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കേണ്ട തുമാണ്.

d) 1 മുതൽ 12 വരെ ക്ലാസ്സുകളിൽ 90% ത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്നവരുടെ ഉത്തരക്കടലാസുകൾ വീണ്ടും മൂല്യ നിർണ്ണയം

നടത്തി അർഹരായവർക്ക് ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച ആദ്യ മൂന്നു സ്ഥാനക്കാർക്ക് 2019 കോർപ്പറേറ്റ് സ്റ്റാഫ് കൺവെൻഷനിൽ വച്ച് ക്യാഷ് അവാർഡും അനുമോദന പത്രികയും നൽകുന്നതാണ്.

കെ.സി.ബി.സി.യുടെ നേതൃത്വത്തിൽ 4,7,10,12 ക്ലാസുകളിലെ കുട്ടികൾക്ക് സംസ്ഥാനതലത്തിൽ സ്കോളർഷിപ്പ് പരീക്ഷ 2019 ഫെബ്രുവരി 9 ന് വിവിധ മേഖലാ കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതും 1,2,3 സ്ഥാനക്കാർക്ക് യഥാക്രമം 5000, 3000, 2000 രൂപ വീതം കാഷ് അവാർഡ് നൽകുന്നതുമായിരിക്കും.

10–ാം ക്ലാസ്സിലെ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് കെ,സി,ബി.സി യുടെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ശേഷം 90% മാർക്കിന് മുക ളിൽ ലഭിക്കുന്ന എല്ലാ കുട്ടികൾക്കും 1000 രൂപ വീതം പ്രോത്സാഹന സമ്മാനം നൽകുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾ കോർപ്പറേറ്റ് ഓഫീഷ്യൽ വാട്സ് അപ്പ് ഗ്രൂപ്പിൽ കൊടുക്കേണ്ടതാണ്.

**ഫാ. ബിജു പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

**ദീപിക കുടുംബസംഗമം**

മണിമൂളി ഇടവകയിലെ ദീപിക വരിക്കാരായ കുടുംബങ്ങളുടെ സംഗമം നടത്തി. 2018 ഒക്ടോബർ 2 ന് വൈകുന്നേരം 5 മണിക്ക് നടന്ന സംഗമം മാനന്തവാടി രൂപത, നിലമ്പൂർ-മണിമൂളി റീജണൽ സിഞ്ചെലൂസ് ഫാ. ജോസ് മേച്ചേരി ഉദ്ഘാടനം ചെയ്തു. മണിമൂളി ഫൊറോനാ വികാരി റവ.ഫാ. കുര്യാക്കോസ് കുന്നത്ത് അദ്ധ്യക്ഷത വഹിച്ചു. ദീപിക വരിക്കാരിൽ ദാമ്പത്യത്തിന്റെ സുവർണ്ണജൂബിലി നിറവിലായിരുന്ന 5 ദമ്പതികളെ ആദരിച്ചു. 50 വയസിൽ താഴെ പ്രായമുള്ള നാലിൽ അധികം മക്കൾ ഉള്ളതുമായ ദമ്പതിമാരെയും കുടുംബാംഗങ്ങളെയും ആദരിച്ചു. സത്യം, നീതി, ധാർമ്മിക മൂല്യങ്ങൾ എന്നിവ ഉയർത്തിപിടിക്കുന്ന ദീപിക ദിനപത്രം യഥാർത്ഥ പത്രധർമ്മത്തിന്റെ നിറരൂപമാണെന്ന് നിലമ്പൂർ - മണിമൂളി മേഖലാ സിഞ്ചെല്ലൂസ് ഫാ. ജോസ് മേച്ചേരിൽ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ദീപിക കോഴിക്കോട് യൂണിറ്റ് റസിഡന്റ് മാനേജർ ഫാ. സായി പാറൻകുളങ്ങര ആമുഖ പ്രഭാഷണവും നടത്തി. മണിമൂളി ഫൊറോനാ ദേവാലയ അസി. വികാരി ഫാ. റ്റിബിൻ ചക്കുളത്തിൽ, ഡി.എഫ്.സി. യൂണിറ്റ് പ്രസിഡന്റ് ചാൾസ് പുതുപ്പള്ളിൽ, വനിതാ പ്രതിനിധി സിബിയാ സോജൻ, തോമസ് കുറ്റിക്കൽ എന്നിവർ പ്രസംഗിച്ചു. ഡി.എഫ്.സി. സംസ്ഥാന ജോയിന്റ് ഡയറക്ടർ ഫാ. ജിനോ പുന്നമറ്റം, പ്രൊഫസർ ചാക്കോ കാളംപറമ്പിൽ എന്നിവർ ക്ലാസെടുത്തു. എം.എ. വിറ്റാജ് നന്ദിപറഞ്ഞു.


**നേതൃത്വ പരിശീലന ക്യാമ്പ്**

ദീപിക ഫ്രണ്ട്സ്ക്ലബ് സംസ്ഥാനതല നേതൃത്വ പരിശീലന ക്യാമ്പ് 2018 ഒക്ടോബർ 23 ന് 10 മണിമുതൽ 24 ബുധൻ 1.30 വരെ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽവെച്ച് നടന്നു. കേരളത്തിലെ കത്തോലിക്കാസഭ ഇന്ന് നേരിടുന്ന വെല്ലുവിളികൾ, വിശ്വാസി സമൂഹത്തിന്റെ അതിജീവന പരിശ്രമങ്ങൾ, മാധ്യമങ്ങൾ സഭയുടെ ഒന്നിപ്പിനോ

ഭിന്നിപ്പിനോ? തുടങ്ങിയ വിഷയങ്ങൾ ക്യാമ്പിൽ ചർച്ച ചെയ്തു. കോതമംഗലം രൂപതയുടെ പിതാവ് മാർ ജോർജ് മഠത്തിപ്പറമ്പിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയും ദീപിക മാനേജിംഗ് ഡയറക്ടർ ഡോ. മാണി പുതിയിടം മുഖ്യപ്രഭാഷണം നടത്തുകയും ഡി.എഫ്.സി. സംസ്ഥാന ഡയറക്ടർ ഫാ. റോയി കണ്ണൻചിറ, ഫാ. ജിനോ പുന്നമറ്റത്തിൽ തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ദീപിക ഫ്രണ്ട്സ് ക്ലബ് സോൺ ഭാരവാഹികൾ ക്യാമ്പിൽ പങ്കെടുത്തു.

**ഫ്രാൻസീസ് പള്ളിയ്ക്കമ്യാലിൽ**
ഡി.എഫ്.സി. രൂപത സെക്രട്ടറി

# Pastoral Centre Programme



**November 2018**

| | | |
|---|---|---|
| 3 | - | Zion CRC |
| 4 | - | Department of Catechism |
| 6 | - | KCYM |
| 9 | - | Department of Youth Ministry |
| 10 | - | Pastoral Council |
| | - | Department of Youth Ministry |
| | - | Counseling |
| 11 | - | Department of Catechism |
| 12 | - | Marian Singles |
| 14- 17 | - | Marriage Preparation course |
| 18- 22 | - | Zion Retreat |
| 21 | - | KCYM, CML |

**Fr. Paul Vazhappilly**
Director, Pastoral Centre

# *Bishop's Programme*



***November 2018***

| | |
|---|---|
| *01 Thu 02 Fri ........* | *Out of Station* |
| *04 Sun ..................* | *Mount Mary College Benefactor's Day* |
| *05 Mon 06 Tue ........* | *Kannur: North Kerala Bishop's Meeting* |
| *07 Wed ..................* | *Silver Jubilee of Priests* |
| *09 Fri ....................* | *Out of Station* |
| *10 Sat ...................* | *Dwaraka: Pastoral Council* |
| *11 Sun ..................* | *Pulpally Town: Pastoral Visit* |
| *12 Mon .................* | *Visitor's Day* |
| *13 Tue ..................* | *Presbyteral Council: Bishop's House* |
| *14 Wed ..................* | *Deacon's Parents Meet: Bishop's House* |
| *15 Thu 16 Fri ........* | *Out of Station* |
| *17 Sat ..................* | *Chungakkunnu: Jubilee of Camillus Sisters* |
| *18 Sun ..................* | *Adikolly: Pastoral Visit* |
| *19 Mon .................* | *Dwaraka:Blessing of SH Old Age Home* |
| *20 Tue ..................* | *Kaniyaram: Jubilee* |
| *22 Thu ..................* | *Home Day: Mount Mary College* |
| *24 Sat 25 Sun ........* | *Out of Station* |
| *26 Mon ...............* | *Parent's Meet: Divine Providence Seminary* |
| *28 Wed .................* | *Deepthi Bhavan: FCC Synaxis* |
| *30 Fri ...................* | *Out of Station* |

***December 2018***

| | |
|---|---|
| *03 Mon 07 Fri ........* | *KCBC* |
| *08 Sat ......................* | *Concluding Ceremony of Youth Year* |
| *09 Sun .....................* | *Kallody: Foundation Stone laying for the Presbytery* |
| *10 Mon ...................* | *Finance Council & Consulter's Meet: Bishop's House* |
| *12 Wed ....................* | *Dwaraka: Priest's Conference* |
| *13 Thu Morning ......* | *Pachilakad: Jesuit House* |
| *...............* | *Blessing of the New Building of the Corporate Educational Agency* |
| *14 Fri 21 Fri ...........* | *Out of station* |
| *22 Sat ......................* | *Visitor's day* |
| *24 Mon ...................* | *Visitor's day* |
| *25 Tue ....................* | *Christmas* |
| *26 Wed ..................* | *Boy's Town: Priestly Ordination of Dn. Joseph Chackalackal* |
| *27 Thu ...................* | *Panavally: Priestly Ordination of Dn. Thomas Chavaranal* |
| *28 Fri .....................* | *Out of station* |
| *29 Sat .....................* | *Adikolly: Priestly Ordination of Dn. Varghese Kanipallil* |
| *30 Sun ...................* | *Nakappuzha* |
| *31Mon ...................* | *Vazhavatta: Priestly Ordination of Dn. Sebastian Thenpallil* |